പുസ്തകം 79
ലക്കം 3
മാർച്ച് 2007
അമാൻ 1386
സഫർ - റബീഉൽ അവ്വൽ 1428



**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)
കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 120 ക.
ഒറ്റപ്രതി - 12 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) 95495 (Land) } 6520733
ഫാക്സ് : **0495 - 2721609**
e-mail: sathyadoothan@ahmadiyya.com



**സ്ഥാപിതം**
**1925**


# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**


**4** *യുഗശബ്ദം*
**5** *മുഖക്കുറിപ്പ്*
**6** *സാത്വികരുടെ പ്രാർത്ഥന*
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**ലേഖനം**

**10** *നല്ല ആഹാരം - വിശുദ്ധ ഖുർആന്റെ മാർഗ്ഗദർശനം*
ഡോ. ലത്തീഫ് ഖുറേശി - FRCP
**14** *മതം, ദൈവം, ശാസ്ത്രം : ചില യുക്തിചിന്തകൾ*
അഹ്മദ് ശാഫി
**18** *സൂക്തനിഷേധത്താൽ ശിക്ഷിക്കപ്പെടുന്ന മുസ്‌ലിം ലോകം*
പി.എം. അബ്ദുല്ലാഹി മാസ്റ്റർ, കൊടിയത്തൂർ
**21** *യഅ്ജൂജ് മഅ്ജൂജിന്റെ വിളയാട്ടവും*
*മുസ്‌ലിം ലോകത്തിന്റെ ദയനീയ ചിത്രവും*
ഇ. അബ്ദുറഹിമാൻ കൊടിയത്തൂർ
**25** *കേരളത്തിന്റെ മാർത്തോമ്മാ പാരമ്പര്യം:*
*ഗവേഷകന്മാർ ഏറ്റെടുക്കേണ്ട ചരിത്രപ്രശ്നം*
ഏ.എം. മുഹമ്മദ് സലിം
**28** *കാന്തപുരത്തിന്റെ കറ്റുകെട്ട്*
മുഹമ്മദ് ഉമർ എച്ച്.എ.
**31** *ഇസ്രയേലിൽ നിന്നു വന്നവർ*
**33** *സഊദി അറേബ്യയും അഹ്മദികളും*
യഅ്ഖൂബ് അലി സാഹിബ് ഇർഫാനി (റ)
**35** *ഭീകര പരിവേഷത്തിന്റെ രണ്ടു പശ്ചാത്തലങ്ങൾ*
കെ.പി. അഹ്മദ്

**കുറിപ്പുകൾ**

**38** *കാന്തപുരം അബൂബക്കർ മുസ്‌ലിയാർക്ക് അഹ്മദിയ്യാ*
*മുസ്‌ലിം ജാഅത്തിന്റെ അഭിനന്ദനങ്ങൾ*
**39** *വീണ്ടും അമേരിക്കൻ താണ്ഡവം*
*വാർത്തകൾ*



Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

## ഖുർആനിൽ നിന്ന്

വിശ്വസിക്കുകയും അല്ലാഹുവിന്റെ സ്മരണ മൂലം മനഃസമാധാനം പ്രാപിക്കുകയും ചെയ്തവർ അവരത്രെ. അല്ലാഹുവിന്റെ സ്മരണ കൊണ്ട് മാത്രമേ മനഃസമാധാനം കൈവരികയുള്ളൂ.

വിശ്വസിക്കുകയും, സൽകർമ്മം അനുഷ്ഠിക്കുകയും ചെയ്തവരാരോ, അവർക്ക് സൗഭാഗ്യവും തിരിച്ച് ചെല്ലാനുള്ള ഏറ്റവും നല്ല സങ്കേതവുമുണ്ട്.


***(13:29;30).***

## നബിവചനം

'ഞാനെന്റെ ദാസനോട് പെരുമാറുന്നത് എന്നോടുള്ള അവന്റെ വിശ്വാസവും പ്രതീക്ഷയും അനുസരിച്ചാണ്. അതുകൊണ്ട് അവനെന്നെപ്പറ്റി അവനുദ്ദേശിച്ചവിധം പ്രതീക്ഷിച്ചുകൊള്ളട്ടെ.'

***(ബുഖാരി)***

**യുഗശബ്ദം**



# കൂറുകാട്ടുന്നവനെ കൈവെടിയാത്ത ദൈവം

**വാഗ്ദത്ത മസീഹ് (അ)**

ആ ദൈവം വളരെയധികം കൂറുകാട്ടുന്ന ദൈവമത്രെ. കൂറുകാട്ടുന്നവർക്കുവേണ്ടി അവന്റെ അത്ഭുതാവഹങ്ങളായ പ്രവൃത്തികൾ വെളിപ്പെടുമാറാകുന്നു. ലോകം അവരെ തിന്നുകളയാൻ ആഗ്രഹിക്കുന്നു. ഓരോ ശത്രുവും അവരുടെ നേരെ പല്ലിറുമ്മുന്നു. എന്നാൽ, അവരുടെ സ്നേഹിതനായിട്ടുള്ളവനുണ്ടല്ലോ, അവൻ എല്ലാ നാശവൃത്തങ്ങളിൽ നിന്നും അവരെ രക്ഷിക്കുന്നു. എല്ലാ രംഗങ്ങളിലും അവർക്ക് വിജയം നൽകി അനുഗ്രഹിക്കുകയും ചെയ്യുന്നു. ആ ദൈവത്തിന്റെ ആശ്രയം കൈവിടാത്തവൻ എത്ര മേൽ ഭാഗ്യപൂർണനൻ!

***(റൂഹാനീ ഖസായിൻ, വാല്യം 19, ഭാ 20; കിശ്ത്തീനൂഹ് ഭാ 22)***

മുഖക്കുറിപ്പ്

# ലോകസമാധാനം

*അല്ലാഹു സമാധാനത്തിന്റെ പ്രഭവകേന്ദ്രമത്രെ! (59:23)*

*മനുഷ്യവംശത്തെ സമാധാനഗേഹത്തിലേക്കാണ് അവൻ ക്ഷണിക്കുന്നത് (10:26).*

ലോകം ആഗോളഗ്രാമമായി മാറിക്കഴിഞ്ഞു. ലോകത്തിന്റെ ഏതുകോണിലുമുണ്ടാകുന്ന സമാധാന ഭംഗങ്ങളും പ്രശ്നങ്ങളും അയൽപക്കമെന്നപോലെ നമ്മെയും ബാധിക്കുന്നു. ശാസ്ത്രസാങ്കേതിക വളർച്ചക്കൊപ്പം പ്രശ്ന സങ്കീർണ്ണതയും സംഘർഷങ്ങളും ലോകത്ത് വർദ്ധിച്ചുവരികയാണ്. ലോകസ മാധാനത്തിനും സുരക്ഷക്കും വേണ്ടി സമർപ്പിക്കപ്പെട്ട ആഗോളസ്ഥാപനമായ ഐക്യരാഷ്ട്രസഭയുടെ നിഷ്ക്രിയത്വവും പരാജയവുമാണ് ഈ അവസരത്തിൽ ലോകത്തെ ആകുലതയിലാഴ്ത്തുന്നത്.

രണ്ടാം ലോകമഹായുദ്ധത്തിൽ അച്ചുതണ്ട് ശക്തികൾക്കെതിരെ പൊരുതി ജയിച്ച ഐക്യരാജ്യങ്ങ ളെ സൂചിപ്പിക്കുന്നതാണ് 'ഐക്യരാഷ്ട്രസഭ' എന്ന നാമം. അതായത് യുദ്ധത്തിൽ ജയിച്ച ജേതാക്കൾക്ക് വാഴാനുള്ള ആഗോള സ്ഥാപനം എന്ന ധ്വനി അതിനുണ്ട്. ആ പേര് നിർദ്ദേശിച്ചത് ലോകമഹായുദ്ധ ത്തിൽ ആറ്റംബോംബ് പ്രയോഗിച്ച അമേരിക്കയുടെ പ്രസിഡണ്ട് ഫ്റാങ്ക്ലിൻ ഡി. റൂസ്വെൽറ്റ് ആണ്. 1941 ആഗസ്റ്റ് 14ന് ന്യൂഫൗണ്ട്ലാന്റിലെ ഒരു യുദ്ധക്കപ്പലിൽ വെച്ച് റൂസ്വെൽറ്റും ബ്രിട്ടീഷ് പ്രധാനമന്ത്രി വിൽസൺ ചർച്ചിലും ചേർന്ന് ഒപ്പുവെച്ച അത്‌ലാന്തിക് ചാർട്ടറാണ് പിന്നീട് സോവ്യറ്റ് യൂണിയന്റെ കൂടി പങ്കാളിത്തത്തോടെ 1943ലെ ഐക്യരാഷ്ട്രസഭയുടെ രൂപീകരണത്തിലേക്ക് നയിച്ചത്. ആഗോള സമാധാന സ്ഥാപനമായ ഐക്യരാഷ്ട്ര സഭക്ക് യുദ്ധകപ്പലിൽ വെച്ചുള്ള ജനനം മറ്റൊരു ദുർനിമിത്തമാ കാം. ഏതായാലും ഐക്യരാഷ്ട്രസഭയെ നോക്കുകുത്തിയാക്കിനിർത്തിക്കൊണ്ട് പശ്ചിമേഷ്യയിൽ അമേ രിക്കയുടെ നേതൃത്വത്തിൽ യുദ്ധങ്ങളും നരവേട്ടയും അരങ്ങേറിക്കൊണ്ടിരിക്കുകയാണ്. ആഫ്രിക്കയിലെ വംശീയ യുദ്ധങ്ങൾക്കും കൊടുംപട്ടിണിക്കും ഐക്യരാഷ്ട്രസഭ മൂകസാക്ഷിയായി നിലകൊള്ളുന്നു. ഇപ്പോൾ ഇറാനെതിരെ ഐക്യരാഷ്ട്രസഭയുടെ ഉപജ്ഞാതാക്കളിലൊരാളായ അമേരിക്കതന്നെ വീണ്ടും പടയൊരുക്കം നടത്തുന്നു. ഇങ്ങനെ പോയാൽ മനുഷ്യവംശത്തിന്റെ ഭാവിയെന്താണ്?

ആദിയിൽ ദൈവം മനുഷ്യർക്ക് ഒരു ഖലീഫയെ നിശ്ചയിക്കാൻ തീരുമാനിച്ച വിവരം മലക്കുകളോട് പറഞ്ഞപ്പോൾ 'അവിടെ കുഴപ്പവും രക്തച്ചൊരിച്ചിലുമുണ്ടാക്കുന്നവരെ നീ നിശ്ചയിക്കുകയാണോ' എന്ന് പറഞ്ഞ് മലക്കുകൾ വിയോജിപ്പ് രേഖപ്പെടുത്തിയത് വിശുദ്ധ ഖുർആനിൽ അല്ലാഹു നമ്മോട് പറയു ന്നു. 'ആകാശത്തിലും ഭൂമിയിലുമുള്ള അദൃശ്യകാര്യങ്ങൾ എനിക്കറിയാം' എന്ന് പറഞ്ഞ് അല്ലാഹു തന്റെ ഉദ്ദേശ്യ നിർവ്വഹണത്തിനായി മനുഷ്യസമൂഹത്തിലെ ആദ്യ ദൈവപ്രതിനിധിയായി ആദമിനെ തിരഞ്ഞെടുക്കുകയായിരുന്നു. ആദി പിതാവായ ആദമിലൂടെ ഏതൊരു ലോകക്രമമാണോ ദൈവം ഉദ്ദേ ശിച്ചത് അത് നിറവേറാതെ പോകില്ല. തീർച്ചയായും ഒരു ആഗോള സമാധാനഗേഹം ഭൂമിയിൽ സ്ഥാപി തമാവേണ്ടതുണ്ട്. അതാണ് അഹ്മദിയ്യാ ഖിലാഫത്ത് വ്യവസ്ഥിതി. വളർന്നുകൊണ്ടിരിക്കുന്ന ഈ ആഗോ ളസ്ഥാപനം സമാധാനഗേഹത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നു. ഭാവിലോകത്തിന്റെ പ്രതീക്ഷയും ദൈവികേച്ഛയുടെ സാക്ഷാത്കാരവും അഹ്മദിയ്യാ ജമാഅത്താണ്.

●

ലേഖനം

# സാത്വികരുടെ പ്രാർഥന

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

### ശരണാർത്ഥിയെ ഒരിക്കലും ദൈവം കൈവെടിയുകയില്ല. വാഗ്ദത്ത മസീഹ് പ്രാർത്ഥനയെക്കുറിച്ച്

സത്യവിശ്വാസിക്ക് പ്രാർഥന അയാളുടെ സമീപത്തുള്ള ഒരു ശുദ്ധ ജല പ്രവാഹമാണ്. ആവശ്യാനുസരണം അത് നുകർന്ന് സംതൃപ്തനാകാവുന്നതാണ്. ജലം കൂടാതെ മത്സ്യത്തിന് അസ്തിത്വമില്ല. വിശ്വാസിയുടെ ജലം അയാളുടെ പ്രാർഥനയാണ്. അതില്ലാതെ നിലനിൽക്കുവാൻ അയാൾക്ക് കഴിയുകയില്ല.

പ്രാർഥനയ്ക്ക് ഏറ്റവും അനുയോജ്യമായ അവസരം നമസ്കാരമാണ്. നമസ്കാരത്തിലൂടെ ഒരു വിശ്വാസി സംതൃപ്തിയും സന്തോഷവും അനുഭവിച്ചാനന്ദിക്കുന്നു. ഒരു ദുർവൃത്തന്റെ ഏറ്റവും വലിയ ലൗകികാനന്ദം പോലും അതിന്നെതിരിൽ നിസ്സാരവും അവഗണനാർഹവുമാണ്. പ്രാർഥനയിലൂടെ ദൈവസാമീപ്യമെന്ന സമുന്നതമായ ലക്ഷ്യം കരഗതമാവുന്നു. പ്രാർഥനയിലൂടെ മനുഷ്യൻ ദൈവസവിധത്തിലെത്തുകയും ദൈവത്തെ തന്നിലേക്ക് ആകർഷിക്കുകയും ചെയ്യുന്നു. വിശ്വാസിയുടെ പ്രാർഥന ആത്മാർത്ഥനിർഭരമാവുകയും പാരത്രിക വേർപാട് (സ്വാർഥവും ലൗകികവുമായ കാര്യങ്ങളിൽ നിന്ന്) കൈവരിക്കാനാവുകയും ചെയ്യുമ്പോൾ ദൈവം അയാളിൽ അനുതപിക്കുകയും ദൈവം അയാളുടെ സംരക്ഷകനും സഹായകനുമായിത്തീരുകയും ചെയ്യുന്നു. (മൽഫൂസാത്ത് വാല്യം 7 പേ.59).

നമ്മുടെ ഒരേ ഒരാശ്രയം പ്രാർഥന മാത്രമാണ്. സകല കാര്യങ്ങൾക്കും നാം പ്രാർഥനയെ ആശ്രയിക്കുന്നു. വിജയപ്രാപ്തിക്കുള്ള വിശ്വാസിയുടെ ആയുധമാണ് പ്രാർഥന. വിശ്വാസിയുടെ പ്രാർഥനയ്ക്ക് സർവശക്തനായ ദൈവം വളരെയേറെ പ്രാധാന്യം നൽകിയിട്ടുണ്ട്. മാത്രമല്ല, വിശ്വാസിയുടെ പ്രാർഥനക്കായി അവൻ അത്യുൽസുകനായി പ്രതീക്ഷിക്കുകയും ചെയ്യുന്നു. അവന്റെ പ്രത്യേകാനുഗ്രഹങ്ങളിലൂടെ എന്റെ പ്രാർഥനകൾ അവൻ സ്വീകരിക്കുന്നു. ഏത് വിധമുള്ള അത്യാഹിതങ്ങളിൽ നിന്നും അസുഖങ്ങളിൽ നിന്നും ഒരാൾക്ക് പ്രാർഥനയിലൂടെ രക്ഷ പ്രാപിക്കാവുന്നതാണ്.

ഒരു പോലീസുദ്യോഗസ്ഥന്റെ കൈനഖത്തിനകത്ത് കടലാസ് പെൻസിൽ തുണ്ടം (പെൻസിൽ ലെഡ്) തുളച്ച് കയറിയ ഒരു സംഭവം പത്രത്തിൽ വായിക്കാനിടയായി. പെൻസിൽ ലെഡിൽ വിഷവസ്തു അടങ്ങിയിരിക്കുന്നുവെന്നത് ഒരു യാഥാർഥ്യമാണ്. അൽപസമയത്തിന് ശേഷം കൈ, നീരുവന്നു വീർക്കുവാൻ തുടങ്ങി. അധികം താമസിയാതെ ആ വീർപ്പ് കൈമുട്ട് വരെ എത്തി. ഡോക്ടർ കൈമുട്ട് വരെ മുറിച്ചുമാറ്റേണ്ടതാണെന്ന് നിർദ്ദേശിച്ചു. അല്ലാത്തപക്ഷം അത് ജീവഹാനിക്ക് കാരണമാകുമെന്നും മുന്നറിയിപ്പ് നൽകി. കൈ ഛേദിക്കപ്പെടുക എന്നത് അദ്ദേഹത്തിന് സമ്മതമായിരുന്നില്ല. ഇതേ തുടർന്ന് അധികസമയം കഴിയുന്നതിന് മുമ്പേ അയാൾ മൃതിയടയുകയും ചെയ്തു. എന്റെ വിരൽ നഖത്തിനകത്തും ഒരു പെൻസിൽ തുണ്ടം തറച്ച് നിൽക്കുവാനിടയായിരുന്നു. നടത്തത്തിനിടയിൽ എന്റെ കൈ വീർത്ത് വരുന്നതായി ഞാൻ ശ്രദ്ധിച്ചു. ഉടനെ പത്രത്തിൽ വായിച്ച ആ സംഭവം എനിക്ക് ഓർമ്മ വന്നു. ആ നിമിഷം മുതൽ ഞാൻ പ്രാർഥിക്കുവാൻ തുടങ്ങി. പ്രാർഥിച്ചുകൊണ്ടേയിരുന്നു. ഞാൻ വീട്ടിലെത്തിയപ്പോൾ യാതൊരടയാളവും അവശേഷിക്കാത്ത നിലയിൽ വീക്കം അപ്രത്യക്ഷമായിരുന്നു. ഞാനത് മറ്റുള്ളവർക്ക് കാണിച്ചുകൊടുത്തുകൊണ്ട് മുഴുസംഭവവും വിവരിച്ചുകൊടുക്കുകയുണ്ടായി.

മറ്റൊരവസരത്തിൽ എന്റെ പല്ലിന് കഠിനമായ വേദന തുടങ്ങി. ഞാനത് മറ്റുള്ളവരോട് പറഞ്ഞപ്പോൾ ആ പല്ല് എടുത്തുകളയണമെന്ന് അവർ ഉപദേശിച്ചു. പല്ല് എടുത്ത് കളയുവാൻ ഞാൻ ഇഷ്ടപ്പെട്ടില്ല. ഞാൻ പ്രാർഥിക്കാനാരംഭിച്ചു. ആ അവസരത്തിൽ "ഞാൻ രോഗിയായാൽ എനിക്കവൻ ശമനം നൽകുന്നു" (26:81) എന്ന ഖുർആനിക സൂക്തം വെളിപാടായി ലഭിക്കുകയും ചെയ്തു. അതിനുശേഷം രോഗം പൂർണമായും ശമിച്ചു. ആ സംഭവം കഴിഞ്ഞിട്ട് ഇപ്പോൾ പതിനഞ്ച് വർഷമായി. വിശ്വാസദൃഢതയോടൊപ്പം ഒരാൾ ഭൗതിക ഉപായങ്ങളെ വർജ്ജിക്കേണ്ടതുമാണ്. വിശ്വാസമുടലെടുത്ത്

അത് വർധിച്ച് പരിപൂർണത പ്രാപിക്കുന്തോറും ഒരാൾ ഭൗതികോപായങ്ങളുടെ ആശ്രയശീലം വെറുത്തു തുടങ്ങുന്നു. (മൽഫൂസാത്ത് വാല്യം 7. പേജ് 51-52).

പ്രാർഥനയുടെ ഫലം മറ്റൊന്നിലും ലഭ്യമല്ല. സാധാരണ ചെറിയ കാര്യങ്ങൾക്ക് പ്രാർഥിക്കുവാനുള്ള ഗഹനമായ വികാരവും പ്രേരണയും നൽകുവാനാകുന്നതല്ല. നിസ്സാരകാര്യങ്ങൾക്കായുള്ള പ്രാർഥനകൾ അനാദരവായി തോന്നിയേക്കാം. അത് കാരണം ക്ഷമ കൈക്കൊള്ളുവാനും മുതിർന്നേക്കാവുന്നതാണ്. എന്നാൽ, അത്യാപൽഘട്ടത്തിൽ പ്രാർഥനക്കുള്ള അതിഗഹനമായ വൈകാരിക പ്രചോദനവും മാനസികാവസ്ഥയും ഉടലെടുക്കുന്നതായി കാണാവുന്നതാണ്. അത്തരം സന്ദർഭങ്ങളിലാണ് അസാധാരണമായ ചില അടയാളങ്ങൾ പ്രത്യക്ഷപ്പെടുന്നത്.

ദൽഹിയിൽ ഒരു വിശുദ്ധനുണ്ടായിരുന്നു. എന്തോ ചില കാരണങ്ങളാൽ രാജാവിന് അദ്ദേഹത്തോട് വിരോധം ജനിച്ചു. ആ അവസരത്തിൽ രാജാവ് വിദേശയാത്രക്ക് പുറപ്പെടുകയായിരുന്നു. താൻ മടങ്ങിവന്നാൽ ഉടൻ ആ പുണ്യവാളനെ വധശിക്ഷക്ക് വിധേയനാക്കേണ്ടതാണെന്ന് ഉത്തരവിട്ടു. ഈ ഉത്തരവ് നടപ്പാക്കപ്പെടുന്നതാണെന്ന് പ്രതിജ്ഞയും ചെയ്തു. രാജാവ് മടങ്ങിയെത്താനുള്ള സമയമായി. വിശുദ്ധന്റെ അനുയായികൾ വളരെ ദുഃഖിതരായിത്തീർന്നു. രാജാവ് മടങ്ങിയെത്താനുള്ള സമയമായിരിക്കുന്നുവെന്ന് അദ്ദേഹത്തെ ഓർമിപ്പിക്കുകയും ചെയ്തു. അവരുടെ താൽപര്യ പ്രകടനത്തോട് വിശുദ്ധൻ പ്രതികരിച്ചത് ഇങ്ങനെയായിരുന്നു. “ഡൽഹി ഇനിയും വളരെ വിദൂരമാണ്” രാജാവ് പട്ടണകവാടത്തിലെത്തിയപ്പോൾ രാജാവ് കവാടത്തിൽ പ്രവേശിക്കുകയാണെന്ന് അനുയായികൾ പറഞ്ഞു. “ദൽഹി ഇനിയും വളരെ ദൂരെയാണ്” എന്നായിരുന്നു അപ്പോഴും ആ വിശുദ്ധന്റെ പ്രതികരണം. അധികം താമസിയാതെ, കവാടത്തിന്റെ വാതിൽപ്പലക തലയിൽ വീണ് രാജാവ് മരിച്ചിരിക്കുന്നുവെന്ന വാർത്തയാണ് അവർക്ക് കേൾക്കാൻ സാധിച്ചത്. നടക്കാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് അല്ലാഹു പുണ്യവാളന്മാർക്ക് അറിവ് നൽകുന്നുവെന്നാണ് ഇതിൽ നിന്ന് മനസ്സിലാവുന്നത്.

ശെയ്ഖ് നിസാമുദ്ദീനെക്കുറിച്ച് ഇതുപോലൊരു സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. കുപിതനായ രാജാവ് ഒരിക്കൽ ഒരാഴ്ചക്കുള്ളിൽ അദ്ദേഹത്തെ കർശനമായി ശിക്ഷിക്കേണ്ടതാണെന്ന് ഉത്തരവിട്ടു. ശിക്ഷ നടപ്പാക്കപ്പെടുന്ന ദിനം വന്നു. ശെയ്ഖ് നിസാമുദ്ദീൻ ആ അവസരത്തിൽ തന്റെ ശിഷ്യന്റെയരികിൽ സുഖസുഷുപ്തിയിലായിരുന്നു. തന്റെ യജമാനൻ ഇന്ന് ശിക്ഷിക്കപ്പെടുമല്ലോ എന്നോർത്ത് ശിഷ്യൻ ദുഃഖിതനായി. കണ്ണിൽ നിന്ന് കണ്ണുനീർ ഉറങ്ങിക്കിടക്കുന്ന ശെയ്ഖിന്റെ ദേഹത്ത് പതിച്ച് അദ്ദേഹം ഉണർന്നു. കണ്ണുനീരിന്റെ കാരണമെന്താണെന്ന് ശെയ്ഖ് ആരാഞ്ഞു. ഇന്ന് അദ്ദേഹത്തിന്റെ ശിക്ഷ നടപ്പാക്കുന്ന ദിനമാണെന്ന് അയാൾ ഓർമിപ്പിച്ചു. തന്റെ ശിഷ്യനോട് ദുഃഖിക്കേണ്ടതില്ലെന്ന് പറഞ്ഞ് അദ്ദേഹം കണ്ട ഒരു സ്വപ്നം വിവരിക്കുകയുണ്ടായി. കലിയിളകിയ പശു, തന്നെ കൊല്ലുവാൻ വരുമ്പോൾ താൻ അതിന്റെ കൊമ്പുകൾ പിടിച്ചുകൊണ്ട് അതിനെ നിലത്തടിച്ചതായി കണ്ടുവെന്നു പറഞ്ഞു. രാജാവ് അതേ ദിസം രോഗഗ്രസ്ഥനായിത്തീരുകയും പിന്നീട് അതേ രോഗം കാരണം മരണമടയുകയും ചെയ്തു. (മൽഫൂസാത്ത്).

നാം സംപ്രാപ്യമാക്കുവാനുദ്ദേശിക്കുന്ന സകല കാര്യങ്ങളും പ്രാർഥനയിലൂടെ മാത്രമേ നേടുവാൻ കഴിയുകയുള്ളൂ. പ്രാർഥനയിൽ മഹത്തായ ശക്തിയടങ്ങിയിരിക്കുന്നു.

മറ്റൊരു രാജ്യത്തെ ആക്രമിക്കുവാൻ പുറപ്പെട്ട ഒരു രാജാവ് വഴിയിൽ വെച്ച് തിരിച്ച് വന്ന ഒരു കഥ പറയപ്പെടുന്നുണ്ട്. വഴിമധ്യേ വിശുദ്ധനായ ഒരു ഫഖീർ രാജാവിന്റെ കുതിരയുടെ കടിഞ്ഞാൺ പിടിച്ച് നിർത്തിക്കൊണ്ട്, ഇനി മുന്നോട്ട് പോവരുതെന്നും മുമ്പോട്ട് നീങ്ങിയാൽ താൻ രാജാവിന്നെതിരിൽ യുദ്ധം ചെയ്യുമെന്നും പറഞ്ഞു. ഇതുകേട്ട് രാജാവ് അത്ഭുതപരതന്ത്രനായി അയാളോട് ചോദിച്ചു: “ജീവനോപായങ്ങൾക്ക് പോലും ക്ലേശിക്കുന്ന താങ്കൾ എന്നോടെങ്ങനെ യുദ്ധം ചെയ്യാനാണ്?” താങ്കൾക്കെതിരിലുള്ള എന്റെ ആയുധം പ്രഭാത പ്രാർഥനകളായിരിക്കുമെന്ന് ഫഖീർ ഉത്തരം നൽകി. ഇത്രയും ശ്രവിച്ചപ്പോൾ അതിനെ വെല്ലുവിളിക്കുവാൻ തനിക്കാവില്ലെന്ന് പറഞ്ഞു രാജാവ് മടങ്ങുകയാണ് ചെയ്തത്.

ദൈവം പ്രാർഥനക്ക് അതിമഹത്തായ ശക്തി നൽകിയിരിക്കുന്നു. ഏത് നേട്ടങ്ങളും പ്രാർഥനകളിലൂടെ മാത്രമേ ലഭ്യമാവുകയുള്ളൂവെന്ന് അല്ലാഹു പലപ്പോഴായി ദിവ്യവെളിപാടുകളിലൂടെ എന്നെ അറിയിച്ചു കൊണ്ടിരിക്കുന്നു. എന്റെ ആയുധം പ്രാർഥന മാത്രമാണ്. അതല്ലാതെ മറ്റൊരായുധവുമെനിക്കില്ല തന്നെ. ഞാൻ രഹസ്യമായി ചോദിക്കുന്നതെല്ലാം അല്ലാഹു പ്രത്യക്ഷീകരിക്കുന്നു. മുൻകാലങ്ങളിൽ പ്രവാചകന്മാരുടെ ശത്രുക്കൾ അവർ വഴി ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. നാം ബലഹീനരാണെന്ന് അല്ലാഹുവിന്നറിയാം. അതുകൊണ്ടാണ് നമ്മുടെ കാര്യങ്ങൾ അവൻതന്നെ ഏറ്റെടുത്തു ചെയ്യുന്നത്. ഇന്ന് ഇസ്‌ലാമിന് ഈ ഒരു മാർഗം മാത്രമേയുള്ളൂ. എന്നാൽ, മുല്ലാക്കൾക്കും പണ്ഡിതന്മാർക്കും ഇത് മനസ്സിലാക്കാൻ സാധിക്കുന്നില്ല. (മൽഫൂസാത്ത് വാല്യം 9 പേ. 27-28)

പ്രാർഥന അത്ഭുതാവഹവും വിചിത്രവുമായ ഒന്നാണ്. ഖേദകരമെന്നു പറയട്ടെ, പ്രാർഥനക്കുവേണ്ടി അപേക്ഷിച്ചുകൊണ്ടിരിക്കുന്നവരിൽ അധികംപേരും അത്തരം അപേക്ഷകൾക്ക് നിദാനമായ സുപ്രധാനമായ വ്യവസ്ഥകളെ സംബന്ധിച്ച് യാതൊരു ബോധവുമില്ലാത്തവരാണ്. മാത്രമല്ല, പ്രാർഥിക്കുന്നവർ പോലും പ്രാർഥനയെ സ്വീകാര്യതയിലേക്ക് നയിക്കുന്ന മാർഗങ്ങളെക്കുറിച്ച് അറിവില്ലാത്തവരുമാണ്.

യഥാർഥ പ്രാർഥനകളിൽ നിന്ന് മനുഷ്യൻ വളരെ അകന്നു പോയിരിക്കുന്നു എന്നതാണ് യാഥാർഥ്യം. പ്രാർഥനയുടെ പ്രയോഗക്ഷമത

പ്രാർഥന ഒരു വിത്ത് പാകുന്നതിന് തുല്യമാണ്. കർഷകൻ വിത്ത് മണ്ണിൽ നിക്ഷേപിക്കുന്നു. ആ സന്ദർഭത്തിൽ ഓരോ മണി വിത്തും ആരോഗ്യമുള്ള സസ്യമായിത്തീരുമെന്നും നല്ല വിള ലഭിക്കുമെന്നും ആർക്കാണ് ഊഹിക്കുവാൻ സാധിക്കുക? മണ്ണിന്നടിയിൽ ഓരോ ധാന്യമണിയും സസ്യരൂപം കൈക്കൊണ്ട് വളരുന്നത് ആർക്കും, കൃഷിക്കാരന് പോലും കാണുവാൻ സാധ്യമല്ല. അൽപദിവസത്തിനകം ധാന്യമണിക്ക് രൂപാന്തരം സംഭവിച്ച് സസ്യമായിത്തീർന്ന് സകലരും കാണുമാറ് അതിന്റെ മുള മണ്ണിന് മുകളിലേക്ക് വരുന്നു. വിത്ത് മണ്ണിൽ നിക്ഷേപിക്കപ്പെടുന്ന നിമിഷം മുതൽ അതൊരു സസ്യമായിത്തീരാനുള്ള രൂപമാറ്റ പ്രവർത്തനങ്ങൾ ആരംഭിക്കുന്നു. എന്നാൽ, കണ്ടു മനസ്സിലാക്കാൻ മാത്രം കഴിയുന്ന കണ്ണിന് മുള മണ്ണിന് മുകളിൽ എത്തുന്നതുവരെ അത് മനസ്സിലാക്കാൻ കഴിയുന്നില്ല. ആ അവസ്ഥയിൽ അറിവില്ലാത്ത ഒരു കുഞ്ഞ് അതിന്മേൽ പെട്ടെന്ന് ഫലങ്ങളുണ്ടായി കാണുവാൻ ആഗ്രഹിക്കുന്നു. എന്നാൽ, ബുദ്ധിമാനായ കർഷകന് അത് കായ്ക്കാൻ തുടങ്ങുന്ന കാലം നന്നായി അറിയാവുന്നതാണ്. അതിന്മേൽ ഫലങ്ങളുണ്ടായി പരിപക്വമാകുന്നതുവരെ അയാൾ ആ സസ്യത്തെ സ്ഥിരമായി പരിരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. പ്രാർഥനയുടെ സ്ഥിതിയും ഇതുതന്നെയാണ്. ഫലദായകമായിത്തീരാൻ പ്രാർഥനയും പരിപോഷിക്കപ്പെടേണ്ടതുണ്ട്.

ധൃതിപ്പെടുന്നവർ നിരാശരായിത്തീരുകയും കൈവിട്ട് കളയുകയും ചെയ്യുന്നു. കാലിടറാതെ ഉറച്ചു നിൽക്കുന്നവരും സ്ഥിരോത്സാഹികളും അവരുടെ ലക്ഷ്യത്തിൽ എത്തിച്ചേരുന്നു. പ്രാർഥനക്ക് പല ഘട്ടങ്ങളുമുണ്ട്. അവയെക്കുറിച്ചുള്ള അജ്ഞത അതിന്റെ ഫലപ്രാപ്തി തടയുമെന്നതും തികച്ചും ശരിയാണ്. അത്തരക്കാർ വ്യഗ്രത കാണിക്കുന്നവരും കാത്തിരിക്കാൻ സാധിക്കാത്തവരുമാണ്. എന്നാൽ, ദൈവികപ്രവർത്തനങ്ങൾ അനുക്രമമായി മാത്രമെ പ്രത്യക്ഷപ്പെടുകയുള്ളൂ. ഇന്ന് വിവാഹിതനായി നാളെ ഒരു കുഞ്ഞുണ്ടാവണമെന്നത് നടപ്പുള്ള കാര്യമല്ലല്ലോ. ദൈവം സർവശക്തനാണ്. അവനിച്ഛിക്കുന്നത് പ്രവർത്തിക്കുവാനുള്ള കഴിവും അവനുണ്ട്. എന്നാൽ, അവൻ നിശ്ചയിച്ച അവന്റെ പ്രകൃതിനിയമങ്ങളും വ്യവസ്ഥകളും പാലിക്കപ്പെടേണ്ടത് തികച്ചും അനിവാര്യവുമാണ്. സസ്യവളർച്ചപോലെ തന്നെ ഗർഭധാരണത്തിന്റെ ആദ്യഘട്ടത്തിലും ഒന്നും വ്യക്തമായിരിക്കയില്ല. നാല് മാസം വരെ ഒന്നും തീർച്ചപ്പെടുത്താനാവുകയുമില്ല. പിന്നീട് അത് അനുവപ്പെടുന്ന ഒരു നിമിഷം വന്നെത്തുന്നു. ഗർഭകാലം പൂർത്തീകരിക്കപ്പെട്ടാൽ വളരെയേറെ വേദനക്കും വിഷമതകൾക്കും ശേഷം കുഞ്ഞ് പിറക്കപ്പെടുന്നു. കുഞ്ഞിന്റെ പിറവി അമ്മയുടെയും ജനനമാണ്. പുരുഷന്, സ്ത്രീ ഗർഭകാലത്ത് അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെയും, ക്ലേശങ്ങളെയും വേദനയെയും കുറിച്ച് സങ്കൽപിക്കുവാൻ പോലും സാധ്യമല്ല. ഒരു കുഞ്ഞിന്റെ പിറവി അമ്മയെ സംബന്ധിച്ചിടത്തോളം ഒരു പുതുജീവിതമാണെന്നത് തികച്ചും പരമാർഥമാണ്. ഒരു കുഞ്ഞിന്റെ പിറവിയിൽ സന്തോഷിക്കുവാൻ അവർക്ക് മരണം സ്വീകരിക്കേണ്ടതായി വരുന്നു. അതുപോലെ ഒരു പ്രാർഥി ധൃതി ഉപേക്ഷിക്കുകയും ബുദ്ധിമുട്ടുകൾ സഹിക്കുകയും ചെയ്യേണ്ടതും പ്രാർഥന സ്വീകരിക്കപ്പെടുകയില്ലെന്ന് ഒരിക്കലും സങ്കൽപിക്കുവാൻ പാടില്ലാത്തതുമാണ്. അവസാനം പ്രാർഥനയുടെ ഫലം വെളിപ്പെട്ടുതുടങ്ങുമ്പോൾ പ്രാർഥനയുടെ ഉദ്ദേശ്യലക്ഷ്യമായ ശിശു ജനിക്കപ്പെടുന്നു. ഫലസിദ്ധി സാധ്യമാവുന്നതുവരെ പ്രാർഥന തുടരേണ്ടതാണ്. ഒരു സ്ഫടികക്കഷണത്തിന് (ലെൻസ്) അടിയിൽ വെക്കുന്ന തുണിയിന്മേൽ സൂര്യപ്രകാശം കേന്ദ്രീകരിക്കുന്നത് നിങ്ങൾ കണ്ടിരിക്കും. തുണിയിൽ പതിക്കുന്ന സൂര്യരശ്മിയിൽ നിന്നുള്ള താപം തുണിയുടെ ജ്വലനാങ്കം വരെ എത്തുമ്പോൾ തുണി ജ്വലിക്കുവാൻ തുടങ്ങുന്നു. അതുപോലെ പരാജയബോധത്തേയും മോഹഭംഗത്തേയും ജ്വലിപ്പിച്ച് ചാമ്പലാക്കുന്നതിനുള്ള ശക്തി ലഭ്യമാവുന്ന ഘട്ടംവരെ, അർഥിക്ക പോലും നിരസിക്കുന്നവരാണ് പലരും. മറ്റു ചിലർ അതിനെ പാടെ നിരസിക്കുന്നില്ലെങ്കിലും ആ വഴി സ്വീകരിക്കുന്നതിൽ അതീവ സങ്കുചിത ചിത്തരാണ്. സങ്കുചിത ചിത്തരുടെ നിലപാട്, പ്രാർഥനയെ പാടെ നിരസിക്കുന്നവരെക്കാൾ ഗൗരവാവഹമാണ്. കാരണം മനമില്ലാമനസ്സോടെ പ്രാർഥിക്കുന്നവർക്ക്, അവരുടെ പ്രാർഥന സ്വീകരിക്കപ്പെടാതെ വരുമ്പോൾ മോഹഭംഗവും കടുത്ത നിരാശയുമുണ്ടാകുന്നു. പ്രാർഥനയുടെ സ്വീകാര്യതക്കുള്ള മാർഗങ്ങളെക്കുറിച്ചുള്ള അജ്ഞതയാണ് അവരെ നിരാശയിലേക്ക് നയിക്കുന്നത്. അവരുടെ പ്രാർഥനകൾ യഥാർഥത്തിൽ പ്രാർഥന എന്ന പദത്തിന്റെ പൊരുളനുസരിച്ചുള്ളതല്ലതന്നെ. അവരുടെ മോശമായ ധാർമിക നിലവാരം പലരേയും നാസ്തികതയിലേക്കെത്തിക്കുകയും ചെയ്തിട്ടുണ്ട്.

ശരണാർഥിക്ക് ഒരിക്കലും പ്രാർഥനയിൽ മുഷിപ്പ് അനുഭവപ്പെടുകയും നിരാശനായിത്തീരുകയുമരുത് എന്നതാണ് പ്രാർഥനയുടെ പ്രഥമവ്യവസ്ഥ. ചിലപ്പോൾ സ്വീകരിക്കപ്പെടാനാവുന്നതുവരെ പ്രാർഥന തുടരുകയും പിന്നീട് മുഷിഞ്ഞ് പിന്മാറുകയും ചെയ്യുന്നതായി കാണുന്നു. നിരാശയും മോഹഭംഗവുമായിരിക്കും അതിന്റെ ഫലം. നിരാശ ദൈവനിഷേധത്തിൽ ചെന്നെത്തുന്നു. അത്തരം സന്ദർഭങ്ങളിൽ ജനങ്ങൾ, പ്രാർഥന സ്വീകരിക്കുന്ന ഒരു ദൈവമുണ്ടെങ്കിൽ എന്തുകൊണ്ടാണ് തങ്ങളുടെ പ്രാർഥനകൾ സ്വീകരിക്കപ്പെടാതിരുന്നതെന്ന് ചോദിക്കാറുണ്ട്. ഇത്തരം ചിന്താഗതിക്കാർ കാര്യസാധ്യംവരെ അവിരാമം പ്രവർത്തിക്കാതിരുന്നതാണ് ഇതിന് കാരണമെന്ന് യാദൃച്ഛികമായി മനസ്സിലാക്കുമ്പോൾ, തങ്ങളുടെ നിരാശക്കും മോഹഭംഗത്തിനും കാരണം തങ്ങളുടെ തന്നെ ധൃതിയും അക്ഷമയുമാണെന്നും അതിൽ നിന്നാണ് ദൈവത്തിന്റെ കഴിവിനെക്കുറിച്ച് അവമതിപ്പ് ഉടലെടുത്തതെന്നും മനസ്സിലാകുന്നതാണ്. പ്രാർഥനയിൽ നിന്ന് ഒരിക്കലും മുഷിഞ്ഞ് പിന്മാറാൻ പാടില്ലാത്തതാണ്.

പ്പെട്ട ഉദ്ദേശ്യലക്ഷ്യങ്ങളുടെ പൂർ ത്തീകരണ ഘട്ടംവരെ പ്രാർഥന തുടർ ന്ന് കൊണ്ടിരിക്കേണ്ടത് ആവശ്യമാണ്.

ഒരാൾ നീണ്ടകാലം പ്രാർഥനയിൽ മുഴുകിയാൽ മാത്രമെ ദൈവം ഫലം വെളിപ്പെടുത്തിത്തുടങ്ങുകയുള്ളൂ. എനിക്ക് മുമ്പേയുള്ള സാത്വികരായവരുടെ അനുഭവം പോലെതന്നെ എന്റെയും അനുഭവം ഇതുതന്നെയാണ്. ഒരു ദീർഘകാലം നിശ്ശബ്ദതയാണെങ്കിൽ വിജയസാദ്ധ്യതയുണ്ട്. ഒരു ശീഘ്രമറുപടിയാണ് ലഭിക്കുന്നതെങ്കിൽ കാര്യലബ്ധിക്കുള്ള സാധ്യത കുറവായിരിക്കും. ഒരു യാചകൻ പല പ്രാവശ്യം നിന്ദിക്കപ്പെട്ടിട്ടും അചഞ്ചലനായി താഴ്മയോടും ആത്മാർത്ഥതയോടും കൂടി യാചിച്ച് കൊണ്ടേയിരിക്കുന്നുവെങ്കിൽ ഒടുവിൽ വീട്ടുടമസ്ഥന് അയാളിൽ അലിവ് തോന്നി ഭിക്ഷക്കാരന് വല്ലതും നൽകുന്നതായിരിക്കും. ഒരു സാധാരണ യാചകന്റെ സ്ഥിരചിത്തത പോലും ഒരു പ്രാർഥിക്ക് ഉണ്ടാവുകയില്ലേ? പ്രതാപവാനും കാരുണ്യവാനുമായ ദൈവം തന്റെ വിനീതനായ അടിമ ദൈവത്തിന്റെ ഉമ്മറപ്പടിയിൽ സാഷ്ടാംഗപ്രണാമത്തിൽ ദീർഘനേരം വീണ് കിടന്ന് പ്രാർഥിക്കുന്നത് കാണുമ്പോൾ അവനൊരിക്കലും ആ അടിമയെ ഒരു തിക്തഫലപ്രാപ്തിയിലേക്ക് നയിക്കുകയില്ല. ഒരു ഗർഭിണി വളരെ അക്ഷമയായി നാലോ അഞ്ചോ മാസങ്ങൾ കഴിഞ്ഞ് കാലം തികയാതെ തന്നെ പ്രസവത്തിന്നുള്ള മരുന്നുകൾ സേവിക്കുന്നുവെങ്കിൽ ഒരിക്കലും ആ കുഞ്ഞ് ജനിക്കപ്പെടുകയില്ലെന്ന് മാത്രമല്ല, അവൾ കടുത്ത നൈരാശ്യത്തിലകപ്പെടുകയും ചെയ്യും. അതുപോലെ തന്റെ പ്രാർഥനയുടെ ഫലപ്രാപ്തിക്കായി അകാലധൃതി കാണിക്കുന്നവൻ നഷ്ടത്തിലകപ്പെടുന്നതാണ്. അയാളുടെ വിശ്വാസം സന്ദിഗ്ധാവസ്ഥയിലകപ്പെടുകയും ചെയ്യുന്നു. അത്തരം സന്ദർഭങ്ങളിൽ പലരും നാസ്തികന്മാരായിത്തീരുന്നു. ഞങ്ങളുടെ ഗ്രാമത്തിൽ ഒരാശാരിയുണ്ടായിരുന്നു. അയാളുടെ ഭാര്യ രോഗിണിയായി മരണമടയുകയുണ്ടായി. ദൈവമുണ്ടായിരുന്നുവെങ്കിൽ അവൻ അയാളുടെ എണ്ണമറ്റ പ്രാർഥനകൾ സ്വീകരിക്കുമായിരുന്നെന്നും തന്റെ ഭാര്യ മരണമടയുകയില്ലായിരുന്നു എന്നും പറഞ്ഞുകൊണ്ട്, അയാളൊരു നിരീശ്വര വിശ്വാസിയായിത്തീർന്നു. ഒരു സാത്വികൻ അയാളുടെ പ്രാർഥനകളിൽ കൂറും ആത്മാർത്ഥതയും പാലിക്കുമ്പോൾ അയാളുടെ വിശ്വാസം വർധിക്കുന്നു. അയാളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റപ്പെടുകയും ചെയ്യുന്നു. ഇഹലോക സമ്പത്തിന് സർവശക്തനായ ദൈവത്തിന്റെ ദൃഷ്ടിയിൽ എന്ത് മൂല്യമാണുള്ളത്? അവന് സകലതും സാധ്യമാണ്. അതുവരെ അറിയപ്പെട്ടിട്ടില്ലാതിരുന്ന ഒരു ജനതക്ക് (മുസ്ലിംകൾക്ക്) അവൻ സാമ്രാജ്യത്വ പരമാധികാരം നൽകി അനുഗ്രഹിച്ചതും അടിമകളെ രാജാക്കന്മാരാക്കിയതും വമ്പിച്ച സാമ്രാജ്യങ്ങൾ അവരുടെ ആജ്ഞാനുവർത്തികളായിത്തീർന്നതും നിങ്ങൾ കണ്ടിട്ടില്ലേ?

സാത്വികനായ ഒരുവൻ പൂർണമായും ദൈവത്തിന്റെ ആശ്രിതനായിത്തീരുമ്പോൾ ഉൽകൃഷ്ടജീവിതം നയിക്കുന്നതായിരിക്കും. അതേസമയം അയാൾ ആത്മാർത്ഥതയുള്ളവനും സ്ഥിരചിത്തതയുള്ളവനുമായിരിക്കേണ്ടതാണ്. ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്ന് ഹൃദയം ഒരിക്കലും വ്യതിചലിക്കരുത്. പ്രകടനാത്മക ഭാവമോ ശിർക്കിന്റെ അംശമോ (ദൈവത്തെക്കൂടാതെ മറ്റുള്ളവയെ ആരാധിക്കുവാനുള്ള വാസന) അൽപം പോലും ഉണ്ടാവുകയുമരുത്. ഇബ്റാഹിം നബി(അ)യെ അദ്ദേഹത്തിന്റെ ജനത്തിന്റെയും ദൈവികപ്രവാചകന്മാരുടെയും പൂർവ പിതാവാക്കിയത് എന്ത് കൊണ്ടായിരുന്നു? മാത്രമല്ല; അദ്ദേഹത്തിന്റെ മേൽ ദൈവം എണ്ണമറ്റ അനുഗ്രഹങ്ങൾ ചൊരിയുകയും ചെയ്തു. അദ്ദേഹത്തിന്റെ സാത്വികതയും ആത്മാർത്ഥതയും ഒന്ന് മാത്രമായിരുന്നു കാരണം. തന്റെ വംശപരമ്പരയിൽ നിന്ന് ഒരു പ്രവാചകനെ അറേബ്യയിൽ എഴുന്നേൽപ്പിക്കണമെന്ന് അദ്ദേഹം പ്രാർഥിച്ചിരുന്നു. ഈ പ്രാർഥന ഉടനെതന്നെ പൂർത്തീകരിക്കപ്പെട്ടിരുന്നുവോ? ഇല്ല. ഇബ്റാഹിം നബി(അ)ക്ക് ശേഷം ഒരു നീണ്ട കാലം ആരും ഈ പ്രാർഥനയെക്കുറിച്ച് ചിന്തിച്ചതേയില്ല. എന്നിട്ടും ഇസ്ലാമിന്റെ പരിശുദ്ധ പ്രവാചകന്റെ വരവോടെ ആ പ്രവചനം പൂർത്തിയാക്കപ്പെട്ടു. എത്ര മഹത്തരമായാണ് അത് പൂർത്തീകരിക്കപ്പെട്ടത്. (മൽഫൂസാത്ത് (വാല്യം 4 പേ. 415-420).

സർവശക്തനായ ദൈവത്തോട് ഒരു കാര്യം പ്രാർഥനയിലൂടെ യാചിച്ച് വാങ്ങുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. അതിന്റെ ശരിയായ പ്രകൃതത്തെക്കുറിച്ച് ആർക്കും ഒരറിവുമില്ല. ഞങ്ങൾ ഇന്നയിന്ന ആവശ്യങ്ങൾക്കായി ദൈവത്തോട് പ്രാർഥിച്ചു. പക്ഷേ ഞങ്ങളുടെ പ്രാർഥനകൾക്ക് യാതൊരു ഫലവും കിട്ടിയില്ല എന്നു പറഞ്ഞുകൊണ്ട് പലരും എനിക്ക് എഴുതുന്നുണ്ട്. അത്തരക്കാർ ദൈവത്തെക്കുറിച്ച് നിഷേധാത്മക ചിന്താഗതി വെച്ചു പുലർത്തുന്നവരാണ്. അവർ തങ്ങളുടെ സ്വന്തം നൈരാശ്യബോധം കാരണം നാശത്തെ അഭിമുഖീകരിക്കുന്നവരുമാണ്. മുറപ്രകാരമുള്ളതല്ലാത്ത പ്രാർഥനകൾ യാതൊരു ഫലവും ചെയ്യുന്നതല്ലെന്ന് അവർ മനസ്സിലാക്കുന്നില്ല.

ഉത്തമനായ ദൈവത്തിന്റെ കാൽക്കൽ വീണ് കിടന്നുകൊണ്ട് ഉള്ളിന്റെയുള്ളിൽ നിന്നുയരുന്ന തീവ്രമായ മാനസിക വ്യഥയോടും നീറുന്ന വേദനയോടുംകൂടി ഹൃദയം ഉരുകുകയും ആത്മാവ് ജലംപോലെ ഒഴുകുകയും ചെയ്യുന്ന അവസ്ഥയിൽ പ്രാർഥിക്കുക എന്നത് പ്രാർഥനയുടെ ഒരു അനിവാര്യഘടകമാണ്. മാത്രമല്ല, ഉടനടി ഫലപ്രാപ്തി ലഭ്യമാകുന്നതിനായി അക്ഷമനായിത്തീരുവാൻ പാടില്ലാത്തതാണ്. ക്ഷമയോടും സ്ഥിരചിത്തതയോടും കൂടി പ്രാർഥന നിലനിർത്തേണ്ടതുമാണ്. എങ്കിൽ മാത്രമേ പ്രാർഥന സ്വീകരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുവാനും പ്രത്യാശിക്കുവാനും കഴിയുകയുള്ളൂ. (മൽഫൂസാത്ത് വാല്യം 9. പേ. 109)

ലേഖനം

# നല്ല ആഹാരം - വിശുദ്ധ ഖുർആന്റെ മാർഗ്ഗദർശനം

**ഡോ. ലത്തീഫ് ഖുറേശി - FRCP**
എഡിൻബറോ, യു.കെ.

**നല്ലതു തിന്നുക കുടിക്കുക എന്നതിന്റെ പ്രാധാന്യം ശാരീരികമെന്ന പോലെ ആത്മീയമായും ബന്ധപ്പെട്ടതാണ്. ആരോഗ്യവും സന്തുലിത്വ വുമുള്ള ജീവിതം നിലനിർത്താൻ എന്താണ് ഭക്ഷിക്കേണ്ടത്, എന്ത് ഭക്ഷിച്ചുകൂടാ എന്ന കാര്യത്തിൽ വിശുദ്ധ ഖുർആൻ വളരെയധികം മാർഗ്ഗദർശനം നൽകുന്നുണ്ട്. ഈ വിഷയം ഈ ലേഖനത്തിൽ വിശദ മായി പരിശോധിക്കുന്നു.**

### ആഹാരത്തിന്റെ ഘടകങ്ങൾ

ശരീരത്തെ ആരോഗ്യത്തോടെ നിലനിർത്താൻ നല്ലതും സന്തുലിതവു മായ ആഹാരം സുപ്രധാനമാണ്. പ്രഥമ ഘടകം ദ്രാവകമാണ്, മുഖ്യ മായും ജലം. ശരീരത്തിന്റെ മർമ്മപ്ര ധാനമായ പ്രവർത്തനങ്ങൾക്ക് ഇത ത്യാവശ്യമാണ്. രണ്ടാമത്തെ പരിഗ ണന ആഹാരത്തിൽ നിന്നു ലഭിക്കുന്ന ഊർജ്ജമാണ്. അഥവാ താപമാത്രപ രമായ ആവശ്യങ്ങൾ. ഇവയാവട്ടെ പ്രായം, ലിംഗഭേദം, ഒരു വ്യക്തിയുടെ ശാരീരിക പ്രവർത്തനങ്ങളുടെ അളവ് എന്നിവയെ ആശ്രയിച്ചിരിക്കുന്നു. ഇവ ദിവസന്തോറും വ്യത്യസ്തമായേക്കും. ശരീരത്തിൽ നടക്കുന്ന ജീവിതാധാര മായ പ്രക്രിയകൾക്കാവശ്യമായ ഊർ ജ്ജം ലഭ്യമാക്കുന്നത് പ്രധാനമായും ഗ്ലൂക്കോസ് ആണ്. വിവിധതരം ധാന്യ ങ്ങൾ, പച്ചക്കറികൾ, പഴങ്ങൾ എന്നി വയിൽ കാണപ്പെടുന്ന സ്റ്റാർച്ച് അഥ വാ സങ്കീർണ്ണമായ കാർബോ ഹൈ ഡ്രേറ്റ് തന്മാത്രകളുടെ അപഗ്രഥനം മൂലമാണ് പ്രധാനമായും ഗ്ലൂക്കോസ് ലഭ്യമാവുന്നത്. ഗ്ലൂക്കോസ് ഓക്സിജ നോടൊപ്പം രക്തത്തിൽ കൂടി ശരീര ത്തിന്റെ എല്ലാ കോശവ്യൂഹങ്ങളി ലേക്കും നിരന്തരം പരിക്രമണം നട ത്തുകയും ദിവസം മുഴുവൻ ആവശ്യ മായ ഊർജ്ജം പ്രദാനം ചെയ്യുകയും ചെയ്യുന്നു. ശരീരോർജ്ജത്തിന്റെ ആവ ശ്യത്തിൽക്കവിഞ്ഞ ഭക്ഷണം കൊഴു പ്പുരൂപത്തിൽ ശരീരത്തിൽ സൂക്ഷിക്ക പ്പെടുന്നു. ശരീരത്തിലെ രാസപ്രവർ ത്തനങ്ങൾ നടക്കുമ്പോൾ, തൂക്കത്തി ന്റെ അടിസ്ഥാനത്തിൽ, കാർബോ ഹൈഡ്രേറ്റുകളെയും ഊർജ്ജം പ്രദാ നം ചെയ്യുന്ന വസ്തുക്കളേയും അപേ ക്ഷിച്ച് കൊഴുപ്പു നൽകുന്നത് ഇരട്ടി കലോറിയാണ്. അതിനാൽ, കുറഞ്ഞ തോതിൽ മാത്രമേ ഇത് ശരീരത്തിൽ സംഭരിക്കപ്പെടേണ്ടതുള്ളൂ. വളർച്ചാ പ്രക്രിയക്കും, തേയ്മാനം തീർക്കാനും പകരം വെയ്ക്കാനും പ്രോട്ടീൻ ആവ ശ്യമാണ്. പ്രോട്ടീൻ നിർമ്മിക്കാൻ മനു ഷ്യശരീരം പ്രാപ്തമാണെങ്കിലും അതി നാവശ്യമായ അമിനോ ആസിഡുകൾ വേണം. ചിലവ ശരീരത്തിനകത്തു തന്നെ നിർമ്മിക്കപ്പെടുന്നു. ചിലവ മാംസത്തിൽ നിന്നും പച്ചക്കറികളിൽ നിന്നും ലഭിക്കുന്നു, പ്രത്യേകിച്ചും പയർവർഗ്ഗങ്ങളിൽ നിന്നു ലഭിക്കുന്നു. പച്ചക്കറികളിൽ നിന്നും ലഭിക്കുന്ന പ്രോട്ടീനുകൾ മാത്രം ശരീരവളർച്ചക്ക് മതിയാവുന്നില്ല. ചില തരം അമിനോ ആസിഡുകൾ പച്ചക്കറികളിൽ നിന്ന് ലഭിക്കുന്നില്ല. അവ മൃഗ പ്രൊട്ടീനുക ളിൽ നിന്നാണ് ലഭ്യമാവുന്നത്.

നല്ല ആഹാരം ശരീരത്തിനാവശ്യ മായ ലവണങ്ങളും ഇലക്ട്രോലൈറ്റു കളും പ്രദാനം ചെയ്യുന്നു. എല്ലു കൾക്ക് ശക്തി നൽകുന്ന ഒരു ലവണ മാണ് കാൽസിയം. പാലിന്റെ രൂപ ത്തിൽ തുടക്കം മുതലേ അതാവശ്യ മാണ്. ശരീരത്തിൽ പ്രധാന പ്രവർത്ത

നങ്ങൾ നടത്തുന്ന ഒരു ലവണമാണ് ഇരുമ്പ്. ശരീരത്തിൽ ഇരുമ്പിന്റെ സംഭരണി തന്നെയുണ്ട്. ആഹാരത്തിൽക്കൂടി ഈ ഇരുമ്പ് സംഭരണി നിറയ്ക്കേണ്ടതുണ്ട്. ശരീരത്തിൽ വളരെ പ്രധാന കൃത്യങ്ങൾ നിർവ്വഹിക്കുന്ന സിങ്ക്, മഗ്നീഷ്യം, കോബാൾട്ട് എന്നീ ലവണങ്ങളുമുണ്ട്. മാംസവും പുത്തൻ പഴങ്ങളും പച്ചക്കറികളും ഇവയെ ശരീരത്തിന് പ്രദാനം ചെയ്യുന്നു. ശരീര ടിഷ്യു കോശങ്ങൾക്കുള്ളിലും പുറത്തും അനിവാര്യമായ ധർമ്മങ്ങൾ നിർവ്വഹിക്കുന്ന ഇലക്ട്രോലൈറ്റുകളാണ് സോഡിയവും പൊട്ടാസ്യവും. അവയുടെ കേന്ദ്രീകരണം ഒരു പ്രത്യേക പരിധിക്കുള്ളിൽ സ്ഥിരമായി നിലകൊള്ളുന്നു. വളരെ നല്ല ഈ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനാവശ്യമായ സങ്കീർണ്ണമായ ഒരു വ്യവസ്ഥയുണ്ട്. വൃക്കകളും ഉദരവും മറ്റും നിരവധി അവയവങ്ങളും ഇക്കാര്യത്തിൽ പ്രധാന പങ്കു വഹിക്കുന്നു. കറിയുപ്പും, പഴങ്ങളും പച്ചക്കറികളുമാണ് ഈ ഇലക്ട്രോലൈറ്റുകൾ ശരീരത്തിനു നൽകുന്നത്.

ജീവകങ്ങൾ (Vitamins) രണ്ടുവിധമുണ്ട്. ദീർഘകാല ഉപയോഗത്തിന് ശരീരത്തിൽ സംഭരിച്ചുവെക്കപ്പെടുന്ന ജീവകങ്ങൾ ഉണ്ട്. അവയെ കൊഴുപ്പിൽ ലയിക്കുന്ന ജീവകങ്ങൾ എന്നു പറയുന്നു. ഇവ പ്രധാനമായും ജീവകങ്ങൾ, എ, ഡി, കെ. എന്നിവയാണ്. പാൽ, മത്സ്യം, കരൾ, എണ്ണ എന്നിവയിൽ നിന്നാണ് ഇവ ലഭ്യമാവുന്നത്. ശരീരത്തിൽ പരിമിതമായി സംഭരിച്ചുവെക്കപ്പെടുന്നതിനാൽ പതിവായി നൽകപ്പെടേണ്ട മറ്റു ജീവകങ്ങളും ഉണ്ട്. ഇവയെ ജലത്തിൽ ലയിക്കുന്ന ജീവകങ്ങൾ എന്നു പറയുന്നു. ഏകദേശം പന്ത്രണ്ടോളം വരുന്ന ബി കോംപ്ലക്സ് ജീവകങ്ങളും ജീവകം 'സി'യുമാണിവ. പുത്തൻ പച്ചക്കറികളും പഴങ്ങളുമാണ് ഈ ജീവകങ്ങൾ നൽകുന്നത്.

ഔഷധഫലങ്ങൾ ഉള്ള ചില വസ്തുക്കളും ഭക്ഷണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ചായ, കാപ്പി, ആൾക്കഹോൾ ഇല്ലാത്ത കോളാപാനീയങ്ങൾ, ആൾക്കഹോളിക പാനീയങ്ങൾ, സിഗരറ്റ്, ചുരുട്ട്, പുകയിലയുടെ മറ്റുല്പന്നങ്ങൾ എന്നിവ നിരവധി രാജ്യങ്ങളിൽ ആഹാരത്തിന്റെ ഭാഗമായി ഉപയോഗിക്കപ്പെടുന്നു. ഇവ തലച്ചോറിനുമേൽ പ്രകടമായ ഫലങ്ങളുളവാക്കുന്നു. കഫയിനും, ചായയുടെ ഒരു ഘടകവും, കാപ്പിയും കോളാപാനീയങ്ങളും മനുഷ്യന്റെ തലച്ചോറിനെ ഉദ്ദീപിപ്പിക്കുന്നു. ഇവ തലച്ചോറിലുണ്ടാക്കുന്ന ഭേഷജ ഗുണങ്ങളുടെ ഫലമായി ഒരു ഉണർവ്വും ഉന്മേഷവും ഉണ്ടാവുന്നു. ഇതൊരു ശീലമാവുകയും ചിലർ അവയ്ക്കടിമപ്പെടുകയും ചെയ്യുന്നു. ആൾക്കഹോളിക് പാനീയങ്ങളുടെ ഒരു ഘടകമായ ഈതൈൽ ആൽക്കഹോൾ മനുഷ്യമസ്തിഷ്കത്തിന് നിമ്നാവസ്ഥയുണ്ടാക്കുന്നു. തുടക്കത്തിൽ ഇത് സുഖത്തിന്റെയും വിശ്രമത്തിന്റെയും പ്രതീതിയുളവാക്കുന്നു. തുടർന്ന് തലച്ചോറിന്റെ പ്രവർത്തനങ്ങൾ ക്രമരഹിതമാവുന്നു. പിന്നീട് അബോധാവസ്ഥയിലേക്കും മരണത്തിലേക്കുപോലും നയിക്കുന്നു. ഈതൈയിൽ ആൽക്കഹോൾ ശീലമുണ്ടാക്കുന്നതും അടിമപ്പെടുത്തുന്നതുമായ ഒരു വസ്തുവാണ്. അതിന്റെ വിഷമയമായ ദൂഷ്യഫലങ്ങൾ, കരൾ, ഹൃദയം, തലച്ചോറ്, നാഡീവ്യവസ്ഥയിലെ മറ്റുഭാഗങ്ങൾ എന്നിവയെ ബാധിക്കുന്നു.

പുകയിലയിൽ അടങ്ങിയ നിക്കോട്ടിൻ നാഡീവ്യവസ്ഥയിൽ സങ്കീർണ്ണമായ ഫലങ്ങളുണ്ടാക്കുന്നു. അത് ശീലമുണ്ടാക്കുന്നതും അടിമപ്പെടുത്തുന്നതുമാണ്. അർബ്ബുദം, ഹൃദ്രോഗം മുതലായവക്ക് കാരണമായ വിഷവസ്തുക്കളടങ്ങിയ രാസവസ്തുക്കൾ നിക്കോട്ടിനിൽ അടങ്ങിയിരിക്കുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്.

നാം കഴിക്കുന്ന ഭക്ഷണം മുഴുവൻ ദഹിക്കുന്നില്ല. എന്നാൽ, ഉദരത്തിൽ അത് മറ്റു ചില പ്രധാന ധർമ്മങ്ങൾ നിർവ്വഹിക്കുന്നു. നാരുകളും സെല്ലുലോസും അത്തരത്തിലുള്ളവയാണ്. അവ ധാന്യങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ, എന്നിവയിൽ കണ്ടുവരുന്നു. അവ ഭക്ഷണത്തിന്റെ അളവു കൂട്ടുകയും ഉദരത്തിൽ നിന്നും ചില വസ്തുക്കളെ, പ്രത്യേകിച്ചും പഞ്ചസാരയെ ആഗിരണം ചെയ്യുന്നതിനെ ദൃഢമാക്കാൻ സഹായിക്കുകയും ചെയ്യുന്നു.

പലപ്പോഴും നാം ഭക്ഷണത്തിൽ ചേർക്കുന്ന സുഗന്ധദ്രവ്യങ്ങൾ അതിനെ സ്വാദിഷ്ടമാക്കുന്നു. സവാള, വെള്ളുള്ളി, ഇഞ്ചി, പൊതീന, ചപ്പ്, ഗ്രാമ്പു, മല്ലി, ഏലക്കായ തുടങ്ങിയ സാധനങ്ങൾ കൂടുതൽ നല്ല മണം ഉണ്ടാവാൻ വേണ്ടിയാണ് നാം ചേർക്കുന്നത്. മത്സ്യം, സമുദ്രോല്പന്നങ്ങൾ എന്നിവയുടെ അരോചകമായ ഗന്ധം മറച്ചുവെക്കാനാണിവ ഉപയോഗിക്കപ്പെടുന്നത്. ചില വസ്തുക്കൾ നാം ചേർക്കുന്നത് നിറം നൽകുവാനാണ്. മഞ്ഞൾ, കുങ്കുമപ്പൂ, ചുകന്ന മുളക് എന്നിവ ഈ വിഭാഗത്തിൽപ്പെടുന്ന പ്രകൃതി വസ്തുക്കളാണ്. ഇപ്പോൾ സിന്തറ്റിക്ക് വസ്തുക്കളും ഉപയോഗത്തിലുണ്ട്. തേൻ, പഞ്ചസാര, ലാക്റ്റുലോസ് മുതലായവ മധുരത്തിനു വേണ്ടി നാം ഉപയോഗിക്കുന്നു. ഭക്ഷണസാധനങ്ങൾ സൂക്ഷിച്ചു വെക്കാനും ഇവ ഉപയോഗിക്കുന്നു. എന്നാൽ, ഭക്ഷ്യവ്യവസായത്തിൽ ഇപ്പോൾ മധുരത്തിനുവേണ്ടിയും ഭക്ഷണസാധനങ്ങൾ സൂക്ഷിച്ചുവെക്കുന്നതിനും പൊതുവിൽ നിരവധി രാസവസ്തുക്കൾ ഉപയോഗിക്കപ്പെടുന്നു.

### സന്തുലിതാഹാരം

ദോഷഫലങ്ങളുളവാക്കാതെ എല്ലാം അടങ്ങിയ ആഹാരത്തിനാണ് സന്തുലിതാഹാരം എന്നു പറയുന്നത്. ദിനേന ആവശ്യമുള്ള ദ്രാവകങ്ങൾ, ഊർജ്ജം, വിറ്റാമിനുകൾ, ലവണങ്ങൾ തുടങ്ങിയവയെല്ലാം സന്തുലിതാഹാരത്തിൽ അടങ്ങിയിരിക്കണം. ഓരോ മനുഷ്യനും അവന്റെ വയസ്സ്, ലിംഗഭേദം, ഉയരം, പ്രവർത്തനങ്ങൾ എന്നിവയ്ക്കനുസരിച്ചുള്ള ആവശ്യങ്ങൾ ഉണ്ട്. ഒരു നവജാത ശിശുവിന്റെ സന്തുലിതാഹാരം പ്രായപൂർത്തിയായ ഒരാളുടേതിൽ നിന്ന് വ്യത്യസ്തമായിരിക്കും.

ഒരു മുഴുസമയ തോട്ടക്കാരന്റെ ആവശ്യങ്ങളും ഒരു ഓഫീസ് ജോലിക്കാരന്റെ ആവശ്യങ്ങളും വ്യത്യസ്തമായിരിക്കും. ഗർഭിണിയുടെ ആവശ്യങ്ങൾ ഗർഭിണിയല്ലാത്ത സ്ത്രീയുടേതിൽ നിന്നും വ്യത്യസ്തമായിരിക്കും. ഒരു നവജാതശിശുവിന്റെ ഏറ്റവും അനുയോജ്യവും സന്തുലിതവുമായ ആഹാരം മുലപ്പാലാണ്. ദ്രാവകം, കലോറി, പ്രോട്ടീൻ, കാൽസിയം, മറ്റു ലവണങ്ങൾ, ചില ജീവകങ്ങൾ എല്ലാം മുലപ്പാലിൽ അടങ്ങിയിരിക്കുന്നു. സംരക്ഷണാർത്ഥമുള്ള പ്രൊട്ടീനുകൾ അമ്മയിൽ നിന്ന് ശിശുവിലേക്ക് മാറുന്നത് കാരണമായി ഉണ്ടാവുന്ന നിരവധി രോഗങ്ങളിൽ നിന്നും ശിശുവിനെ മുലപ്പാൽ സംരക്ഷിക്കുന്നു. അതിനാൽ ശിശുവിനെ സംബന്ധിച്ചേടത്തോളം ഇതാണ് ഏറ്റവും സന്തുലിതമായ ആഹാരം.

ഗർഭിണിയായ ഒരു സ്ത്രീയുടെ സന്തുലിതാഹാരം എന്നു പറയുമ്പോൾ ഗർഭപാത്രത്തിൽ വളരുന്ന ശിശുവിന്റെ ആവശ്യങ്ങളും പരിഗണിക്കണം. എന്നാൽ, അടിസ്ഥാനതത്വം മേൽ വിവരിച്ചതു തന്നെയാണ്. ശാരീരികമായ വർദ്ധിച്ച പ്രവർത്തനം വർദ്ധിച്ച രീതിയിലുള്ള ഗ്ലൂക്കോസു ഉപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതിന് ആരോഗ്യത്തെ സംബന്ധിച്ചേടത്തോളം ഗുണകരമായ ഫലങ്ങളുണ്ട്. പ്രവർത്തനങ്ങൾ വർദ്ധിക്കുമ്പോൾ കൂടുതൽ ഊർജ്ജം ആവശ്യമായി വരുന്നു. അതുകൊണ്ടാണ് ഭക്ഷണം ആവശ്യമായി വരുന്നത്.

കുട്ടികൾക്കും, മുതിർന്നവർക്കും ആണിനും പെണ്ണിനും വൃദ്ധർക്കും ഉള്ള സമീകൃതാഹാരത്തിൽ മായം ചേർക്കാത്ത ശുദ്ധമായ കുടിവെള്ളം ഉണ്ടായിരിക്കണം.

ഒരു വ്യക്തിയുടെ സാഹചര്യമനുസരിച്ച് മതിയായ കാർബോഹൈഡ്രേറ്റ്, കൊഴുപ്പ്, പ്രോട്ടീനുകൾ എന്നിവ മുഖേന കലോറി ആവശ്യങ്ങൾ നിറവേറ്റപ്പെടണം. പുത്തൻ പഴങ്ങളും പച്ചക്കറികളും പതിവായി ഭക്ഷിക്കണം. പാലിൽ ധാരാളം കാൽസിയവും പ്രൊട്ടീനുമുള്ളതിനാൽ കുട്ടികൾക്കും മുതിർന്നവർക്കും അത് വളരെ ഉപകാരപ്രദമാണ്. സമുദ്രോല്പന്നങ്ങളും മത്സ്യവും ധാരാളം പ്രൊട്ടീനുകളുടെയും ജീവകങ്ങളുടെയും എണ്ണകളുടെയും സ്രോതസ്സാണ്. നല്ല ആരോഗ്യം നിലനിർത്താൻ ഇവ ആവശ്യമാണ്. ഇത്തരം വസ്തുക്കൾ തന്നെ കുറഞ്ഞാലും വളരെ കൂടുതലായാലും ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നു. ഭേഷജഫലങ്ങളുണ്ടാക്കുന്ന വസ്തുക്കൾ ആരോഗ്യകരമായ ആഹാരത്തിന്റെ ഭാഗമാക്കരുത്. അതേപ്രകാരം സുഗന്ധദ്രവ്യങ്ങൾ, നിറം കൊടുക്കുന്ന വസ്തുക്കൾ, ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കാനുപയോഗിക്കുന്ന വസ്തുക്കൾ (Preservations) എന്നിവ വർജ്ജിക്കുന്നതാണ് നല്ലത്, ഔഷധപരമായ ആവശ്യത്തിനല്ലെങ്കിൽ. ആഹാരത്തെ സംബന്ധിച്ച വിശുദ്ധ ഖുർആന്റെ മാർഗ്ഗദർശനമെന്താണ്?

## കഴിക്കാവുന്ന ആഹാരം

ആഹാരത്തെ സംബന്ധിച്ച നിരവധി മാർഗ്ഗദർശനങ്ങൾ വി. ഖുർആനിലുണ്ട്. എന്താണ് നാം തിന്നേണ്ടത് എന്നതിനെക്കുറിച്ചുള്ള പ്രതിപാദനമാണ് പ്രധാനപ്പെട്ട ഒരു കാര്യം. ഇത് വിശുദ്ധ ഖുർആനിൽ നിരവധി സ്ഥലങ്ങളിൽ ആവർത്തിച്ചു പറഞ്ഞിരിക്കുന്നു.

താഴെ കൊടുത്ത സൂക്തം ഇത് വ്യക്തമായി വിവരിക്കുന്നു.

***മനുഷ്യരേ, ഭൂമിയിലുള്ളതിൽ നിന്ന് നിയമാനുസൃതവും ശുദ്ധവുമായത് നിങ്ങൾ ഭക്ഷിക്കുവീൻ (2:169).***

അറബിഭാഷയിൽ ഉപയോഗിച്ച പദം 'ത്വയ്യാബ്' അതായത് പരിശുദ്ധമായത്, നല്ലത് എന്നൊക്കെയാണ് അതിന്റെ അർത്ഥം. ആരോഗ്യകരം, വൃത്തിയുള്ളത്, ശുദ്ധമായത് എന്നൊക്കെ തർജ്ജമ നൽകാവുന്നതാണ്. ഇത് ആധുനിക ആരോഗ്യശാസ്ത്രത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു തത്വമാണ്. രോഗബീജങ്ങൾ സംക്രമിച്ച ദ്രാവകങ്ങൾ കുടിച്ചാൽ വളരെ ഗുരുതരമായ രോഗങ്ങൾ (കോളറ, ഡിസൻട്രി, ടൈഫോയിഡ്, ഹെപ്പറ്റൈറ്റിസ് എന്നിവ) ബാധിക്കുന്നു. വെള്ളത്തിലടങ്ങിയ രോഗാണുക്കൾ നശിപ്പിക്കാൻ ഇപ്പോൾ സംവിധാനമുണ്ട്. പാലിലെ രോഗാണുക്കളെ നശിപ്പിക്കാൻ അത് പാസ്ചറൈസ് ചെയ്യുന്നു. പഴുക്കാത്തതും, കേടുവന്നതുമായ പഴങ്ങളും പച്ചക്കറികളും നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. രോഗാണു ബാധിച്ച മാംസവും ക്രീമും ഭക്ഷണത്തെ വിഷമയമാക്കുന്നു. വിശുദ്ധ ഖുർആൻ നൽകുന്ന മാർഗ്ഗദർശനത്തിൽ ഈ സാധ്യതകളെയെല്ലാം പരിഗണിച്ചിരിക്കുന്നു.

***തങ്ങൾക്ക് (ഭക്ഷിക്കുന്നതിനായി) അനുവദിക്കപ്പെട്ടതെന്താണെന്ന് അവർ നിന്നോടു ചോദിക്കുന്നു. പറയുക, (എല്ലാ) പരിശുദ്ധ വസ്തുക്കളും നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു (5:5)***

'തയ്യിബത്ത്' എന്ന അറബിപദമാണ് വീണ്ടും ഉപയോഗിക്കപ്പെട്ടിരിക്കുന്നത്.

ശരീരത്തിന് ഏറ്റവും ആവശ്യമായ വെള്ളത്തിന്റെ പ്രാധാന്യം താഴെ പറയുന്നു:

***ജീവനുള്ള എല്ലാ വസ്തുക്കളേയും നാം വെള്ളത്തിൽ നിന്ന് ഉണ്ടാക്കുകയും ചെയ്തു (21:31)***

താഴെ പറയുന്ന സൂക്തത്തിൽ പാലിനെ പരിശുദ്ധമായ ആഹാരമായി വിവരിച്ചിരിക്കുന്നു.

***തീർച്ചയായും കന്നുകാലികളിലും നിങ്ങൾക്കൊരു പാഠമുണ്ട്. അവയുടെ വയറുകളിൽ ഉള്ളതിൽ നിന്ന് (ചാണകത്തിന്റേയും രക്തത്തിന്റേയും ഇടയിൽ നിന്ന്) ശുദ്ധവും കുടിക്കുന്നവർക്ക് രുചികരവുമായ പാൽ നാം നിങ്ങളെ കുടിപ്പിക്കുന്നു*** (16:67)

(12 -ാം പേജിൽ നിന്ന് തുടർച്ച)

കന്നുകാലികൾ ഭക്ഷിക്കുന്ന പുല്ലും പച്ചക്കറികളും എങ്ങനെയാണ് സ്വാദിഷ്ടവും പോഷകങ്ങളടങ്ങിയതുമായ പാലാക്കി മാറ്റുന്നതെന്ന് ഈ സൂക്തത്തിൽ വളരെ മനോഹരമായി വിവരിച്ചിരിക്കുന്നു. പാലിൽ പ്രോട്ടീനും, പഞ്ചസാരയും, കൊഴുപ്പും, കാൽസിയവും, ജീവകങ്ങളുമടങ്ങിയിരിക്കുന്നു.

ശിശുക്കൾക്കും, യുവാക്കൾക്കും, പാൽ നൽകേണ്ടതിന്റെ പ്രാധാന്യം താഴെ സൂക്തങ്ങളിൽ വിവരിച്ചിരിക്കുന്നു.

***മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്ന് നാം മനുഷ്യന്ന് താക്കീത് നൽകിയിരിക്കുന്നു. അവന്റെ മാതാവ് അവനെ പ്രയാസപ്പെട്ട് ഗർഭം ധരിക്കുകയും പ്രയാസപ്പെട്ടു അവനെ പ്രസവിക്കുകയും ചെയ്തു. അവനെ ഗർഭം ധരിക്കുന്നതിനും അവന്റെ മുലകുടി നിർത്തുന്നതിനും, (ചുരുങ്ങിയത്) മുപ്പതു മാസക്കാലമമെടുക്കുന്നു*** (46:16).

മുലപ്പാൽ രോഗാവിമുക്തമാണ്. ഉപയോഗിക്കുന്നതിനുമുമ്പേ അത് പാസ്ചറൈസ് ചെയ്യുകയോ തിളപ്പിക്കുകയോ ചെയ്യേണ്ടതില്ല. നവജാത ശിശുവിന്റെ ഉത്തമമായ ആഹാരമാണ് മുലപ്പാൽ. രോഗങ്ങളെ പ്രതിരോധിക്കാനുള്ള സംരക്ഷണവസ്തുക്കൾ പാലിൽ കൂടെ മാതാവിൽ നിന്നും ശിശുവിലേക്ക് മാറ്റപ്പെടുന്നു. പാലൂട്ടുന്നതിന് ഒരു ഫോർമുലയുള്ള കുറച്ചു കാലമുണ്ടായിരുന്നു. കൃത്രിമമായി പാലൂട്ടുന്ന രീതികളുമുണ്ടായിരുന്നു. എന്നാൽ, പിന്നീട് മുലപ്പാലിന്റെ പ്രാധാന്യം ശാസ്ത്രജ്ഞർ മനസ്സിലാക്കി. മാതാക്കൾ കുഞ്ഞുങ്ങളെ മുലയൂട്ടേണ്ട കാലത്തെപ്പറ്റിയും അതിന്റെ പ്രയോജനത്തെപ്പറ്റിയും വിശുദ്ധ ഖുർആൻ വിവരിക്കുന്നു. എന്നാൽ, വ്യക്തികളുടെ സാഹചര്യത്തെ ആശ്രയിച്ച് അതിൽ ഇളവുകൾ വെച്ചിരിക്കുന്നു.

***മാതാക്കൾ അവരുടെ ശിശുക്കൾക്ക് പൂർണ്ണമായും രണ്ടു വർഷം മുലകൊടുക്കേണ്ടതാണ്. (നിശ്ചിത കാലംവരെ) മുലയൂട്ടൽ പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നവർക്കത്രെ (ഈ വിധി) (2:234)*** (തുടരും)


(The Review of Religions Nov. 2006)

**വിവർത്തനം : കെ.വി.ഹസ്സൻകോയ**

## സന്താനങ്ങൾക്കിടയിൽ ഒരാൾക്ക് മാത്രം ദാനം നൽകരുത്

നുഅ്മാൻ (റ) നിവേദനം : എന്റെ പിതാവ് എനിക്കൊരു ദാനം ചെയ്തു. അന്നേരം എന്റെ മാതാവ് അംറ പറഞ്ഞു: 'നിങ്ങൾ തിരുമേനി(സ)യെ അറിയിച്ച് അഭിപ്രായമാരായുന്നതുവരെ ഞാൻ സമ്മതിക്കില്ല.' അപ്പോൾ അദ്ദേഹം തിരുമേനി(സ)യുടെ അടുക്കൽ പോയി പറഞ്ഞു:

'എനിക്ക് അംറയിലുള്ള എന്റെ മകന് ഞാൻ ഒരു ദാനം ചെയ്തു. എന്നാൽ ഇത് അങ്ങയെ അറിയിച്ച് അഭിപ്രായം ചോദിക്കണമെന്ന് അവളാവശ്യപ്പെട്ടിരിക്കയാണ്.' 'താങ്കളുടെ എല്ലാ മക്കൾക്കും ഇത് പോലെ ദാനം ചെയ്തിട്ടുണ്ടോ?' തിരുമേനി (സ) ചോദിച്ചു. 'ഇല്ല' അദ്ദേഹം മറുപടി പറഞ്ഞു. തിരുമേനി (സ) അരുളി: അല്ലാഹുവിനെ സൂക്ഷിക്കുക. വല്ലതും ദാനം ചെയ്യുമ്പോൾ സന്താനങ്ങൾക്കിടയിൽ സമത്വം പാലിക്കുക. ഉടനെ മടങ്ങി ചെന്ന് അദ്ദേഹം ദാനം പിൻവലിച്ചു. ***(നബിവചനം)***



ലേഖനം

# മതം, ദൈവം, ശാസ്ത്രം: ചില യുക്തിചിന്തകൾ

അഹ്മദ് ശാഫി

**പ്രപഞ്ച സത്യങ്ങൾ ദൈവസൃഷ്ടിയാണ്. അത് കണ്ടെത്താനുള്ള ശ്രമമാണ് ശാസ്ത്രം. പ്രപഞ്ച സത്യങ്ങൾക്കും, അത് കണ്ടെത്താനുള്ള ശ്രമങ്ങൾക്കും ശാസ്ത്രമെന്ന് വ്യവഹരിക്കപ്പെടാറുണ്ട്. ഇത് രണ്ടും നാം തിരിച്ചറിയണം. പ്രപഞ്ചസത്യം ദൈവകൃതമായതു കൊണ്ട് തെറ്റുപറ്റാറില്ല. അത് കണ്ടെത്താനുള്ള മനുഷ്യശ്രമം ചിലപ്പോൾ തെറ്റാറുണ്ട്.**

കൊണ്ടും കൊടുത്തും കൈകോർത്തും ചരിത്രത്തിലുടനീളം ചൈതന്യവത്തായി വളർന്നുവന്ന രണ്ട് സരണികളാണ് മതവും ശാസ് ത്രവും. പരസ്പരം പൂരകമാകേണ്ടവ പലപ്പോഴും വിരുദ്ധമായ രണ്ടു ചേരികളിൽ നിലയുറപ്പിച്ചു. മതനിയമങ്ങൾ പലപ്പോഴും ശാസ്ത്രത്തിനെതിരാവുന്നു. ശാസ്ത്രനിഗമനങ്ങൾ മതവിശ്വാസത്തെ ചോദ്യം ചെയ്യുന്നു. ഈ വൈരുദ്ധ്യങ്ങളും ഏറ്റുമുട്ടലുകളും എങ്ങനെയുണ്ടായി? തെറ്റു പറ്റിയതെവിടെയാണ്? മതവിശ്വാസങ്ങൾക്കോ അതോ ശാസ്ത്രനിഗമനങ്ങൾക്കോ? ഒരു യഥാർത്ഥ ദൈവവിശ്വാസിക്ക് ശാസ്ത്രത്തെ പൂർണ്ണമായും ഉൾക്കൊള്ളുവാനും അംഗീകരിക്കുവാനും സാധിക്കുമോ? ശാസ്ത്രത്തെ പിൻപറ്റുന്ന ഒരുവന് എപ്പോഴെങ്കിലും മതത്തെ തള്ളിപ്പറയേണ്ടതായി വരുമോ? ആത്യന്തികമായിട്ടുള്ള ഒരു ചോദ്യം; ഒരു മനുഷ്യന് ശാസ്ത്രസത്യങ്ങളെ അംഗീകരിക്കുന്നതിന് വിശ്വാസകാര്യത്തിൽ എന്തെങ്കിലും ഒരു നീക്കുപോക്ക് അല്ലെങ്കിൽ ഒരു വിട്ടുവീഴ്ച ആവശ്യമായി വരുമോ? ശാസ്ത്രം ദ്രുതഗതിയിൽ പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് പലരും ഉന്നയിച്ചേക്കാവുന്ന ഒരു ചോദ്യമാണിത്.

### അൽപം ചരിത്രം

16-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഇറ്റാലിയൻ ശാസ്ത്രജ്ഞനായ ഗലീലിയോയുടെ വെളിപ്പെടുത്തലുകൾ റോമൻ കത്തോലിക്കാ സഭയുടെ വെറുപ്പും ശത്രുതയും ക്ഷണിച്ചുവരുത്തി. അദ്ദേഹത്തെ വീട്ടുതടങ്കലിലാക്കി. സൂര്യനാണ് പ്രപഞ്ചത്തിന്റെ കേന്ദ്രമെന്നും ഭൂമി സൂര്യനെ വലംവച്ചുകൊണ്ടിരിക്കുന്നുവെന്നുമുള്ള കോപ്പർനിക്കസിന്റെ സൂര്യകേന്ദ്രസിദ്ധാന്തത്തിന്റെ ശക്തനായ വക്താവായിരുന്നു ഗലീലിയോ. സൂര്യകേന്ദ്രപ്രപഞ്ചസിദ്ധാന്തം ദൈവശാസ്ത്രത്തിനെതിരാണെന്നും ദൈവനിഷേധകമാണെന്നും സഭ വിധിച്ചു. ആയിരക്കണക്കിനു വർഷങ്ങളുടെ പരിണാമ പ്രക്രിയയിലൂടെ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടുവെന്ന ചാൾസ് ഡാർവിന്റെ പരിണാമ സിദ്ധാന്തത്തെ ഏഴുരാത്രിയും ഏഴുപകലും കൊണ്ട് പ്രപഞ്ചത്തെ സൃഷ്ടിച്ച് ആദം ഹവ്വ ദമ്പതികളെ വാർത്തെടുത്തുവെന്നു വിശ്വസിക്കുന്ന ക്രൈസ്തവലോകം തള്ളി പറഞ്ഞു. പരിണാമ സിദ്ധാന്തം അംഗീകരിക്കുമ്പോൾ തന്നെ പരിണാമപ്രക്രിയയുടെ ചാലകശക്തി ജീവികളുടെ അതിജീവനസമരവും പ്രകൃതിനിർദ്ദാരണവുമാണെന്ന് അദ്ദേഹം വിശ്വസിച്ചു. അതിനു പിന്നിൽ പ്രത്യേക ഉദ്ദേശ്യലക്ഷ്യങ്ങളേതുമില്ലെന്നുമുള്ള ഡാർവിൻ ആശയം വിവിധ ശാസ്ത്രമേഖലകളിലെ പുരോഗതിയും വെളിപ്പെടുത്തലുകളും ദൈവവിശ്വാസംതന്നെ അപ്രസക്തമാക്കുമോ എന്ന് ക്രിസ്തുസഭയും യാഥാസ്ഥിതികരായ മുസ്ലിം മതപുരോഹിത വർഗ്ഗവും വിശ്വസിച്ചു.

### ഇസ്ലാമിക പാത

മതവും ശാസ്ത്രവും ശരിയായ

രീതിയിൽ തിരിച്ചറിയുക എന്നതു മാത്രമാണ് ഈ ആശയക്കുഴപ്പത്തിൽ നിന്നുള്ള മോചനമാർഗ്ഗം. ശാസ്ത്രം എന്നത് അല്ലാഹുവിന്റെ സൃഷ്ടിപ്പിന്റെ നിയമങ്ങളാണ്. അതായത് ഈ പ്രപഞ്ചത്തിന്റെ നിലനില്പിന്ന് ഒരു ക്രമവും ചില അടിസ്ഥാന നിയമങ്ങളുമുണ്ട്. ആ നിയമത്തെപറ്റിയുള്ള അറിവാണ് ശാസ്ത്രം. ആ സത്യത്തിലേക്കുള്ള യാത്രയാണ് യഥാർത്ഥത്തിൽ ശാസ്ത്രജ്ഞന്മാർ നടത്തുന്നത്. എങ്കിൽപിന്നെ ശാസ് ത്രത്തിൽ മാറ്റിമറിച്ചിലുകൾ സംഭവിക്കുന്നതെങ്ങനെ? ശാസ്ത്രജ്ഞന്മാരുടെ നിഗമനങ്ങളും കണക്കുകൂട്ടലുകളും തെറ്റുമ്പോൾ ശാസ്ത്രത്തിനാണോ തെറ്റുപറ്റുന്നത്? അങ്ങനെയെങ്കിൽ തെറ്റുതിരുത്തൽ പ്രക്രിയകളിലൂടെയാണ് അല്ലാഹു ഈ പ്രപഞ്ചം നിലനിർത്തുന്നത് എന്നു പറയേണ്ടി വരും. അപ്പോൾ മനസ്സിലാക്കേണ്ടത്, ശാസ്ത്രം എന്നത് സത്യ മാണ്. സത്യമായത് മാത്രമാണ് യഥാർത്ഥ ശാസ്ത്രമാവുന്നത്. ശാസ്ത്രം എന്ന് സാധാരണ വ്യവഹരിക്കപ്പെടുന്നത് യഥാർത്ഥ ശാസ്ത്രവും ശാസ്ത്രജഞന്മാരുടെ നിഗമനവും, ഊഹങ്ങളുമെല്ലാം ചേർന്നതാണ്. തിരുത്തൽ പ്രക്രിയകളിലൂടെ സത്യത്തിലേക്ക് അഥവാ യഥാർത്ഥ ശാസ്ത്രത്തിലേക്ക് എത്തിചേരേണ്ടവയാണ് ശാസ്ത്രം. ഈ പ്രക്രിയയിൽ തെറ്റ് സ്വാഭാവികമാണ്. അരിസ്റ്റോട്ടിലിനും, ടോളമിക്കും ഡാർവിനും, ആൽക്കെമിസ്റ്റുകൾക്കും ഒക്കെ സംഭവിച്ചത് അതാണ്.

വിശുദ്ധ ഖുർആൻ 67:4ൽ പറയുന്നു *"പരമകാരുണികനായ അല്ലാഹുവിന്റെ സൃഷ്ടികർമ്മത്തിൽ ഒരു ക്രമക്കേടും നീ കാണുകയില്ല. നീ വീണ്ടും നോക്കുക വല്ല വിടവും കാണുന്നുണ്ടോ?"* (67:4) അപ്പോൾ അല്ലാഹു സൃഷ്ടിച്ച പ്രപഞ്ചവും ഖുർആനും യഥാർത്ഥ സത്യങ്ങളാണ്. അവ കണ്ടെത്തുന്നതിലും വ്യാഖ്യാനിക്കുന്നതിലും മനുഷ്യർക്ക് തെറ്റ് പറ്റാം.

ഈ പ്രപഞ്ചമുണ്ടായതിൽ തുടങ്ങി സർവ്വചരാചരങ്ങളുടേയും നിലനില്പിലും ചലനത്തിലും ഒരു പ്രത്യേക ക്രമം നിലനിൽക്കുന്നുണ്ട്. ഓരോ സൃഷ്ടിയിലും പ്രത്യേക സ്വഭാവഗുണങ്ങൾ ഉൾകൊള്ളുന്നുണ്ട്. ഓരോ സൃഷ്ടിപ്പിനു പിന്നിലും സ്പഷ്ടമായ ഉദ്ദേശ്യലക്ഷ്യങ്ങൾ ഉണ്ട്. അപ്പോൾ അത്യത്ഭുതകരമായിട്ടുള്ള ഈ പിഴവുറ്റ ഈ സംവിധാനത്തിനു പിന്നിൽ അതില്ലാത്ത ഒരു ശക്തി! ഒരു ബുദ്ധി കേന്ദ്രം ഉണ്ടെന്നതിലേക്ക് നമ്മെ നയിക്കുന്നു.

വിശുദ്ധ ഖുർആൻ അല്ലാഹു പറയുന്നു, *"സൂര്യന് ചന്ദ്രനെ എത്തിപ്പിടിക്കാനാവുകയില്ല. രാവു പകലിനെ മറികടക്കുന്നതുമല്ല. ഓരോന്നും ഓരോ സഞ്ചാരപഥത്തിൽ അനായാസം സഞ്ചരിച്ചുകൊണ്ടിരിക്കുന്നു."* (36:41) എല്ലാ ഗ്രഹങ്ങളും ഉപഗ്രഹങ്ങളും മറ്റ് ഖഗോള വസ്തുക്കളും ഒരു പ്രത്യേക ദിശയിൽ ഒരു നിശ്ചിത കേന്ദ്രത്തെ വലംവച്ചുകൊണ്ടിരിക്കുന്നു. ഭൂമിയിലെ സർവ്വചരാചരങ്ങളും ഭൂമിയുടെ കേന്ദ്രത്തിലേക്ക് ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. എല്ലാ പദാർത്ഥങ്ങളുടേയും അടിസ്ഥാന നിർമ്മാണ ഘടകമായ ആറ്റത്തിനുള്ളിൽ ഇലക്ട്രോണുകൾ ന്യൂക്ലിയസ്സിനു ചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്നു. ദിനരാത്രങ്ങളും ഋതുഭേദങ്ങളും സമയക്ലിപ്തതയോടെ ആവർത്തിക്കുന്നു. ജീവജാലങ്ങൾ പ്രത്യുൽപ്പാദനത്തിലൂടെ വംശവർദ്ധനവ് നടത്തുന്നു. പിറവി കൊണ്ടവയെല്ലാം മരണത്തിൽ ചെന്നവസാനിക്കുന്നു. അങ്ങനെ അനുസ്യൂതം തുടരുന്ന അസംഖ്യം പ്രതിഭാസങ്ങൾ. ഇത്തരം പ്രതിഭാസങ്ങളിലെ നിഗൂഢതകൾ ചുരുൾ നിവർത്തുന്നതിലൂടെയാണ് ശാസ്ത്രം വികാസം പ്രാപിച്ചത്. എന്നാൽ, കാര്യകാരണങ്ങൾ വെളിപ്പെടുന്നതോടുകൂടി എല്ലാ അത്ഭുതങ്ങളും അറിവായി മാറുന്നു. അങ്ങനെ മനുഷ്യൻ ദൈവനിഷേധത്തിന് മുതിരുന്നു. അല്ലെങ്കിൽ ദൈവം വെറും ആരാധ്യവസ്തുവായി മാറുന്നു. ദൈവം പ്രപഞ്ചപ്രതിഭാസങ്ങളിലെ സജീവവും അനുപേക്ഷണീയവുമായ ഒരു ശക്തിയല്ല എന്ന ഒരു ധാരണ സൃഷ്ടിക്കപ്പെടുന്നു.

ഭൂമി ഉണ്ടായതു മുതൽ ഗുരുത്വാകർഷണബലം നിലനിൽക്കുന്നു. ഇരുമ്പ്, ചെമ്പ് തുടങ്ങിയ ലോഹങ്ങൾ അവ ഉള്ളതു മുതൽ വൈദ്യുത ചാലകങ്ങളാണ്. ശബ്ദം ഒരിക്കലും ശൂന്യതയിലൂടെ സഞ്ചരിച്ചിട്ടില്ല. തോറിയവും യുറേനിയവും മുമ്പേതന്നെ ഊർജ്ജത്തിന്റെ വൻഉറവിടങ്ങളായിരുന്നു. അതായത് പ്രപഞ്ചരഹസ്യങ്ങളെ വെളിപ്പെടുത്തുന്നതിനും പദാർത്ഥങ്ങളുടെ സ്വഭാവഗുണങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും ശാസ്ത്രജ്ഞന്മാർ നിമിത്തങ്ങളാവുന്നു എന്നു മാത്രം. അതേസമയം പ്രപഞ്ചരഹസ്യങ്ങളെല്ലാം വെളിച്ചത്തുകൊണ്ടുവരിക എന്നത് മനുഷ്യർക്ക് അസാധ്യമത്രേ. വിശുദ്ധ ഖുർആൻ പറയുന്നു. *"ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാവും പകലും മാറി മാറി വരുന്നതിലും തീർച്ചയായും ബുദ്ധിമാന്മാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്."* (3:191) ആ ദൃഷ്ടാന്തങ്ങളിലേക്കുള്ള അന്വേഷണമാണ് വിശുദ്ധ ഖുർആൻ ആവശ്യപ്പെടുന്നത്.

ഊർജ്ജം പുതുതായി നിർമ്മിക്കുവാനോ നശിപ്പിക്കുവാനോ സാധ്യമല്ല എന്നും അവയ്ക്ക് രൂപമാറ്റം മാത്രമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്നുമുള്ള വിഖ്യാത ശാസ്ത്രജ്ഞൻ ആൽബർട്ട് ഐൻസ്റ്റീന്റെ കണ്ടെത്തൽ സ്വഭാവ രൂപമാറ്റങ്ങളിൽ കവിഞ്ഞൊരു സൃഷ്ടിപ്പിന് മനുഷ്യൻ അപ്രാപ്തനാണെന്നതിലേക്ക് ഒരു പ്രധാന തെളിവാണ്. സർവ്വചരാചരങ്ങളുടെയും ചാലക ശക്തിയായ ആ ഊർജ്ജ സ്രോതസ്സ് ഏതാണ്?

മുമ്പേ സൂചിപ്പിച്ചതുപോലെ ശാസ്ത്രത്തെ സംബന്ധിച്ച് യാഥാർത്ഥ്യം ഒന്നേയുള്ളൂ. അതേസമയം നിരീക്ഷണങ്ങളിലും നിഗമനങ്ങളിലും കണ്ടെത്തലുകളിലും പിഴവുകൾ സംഭവിച്ചേക്കാം. അത് മാനുഷികവുമാണ്. അല്ലാഹുവിന്റെ നിയമങ്ങൾ പിഴവുകൾക്കും ബാഹ്യമായ കൈകടത്തലുകൾക്കും വിധേയമല്ല. ഒരു പ്രപഞ്ചനിയമം ആവിഷ്കൃതമാവുന്നത് ഒരു

വ്യവസ്ഥക്കുള്ളിലാണ്. ആ വ്യവസ്ഥ മാറുമ്പോൾ ആ നിയമവും മാറുന്നു. അപ്പോൾ ശാസ്ത്ര നിരീക്ഷണങ്ങൾ തെറ്റുന്നു എന്നു തോന്നിതുടങ്ങുന്ന പല ഘട്ടങ്ങളിലും സംഭവിക്കുന്നത് പ്രപഞ്ചനിയമങ്ങളുടെ വ്യതിയാനമല്ല. മറിച്ച് അതിനു പാലിക്കേണ്ടുന്ന വ്യവസ്ഥകളുടെ വ്യതിചലനങ്ങളാണ്. ഉദാഹരണത്തിന്, ജലത്തിന്റെ തിളനില $100^0$C ആണെന്ന് തെളിയിക്കപ്പെട്ടതാണ്. ഒരു വേള $100^0$Cയിൽ ജലം തിളയ്ക്കാതെ വരുമ്പോൾ അതിന്റെ കാര്യകാരണങ്ങൾ അന്വേഷിക്കേണ്ടതായി വരും. ജലം ശുദ്ധമായിരിക്കണമെന്ന വ്യവസ്ഥ ഇവിടെ പാലിക്കപ്പെടുന്നില്ലെങ്കിൽ, അതിൽ മറ്റു ലവണങ്ങളുടെ സാന്നിദ്ധ്യം കണ്ടെത്തുന്നെങ്കിൽ മിശ്രിതങ്ങളുടെ തിളനില ജലത്തിന്റെ തിളനിലയെക്കാൾ കൂടുതലാണെന്ന ശാസ്ത്രസത്യത്തിലേക്ക് നാം എത്തിച്ചേരുന്നു.

പ്രപഞ്ചസൃഷ്ടിപ്പിൽ അല്ലാഹു ഒരുക്കിയിരിക്കുന്ന സംന്തുലനാവസ്ഥ ബാഹ്യമായ കൈകടത്തലുകളോട് പ്രകൃതി സഹജമായ രീതിയിൽതന്നെ പ്രതികരിക്കുന്നു, ശാസ്ത്രനിയമങ്ങൾ ഒന്നും ലംഘിക്കാതെ തന്നെ! വ്യവസായവത്കരണത്തിന്റെ ഭാഗമായി കാർബൺ ഡൈഓക് സൈഡ് പോലുള്ള വാതകങ്ങൾ അനിയന്ത്രിതമായി അന്തരീക്ഷത്തിൽ വ്യാപിച്ച് അങ്ങനെ ആഗോള താപനത്തിന് കാരണമാവുകയും ചെയ്തു. മഞ്ഞുമലകൾ ഉരുകി തുടങ്ങി, ജലനിരപ്പുയർന്നുവരുന്നു; പല ഭൂപ്രദേശങ്ങളും ആസന്ന മുങ്ങി മരണത്തെ കാണിക്കുകയാണ്. ക്രമം തെറ്റിയ ആഹാരരീതികൾ ആരോഗ്യ പരിപാലന കാര്യത്തിൽ വെല്ലുവിളികൾ ഉയർത്തിക്കഴിഞ്ഞു. അസംഖ്യം പുതിയ രോഗങ്ങളുടെ രൂപത്തിൽ. വനങ്ങൾ ശുഷ്ക്കിച്ചതോടെ ജലസ്ത്രോതസ്സുകൾ നേർത്തുപോയതിന് മറ്റുകാരണങ്ങൾ തേടേണ്ടതില്ല. അല്ലാഹുവിന്റെ സൃഷ്ടിപ്പിൽ ഒരു ന്യൂനതയും ദർശിക്കാൻ സാധ്യമല്ല. മനുഷ്യന്റെ വീഴ്ചകൾക്ക് അവൻ കനത്ത വില നൽകേണ്ടി വരുമ്പോൾ തോൽക്കുന്നത് ദൈവമോ ശാസ്ത്രമോ അല്ല.

## മാസപ്പിറവി - വിയോജിപ്പിന്റെ ആകാശകാഴ്ചകൾ

മാസപ്പിറവിയുടെ കാര്യത്തിൽ മുസ്ലിം സമുദായങ്ങൾക്കിടയിലുള്ള തർക്കങ്ങൾക്ക് ഇപ്പോൾ ആഗോള പരിവേഷം കൈവന്നിരിക്കുകയാണ്. വിശ്വാസവും ശാസ്ത്രവും തമ്മിലുള്ള ഏറ്റുമുട്ടലുകൾ തന്നെയാണ് ഇവിടെയും കാണുന്നത്. നഗ്നനേത്രങ്ങൾ കൊണ്ട് പിറവി ചന്ദ്രനെ കാണണമെന്ന നബിചര്യ എല്ലാ വിഭാഗങ്ങളും പിന്തുടരുമ്പോൾ തന്നെ ഖഗോളശാസ്ത്രത്തെ അംഗീകരിക്കുന്നതിലുള്ള ചില വിഭാഗങ്ങളുടെ വിമുഖതയാണ് ഈ വിഷയത്തിൽ സമുദായത്തെ രണ്ട് (രണ്ടോ മൂ ന്നോ?) തട്ടിലാക്കിയിരിക്കുന്നത്. ചന്ദ്രന്റെ പിറവിയും, വളർച്ചയും ക്ഷയവുമെല്ലാം ഒരു പ്രത്യേക സമയക്രമത്തിലാണെന്ന് ശാസ്ത്രം അംഗീകരിക്കുന്നവരും, നിരാകരിക്കുന്നവരും ശാസ്ത്രത്തെ കുറിച്ച് അജ്ഞരായവരും ഒരുപോലെ അംഗീകരിക്കുന്നു. റമസാൻ, ശവ്വാൽ മാസങ്ങളിൽ മാത്രം സംഭവിക്കുന്ന ഒരു പ്രതിഭാസമല്ല അത്.

അനുസ്യൂതം തുടരുന്ന ഈ ചാക്രിക പ്രക്രിയയുടെ സവിശേഷ സമയക്ലിപ്തതയാണ്. അതിന്റെ അടിസ്ഥാനത്തിൽ പിറവി ചന്ദ്രനെ കാണാൻ സാധ്യതയുള്ളതും ഒട്ടും സാധ്യത ഇല്ലാത്തതുമായ ദിനങ്ങൾ തീർച്ചയായും ഉണ്ടാവും. അമാവാസി കഴിഞ്ഞ് പിറക്കുന്ന ചന്ദ്രൻ ദൃഷ്ടിപഥത്തിലെത്തുന്നതിനുള്ള കാല ദൈർഘ്യം അതിന്റെ ഭ്രമണ ഗതി അനുസരിച്ചാണ്. ക്രമമായി ആവർ ത്തിക്കപ്പെടുന്ന ഏതൊരു പ്രവൃത്തിയും സമയബന്ധിതമാണല്ലോ. “അല്ലാഹു സർവ്വശക്തനാണ്. അവനുദ്ദേശിക്കുന്ന സമയത്ത് ചന്ദ്രനെ കാണിക്കാൻ പ്രാപ്തനല്ലേ?” എന്ന രീതിയിലുള്ള ചിന്താഗതിയാണ് പലർക്കും.

അങ്ങനെയെങ്കിൽ പിറവി ചന്ദ്രനെ ദർശിക്കാൻ 28 നോമ്പു പൂർത്തിയാകുന്നതുവരെ കാത്തിരിക്കേണ്ടുന്ന കാര്യമെന്താണ്? മാസ പിറവി കാ

ഞാൻ പടിഞ്ഞാറു ദിശയിലേക്ക് മാത്രം നോക്കിയാൽ മതിയാകില്ല. കിഴക്കുഭാഗത്തും ഉദിക്കാമല്ലോ? അതായത് ക്രമരഹിതമായ ഒരു സംവിധാനത്തിന്റെ നാഥനാണോ അല്ലാഹു? അത്തരം ഒരു സംവിധാനം അല്ലാഹുവിന്റെ ഏതു ഗുണവിശേഷണത്തെയാണ് സാധൂകരിക്കുന്നത്? അല്ലെങ്കിൽപ്പിന്നെ എല്ലാം യാദൃശ്ചികമാണെന്ന് പറയേണ്ടി വരും. യാദൃച്ഛികമായി സംഭവിക്കുന്നത് ഇത്ര കൃത്യതയോടെ ആവർത്തിക്കപ്പെടുന്നതെങ്ങനെ? അത് മറ്റു പ്രകൃതി പ്രതിഭാസങ്ങളുമായി പൊരുത്തക്കേടുകളില്ലാതെ മുന്നോട്ടുപോകുന്നത്, യാദൃച്ഛികമാണെന്നാണോ?

മാസപ്പിറവിയുടെ കാര്യത്തിൽ കണക്കുകളിലേക്ക് കൂടി തിരിയുമ്പോൾ നാം അല്ലാഹുവിൽ നിന്ന് പിൻതിരിയുകയല്ല ചെയ്യുന്നത്, മറിച്ച് ഈ പ്രപഞ്ചത്തിലെ സങ്കീർണ്ണതകളും സൃഷ്ടിപ്പിന്റെ പൂർണ്ണതയും തിരിച്ചറിയുകയാണ്.

## ഭൗതികജ്ഞാനവും ആത്മീയ വെളിച്ചവും

മനുഷ്യസമുദായത്തെ ആത്മീയ പ്രകാശം ചൊരിഞ്ഞ അല്ലാഹുവിലേക്ക് കൈപിടിച്ച് നടത്തുന്നവരാണല്ലോ പ്രവാചകന്മാർ. ദൈവഭാഷണത്തിലൂടെയാണ് അവർ ദൗത്യസജ്ജരും കർമ്മനിരതരുമാകുന്നത്. മനുഷ്യൻ ആത്മീയമായി ഔന്നത്യത്തിലെത്തുന്നത് ദൈവപ്രീതി കരഗതമാക്കുന്ന കർമ്മങ്ങളിലൂടെയാണ്. പ്രവാചകന്മാരാണ് അതിന് മാതൃകകളാകുന്നത്, വഴികാട്ടികളും.

ഈ പ്രപഞ്ച സൃഷ്ടിപ്പിന്റെ കാണാപ്പുറങ്ങളിലേക്ക് കാര്യകാരണങ്ങളന്വേഷിച്ചുള്ള യാത്രയാണ് ശാസ്ത്രലോകം നടത്തുന്നത്. ഭൗതിക വിജ്ഞാനത്തിന്റെ വിസ്മയലോകത്തേക്കുള്ള വാതായനങ്ങൾ തുറന്നിടുകയാണ് ശാസ്ത്രജ്ഞന്മാരുടെ ദൗത്യം. മനുഷ്യരുടെ പ്രയത്നങ്ങൾക്ക് പ്രതിഫലം നൽകുന്ന അല്ലാഹു ഭൗതികലോകത്തിലെ രഹസ്യങ്ങൾ ചുരുളഴിക്കാൻ യത്നിക്കുന്നവർക്ക്

കുറേശ്ശെയായി അത് വെളിപ്പെടുത്തി ക്കൊടുക്കുന്നു.

പ്രവാചകന്മാരെ തിരിച്ചറിഞ്ഞ് പിൻപറ്റുന്നവർ മാത്രം ദൈവസാമീപ്യം പ്രാപിക്കുമ്പോൾ ശാസ്ത്രലോകത്തിന്റെ നേട്ടങ്ങൾ വിശ്വാസികളും അവിശ്വാസികളും ദൈവനിഷേധികളും ഒരുപോലെ അനുഭവിക്കുന്നു. പ്രവാചകന്മാർ തങ്ങളുടെ ജനതയെ ശാശ്വതമായ പ്രതിഫലമുള്ള മറ്റൊരു ലോകത്തേക്ക് നയിക്കുമ്പോൾ ശാസ്ത്രലോകത്തിന്റെ നേട്ടങ്ങൾ നശ്വരമായ ഈ ലോകത്ത് മാത്രം ഒതുങ്ങി നിൽക്കുന്നു.

## ചരിത്രം പറയുന്നത്...

തെറ്റായ ദൈവ, ശാസ്ത്ര സങ്കൽപ്പങ്ങളുടെ ഏടുകൾ പരിശോധിക്കുമ്പോൾ ചരിത്രത്തിൽ പൗരോഹിത്യ പീഢനത്തിനിരയായ ശാസ്ത്രജ്ഞരിൽ പ്രമുഖനായ ഗലീലിയോയുടെ നാമം പ്രത്യേകം പരാമർശമർഹിക്കുന്നു. പരിമിത വലുപ്പമുള്ള ഗോളസമാനമായ ഒന്നാണ് പ്രപഞ്ചമെന്നും അതിന്റെ കേന്ദ്രം ഭൂമിയാണെന്നുമുള്ള അരിസ്റ്റോട്ടിലിന്റെ സിദ്ധാന്തത്തെ അംഗീകരിച്ച, കത്തോലിക്കാ സഭ, പ്രപഞ്ചത്തിന്റെ കേന്ദ്രം സൂര്യനാണെന്നും ഭൂമി സൂര്യനു ചുറ്റും വലം വെക്കുന്നുവെന്നുമുള്ള ഗലീലിയൻ ആശയത്തെ നഖശിഖാന്തം എതിർത്തു. ഭൂമി ചലിച്ചുകൊണ്ടിരിക്കുന്നു എന്ന വിശ്വാസം തന്നെ ദൈവനിഷേധമാണെന്ന് വിധിച്ചു. ശാസ്ത്ര നിരീക്ഷണങ്ങളിൽ ബൈബിൾ വചനങ്ങളെ കൂട്ടിച്ചേർക്കുന്നതിലുള്ള അസാംഗത്യത്തെ കുറിച്ച് അദ്ദേഹം ഒരു തുറന്ന കത്തെഴുതി. വൈജ്ഞാനിക മേഖലയിലെ പുരോഗതിക്കനുഗുണമായി ബൈബിൾ വ്യാഖ്യാനങ്ങൾ ഉപയുക്തമാക്കണമെന്നും ശാസ്ത്രനിലപാടുകൾ ഒരിക്കലും റോമൻ കത്തോലിക്കാ വിശ്വാസത്തിന്റെ ഭാഗമാക്കരുതെന്നും അദ്ദേഹം അതിൽ ആവശ്യപ്പെട്ടു. ഒടുവിൽ ഗലീലിയോ വീട്ടുതടങ്കലിലടക്കപ്പെട്ടു. നൂറ്റാണ്ടുകൾക്ക് ശേഷം 1979ൽ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ഗലീലിയോക്കെതിരായ ശിക്ഷാ നടപടികളെ കുറിച്ച് പുനരന്വേഷണം ആവശ്യപ്പെട്ടു. 1992 ഒക്ടോബറിൽ ഗലീലിയോ സംഭവത്തിൽ സഭയുടെ വീഴ്ച അംഗീകരിക്കുകയും വത്തിക്കാൻ കുറ്റസമ്മതം നടത്തുകയും ചെയ്തു.

അരിസ്റ്റോട്ടിലിന്റെ നാച്ച്വറൽ ഫിലോസഫിയിൽ നിന്ന് ലോകം ഐസക് ന്യൂട്ടന്റെ മെക്കാനിക്കൽ ഫിലോസഫിയിലേക്ക് എത്തിയപ്പോഴേക്കും ശാസ്ത്രലോകത്ത് മാത്രമല്ല, മതലോകത്തും പ്രത്യേകിച്ച് ക്രൈസ്തവ യൂറോപ്പിൽ അത് കാതലായ ചില മാറ്റങ്ങൾക്ക് വഴിവെച്ചു. യൂറോപ്പിൽ അന്നേവരെ കേട്ടു പരിചയമില്ലാതിരുന്ന നിരീശ്വരവാദത്തിന് വേരോട്ടമുണ്ടായി. ആധുനിക ശാസ്ത്രത്തിന്റെ വളർച്ചക്ക് വഴിത്തിരിവായതും ന്യൂട്ടന്റെ മെക്കാനിക്കൽ ഫിലോസഫിയാണ്. തന്റെ പുതിയ കണ്ടുപിടിത്തങ്ങളിലൂടെ പ്രപഞ്ചസൃഷ്ടിക്കു പിന്നിലെ ബൗദ്ധിക സാന്നിദ്ധ്യത്തെ ലോകത്തിനു മുന്നിൽ വിവരിക്കാൻ ഒരു ദൈവവിശ്വാസിയായിരുന്ന ന്യൂട്ടൻ ശ്രമിച്ചു. എന്നാൽ വിരോധാഭാസമെന്നോ ദൗർഭാഗ്യമെന്നോ പറയട്ടെ, അദ്ദേഹത്തിന്റെ അതേ സിദ്ധാന്തങ്ങൾ തന്നെയാണ് ദൈവനിഷേധത്തിന് തെളിവായി നിരീശ്വരവാദത്തിന്റെ വക്താക്കളും ഉയർത്തിക്കാട്ടിയത്. പ്രപഞ്ചത്തിലെ സകല പ്രതിഭാസങ്ങൾക്കും കാര്യകാരണങ്ങൾ ഉണ്ടെന്നിരിക്കെ ഒരദൃശ്യ ശക്തിയുടെ അത്ഭുത സാന്നിധ്യത്തിന്റെ ആവശ്യകത യുക്തിക്കു നിരക്കാത്തതാണെന്നവർ വാദിച്ചു.

ശാസ്ത്ര സാങ്കേതിക മേഖലയിലെ മുന്നേറ്റത്തിലൂടെ പ്രപഞ്ച രഹസ്യങ്ങൾ ചുരുളഴിക്കപ്പെടുമ്പോൾ ദൈവത്തിന്റെ സൃഷ്ടി മാഹാത്മ്യം നിസ്സാരവൽക്കരിക്കപ്പെട്ടേക്കുമോ എന്ന് യാഥാസ്ഥിതികരായ മുസ്‌ലിം ലോകവും ക്രൈസ്തവ സഭകളും ഒരുപോലെ ഭയപ്പെട്ടു. അത്തരം പഠനങ്ങളെ അവർ നിരുത്സാഹപ്പെടുത്തി. യുക്തിവാദത്തിനും നിരീശ്വരവാദത്തിനും വളമായത് മതമേധാവികളുടെ ഇത്തരം ഇടുങ്ങിയ പിന്തിരിപ്പൻ സമീപനമായിരുന്നു. 17-ാം നൂറ്റാണ്ടായപ്പോഴേക്കും കത്തോലിക്കാ സഭകളുടെ അമിത നിയന്ത്രണത്തിൽ നിന്നും മോചിതമായ ശാസ്ത്ര രംഗം യൂറോപ്പിൽ അഭൂതപൂർവ്വമായ മുന്നേറ്റം നടത്തി.

## ശാസ്ത്രം ഇസ്‌ലാമിക രാജ്യങ്ങളിൽ

മധ്യകാലഘട്ടത്തിൽ തന്നെ ശാസ്ത്രരംഗത്ത് നേട്ടങ്ങൾ കൈവരിച്ച ഇസ്‌ലാമിക രാജ്യങ്ങൾ പിന്നീട് യൂറോപ്യൻ രാജ്യങ്ങളാൽ പിൻതള്ളപ്പെടുന്ന കാഴ്ചയാണ് നാം കണ്ടത്. മധ്യകാലഘട്ടത്തിൽ സ്പെയിൻ വരെ വ്യാപിച്ചു കിടന്ന ഇസ്‌ലാമികരാജ്യങ്ങൾ എണ്ണപ്പെട്ട ശാസ്ത്രനേട്ടങ്ങൾക്ക് പേരെടുത്തവയായിരുന്നു. ഗണിത, ഖഗോള ശാസ്ത്ര മേഖലകളിൽ അവർ മുന്നേറി. ആൾജിബ്ര എന്ന പേരു തന്നെ 'അൽ-ജബർ' എന്ന അറബി പദത്തിൽ നിന്നുണ്ടായതാണ്. പ്രപഞ്ചത്തിലെ ധാരാളം നക്ഷത്രങ്ങൾക്ക് അറബി നാമധേയങ്ങളാണുള്ളത്. അൽ ദിബാരൻ, അൽ ടെയ്ർ എന്നിവ ചിലത്. ലോഹസങ്കരങ്ങൾ നിർമ്മിച്ചും ലോഹങ്ങളുടെ പരിശുദ്ധിയും ഗുണനിലവാരവും പരിശോധിക്കുന്നതിന് നൂതനമാർഗ്ഗങ്ങൾ വികസപ്പിച്ചും രസതന്ത്രത്തിലും അറബികൾ നൈപുണ്യം നേടി. ആൽക്കലി, ആൽകെമി തുടങ്ങിയ പദങ്ങൾ തന്നെയും അറബി ഭാഷയിൽ നിന്ന് രൂപപ്പെട്ടതാണ്. 10-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഈജിപ്ഷ്യൻ ഊർജ്ജതന്ത്രജ്ഞനായിരുന്ന അൽഹസൻ ഒപ്റ്റിക്സിൽ (Optics) കനപ്പെട്ട സംഭാവനകൾ നൽകി.

എന്നാൽ, നവോത്ഥാന കാലഘട്ടമായപ്പോഴേക്കും ഭരണാധികാരികളുടെ ദിശാബോധമില്ലായ്മയും താത്പര്യക്കുറവും ഇസ്‌ലാമിക രാജ്യങ്ങളിൽ ശാസ്ത്രമേഖലയെ പിന്നാക്കാവസ്ഥയിലെത്തിച്ചു. ഇസ്‌ലാമിൽ ശാസ്ത്രത്തിന് വലിയ സ്ഥാനമൊന്നുമില്ല എന്ന രീതിയിലുള്ള മനോഭാവം

*(ശേഷം 24-ാം പേജിൽ)*

ലേഖനം

# സൂക്ത നിഷേധത്താൽ ശിക്ഷിക്കപ്പെടുന്ന മുസ്‌ലിം ലോകം

പി.എം. അബ്ദുല്ലാഹി മാസ്റ്റർ, കൊടിയത്തൂർ

ദൈവികമായ സഹായവും വിജയവും, അന്തസ്സും അഭിമാനവും സത്യവിശ്വാസികളായ മുസ്‌ലിംകൾക്കാണെന്ന് വിശുദ്ധ ഖുർആൻ ആവർത്തിച്ച് പ്രഖ്യാപിക്കുന്നു. ഇത്തരം ആയത്തുകൾ മുസ്‌ലിംകൾ ദിവസവും ഓതിക്കൊണ്ടിരിക്കുന്നു. ഈ ദൈവിക പ്രഖ്യാപനം മുസ്‌ലിംകൾക്ക് എന്തുകൊണ്ട് അനുഭവപ്പെടുന്നില്ല? ഇതിനെക്കുറിച്ച് മുസ്‌ലിംകൾ ചിന്തിക്കുന്നില്ല എന്നതാണ് അത്ഭുതകരമായിരിക്കുന്നത്. വളരെ ചെറിയ ന്യൂനപക്ഷം മാത്രമാണ് ഇത്തരത്തിൽ ചിന്തിക്കുന്നത്. മുസ്‌ലിംകളുടെ അധഃപതനത്തിന്റെയും ദുരവസ്ഥയുടെയും ആഴവും പരപ്പും ചർച്ച ചെയ്യുന്നത് നല്ലതാണ്.

ജമാഅത്തെ ഇസ്‌ലാമിയുടെ ശാന്തപുരം കോളേജിന്റെ സിൽവർ ജൂബിലി സോവനീറിൽ പ്രസിദ്ധ പണ്ഡിതനായ ടി.കെ. ഉബൈദ് എഴുതിയ ലേഖനത്തിൽ മുസ്‌ലിം ലോകത്തിന്റെ അവസ്ഥ വിവരിക്കുന്നത് കാണുക. "മുസ്‌ലിം ലോകത്തിന്റെ സമൂലമായ നവോത്ഥാനവും സമ്പൂർണ്ണമായ ഇസ്‌ലാമികവൽക്കരണവും നോക്കെത്താത്ത ദൂരത്തിലാണ് ഇപ്പോഴും സ്ഥിതിചെയ്യുന്നത്. നവോത്ഥാനത്തിന് മുമ്പിൽ ഉയർന്നുനിൽക്കുന്ന പ്രശ്നങ്ങൾ വിശകലനം ചെയ്യുമ്പോൾ ഈ യാഥാർത്ഥ്യം ആർക്കും ബോധ്യപ്പെടും. നവോത്ഥാനവും ഇസ്‌ലാമികവൽക്കരണവും സ്വപ്നം കാണുന്നവരെ നിരാശപ്പെടുത്തുവാനല്ല ഇതു പറയുന്നത്.

"സ്വന്തം സഞ്ചാരത്തിന്റെ ശരിയായ വഴിയറിയാത്തവരാണ് ഏറിയ കൂറും. ഈ ദുരവസ്ഥ അവഗണിക്കുകയോ, മറച്ചുവെക്കുകയോ ചെയ്യുന്തോറും ലക്ഷ്യം അകന്നകന്ന് പോവുകയേ ഉള്ളൂ" (പേ 28.)

ചിന്തിക്കാനൊ, മനസ്സിനുൾകൊള്ളാനോ, ഊഹിക്കാൻ പോലുമോ ചെയ്യാൻ കഴിയാത്തത്ര പരിതാപകരമായ ദുരവസ്ഥ മുസ്‌ലിംകളിൽ എങ്ങനെ ഉണ്ടായി എന്ന് വിശദീകരിക്കുവാൻ പണ്ഡിതനേതൃത്വം തയ്യാറായേ തീരൂ.

1965-ലെ മെയ് ലക്കം പ്രബോധനത്തിൽ വന്ന മുസ്‌ലിം ലോകത്തിന്റെ സത്യസന്ധമായ മറ്റൊരു വിലയിരുത്തൽ വായിക്കുക.

"കാലചക്രത്തെ ജനതാമദ്ധ്യത്തിൽ നാം ചുഴറ്റിക്കൊണ്ടിരിക്കും" എന്ന ആയത്തിന്റെ തത്ത്വമനുസരിച്ച് കാലത്തിന്റെ അപ്രതിരോധ്യമായ പ്രവാഹത്തിന് വിധേയമായി തീരെ ചേതനയറ്റ ഒരധഃപതിത വർഗ്ഗമായി മാറിയിരിക്കുകയാണ് മുസ്‌ലിംകൾ."

ഈ ചേതനയറ്റ അധഃപതിത സമൂഹത്തിന് തനിയെ ഉയർത്തെഴുന്നേൽക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നതും സമാധാനിക്കുന്നതും ഖുർആനിക വിരുദ്ധമാണ്. കാരണം അധഃപതനവും പുനരുത്ഥാനവും ദൈവിക സംവിധാനമെന്നാണ് ഖുർആൻ വ്യക്തമാക്കുന്നത്. അധഃപതനത്തിന്റെ കാര്യകാരണങ്ങൾ വിശുദ്ധ ഖുർആനിൽ നിന്ന് കണ്ടെത്തുകയാണ് മുസ്‌ലിംകളുടെ കടമ.

1984 ആഗസ്റ്റ് - മാസത്തിലെ പ്രബോധനം പറയുന്നത് കാണുക.

"മുസ്‌ലിം സമൂഹം വിശ്വാസപരമായി തന്നെ ചില മാർഗ്ഗഭ്രംശങ്ങളിലകപ്പെട്ടിരിക്കുന്ന കാലമാണിത്. നിശ്ചിതരായ ഭൂരിപക്ഷം അന്ധവിശ്വാസങ്ങളുടെ നീരാളി പിടിത്തത്തിലാണ് ഇന്ന്"

ജമാഅത്തെ ഇസ്‌ലാമി തന്നെ അധഃപതനത്തിന്റെ കാരണം കണ്ടെത്തിയിരിക്കുന്നു (പ്രബോധനം 1995 ഡിസമ്പർ 2) മുസ്‌ലിംകൾ ഇന്ന് ഖുർആനിൽ നിന്ന് വളരെയധികം അകന്നിരിക്കുന്നു. അതിന്റെ ഫലം നാം അനുഭവിക്കുന്നു. മുസ്‌ലിം സമുദായം ഇന്ന് അനാചാരങ്ങളിലും അഴിഞ്ഞാട്ടത്തിലും മത്സരിക്കുകയാണ്. സമുദായമാകുന്ന കപ്പൽ അധഃപതനത്തിന്റെ അഗാധതയിലേക്ക് മുങ്ങാൻ പോവുകയാണ്."

ഇനി നദ്‌വത്തുൽ മുജാഹിദീൻ

വിഭാഗത്തിന്റെ വിലയിരുത്തൽ വായിക്കുക. "ലോകത്തിന്റെ ഏത് ഭാഗത്ത് നോക്കിയാലും മുസ്‌ലിംകളെ പോലെ അക്രമത്തിന് വിധേയരായ മറ്റൊരു സമൂഹവുമില്ലെന്ന് ബോധ്യമാകും. നാശവും കൂട്ടക്കൊലയും സദാ അഭിമുഖീകരിച്ചുകൊണ്ട് നരകയാതനകൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. മുസ്‌ലിം സമൂഹത്തിന് ആത്മീയത നഷ്ടപ്പെട്ടതാണെന്നതിൽ സംശയമില്ല. (ശബാബ് വാരിക 1996 ഒക്ടോബർ 11)

മുസ്‌ലിം ലോകത്തിന്റെ അതിദയനീയമായ ദുരവസ്ഥ നാം കണ്ടു കഴിഞ്ഞു. ഇനി ഈ ദുരവസ്ഥക്കുള്ള കാര്യകാരണങ്ങളും പരിഹാരനടപടികളും എന്തെല്ലാമാണെന്ന് വിശുദ്ധ ഖുർആനിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുകയാണ് മുസ്‌ലിംകളുടെ കടമ. ഈ കടമ നിർവ്വഹിക്കുവാൻ മുസ്‌ലിംകൾക്ക് കഴിയണമെങ്കിൽ ആദ്യമായി പണ്ഡിത നേതൃത്വത്തിന്റെ ഫത്‌വകളെയും ദുർവ്യാഖ്യാനങ്ങളെയും തള്ളിക്കളയുവാനുള്ള ധൈര്യവും തന്റേടവും, വിശ്വാസവും പ്രകടിപ്പിക്കണം.

വിശുദ്ധ ഖുർആനിൽ സത്യവിശ്വാസികൾ ശിക്ഷാർഹരായി മാറുന്നതിന്റെ കാരണം വിശദീകരിച്ചിരിക്കുന്നതിൽ ഒന്നാമത്തെത് സൂക്തനിഷേധമാണെന്ന് കാണാവുന്നതാണ്. ഖുർആനിക സൂക്തങ്ങൾക്ക് തെറ്റായ അർത്ഥങ്ങളും വ്യാഖ്യാനങ്ങളും നല്കി അല്ലാഹുവിന്റെ ഉദ്ദേശ്യങ്ങൾക്കും കൽപനകൾക്കും വിരുദ്ധമായ ആശയങ്ങൾ വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുകയാണ് സൂക്തനിഷേധം. ഇന്ന് ഭൂരിപക്ഷ മുസ്‌ലിംകൾ വിശ്വസിക്കുന്ന പലതും ഖുർആനിക വിരുദ്ധങ്ങളായ സൂക്തനിഷേധങ്ങളാണെന്ന സത്യം തിരിച്ചറിയുക. 'സൂക്തനിഷേധം' എന്ന ഖുർആനിക മുന്നറിയിപ്പിനെക്കുറിച്ച് ചർച്ചയോ, ബോധവൽക്കരണമോ മുസ്‌ലിം ലോകത്ത് നടക്കുന്നില്ല എന്നത് തന്നെ ഈ സത്യം വിളിച്ചോതുന്നു. കേരളത്തിലെ പ്രസംഗവേദികളിലൊ, പ്രസിദ്ധീകരണങ്ങളിലൊ 'സൂക്ത നിഷേധം' ഒരു ചർച്ചാവിഷയമായി ഇതുവരെ വന്നിട്ടില്ല.

സൂക്തനിഷേധ സംബന്ധിയായ ചില ആയത്തുകളിലേക്ക് മുസ്‌ലിം കേരളത്തിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. സൂക്തനിഷേധം വിശ്വാസികളിലാണ് ഉണ്ടാകുന്നത്. അവിശ്വാസികൾ പ്രവാചക നിഷേധികളും, ഗ്രന്ഥനിഷേധികളുമാണ്. വിശുദ്ധ ഖുർആനിൽ വിശ്വസിച്ചുകൊണ്ട് തന്നെ ചില സൂക്തങ്ങൾക്ക് തെറ്റായ അർത്ഥവും വ്യാഖ്യാനവും നൽകി പുതിയ ആശയങ്ങളും വിശ്വാസങ്ങളും സ്വീകരിക്കുന്നതാണല്ലൊ സൂക്തനിഷേധം.

ഖുർആൻ അസ്സജദ. 40-ാമത്തെ ആയത്തിൽ പറയുന്നത് കാണുക.

***"നമ്മുടെ സൂക്തങ്ങൾക്ക് വക്രമായ അർത്ഥം കൽപിക്കുന്നവരുണ്ടല്ലൊ, അവർ നമ്മിൽ നിന്ന് മറഞ്ഞിരിക്കുന്നൊന്നുമില്ല."*** ഈ ആയത്തിന് മൗദൂദിസാഹിബ് നൽകിയ വ്യാഖ്യാനത്തെക്കുറിച്ച് വായിക്കുക. ഇൽഹാദ് എന്നാണ് മൂലവാക്യം. വ്യതിചലനം, നേർമാർഗ്ഗത്തിൽ നിന്ന് വക്രമാർഗ്ഗത്തിലേക്ക് തെറ്റുക, തെറ്റായ നിലപാട് സ്വീകരിക്കുക എന്നൊക്കെയാണ് 'ഇൽഹാദ്' എന്നതിനർത്ഥം. അല്ലാഹുവിന്റെ സൂക്തങ്ങളിൽ ഇൽഹാദ് നടത്തുക എന്നാൽ ശരിയായ വാക്യങ്ങളിൽ നിന്ന് വക്രമായ ആശയങ്ങൾ നിഷ്പാദിക്കാൻ ശ്രമിക്കുക, എന്നാണ്. ദൈവിക സൂക്തത്തിന്റെ ശരിയും വ്യക്തവുമായ അർത്ഥം സ്വീകരിക്കാതെ മറ്റു പലതരം തെറ്റായ അർത്ഥങ്ങളും അതിന്മേൽ ചുമത്തുക, അങ്ങനെ താൻ സ്വയം വഴിപിഴക്കുകയും മറ്റുള്ളവരെ പിഴപ്പിക്കുകയും ചെയ്യുക. മക്കയിലെ അവിശ്വാസികൾ വിശുദ്ധ ഖുർആന്റെ സന്ദേശങ്ങളെ നിഷ്പ്രഭമാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച തന്ത്രങ്ങളിൽ ഒന്നിതായിരുന്നു." (പേ. 424.)

മുകളിലുദ്ധരിച്ച മൗദൂദി സാഹിബിന്റെ വ്യാഖ്യാനത്തിലുള്ള എല്ലാ രീതികളും മുസ്‌ലിംകൾ തങ്ങളുടെ വിശ്വാസങ്ങൾക്ക് തെളിവായി സ്വീകരിച്ചതായി കാണാം.

ഇനി സൂക്തനിഷേധത്തിന്റെ ഗൗരവം മനസ്സിലാക്കുന്നതിനായി ചില ഖുർആൻ സൂക്തങ്ങൾ കൂടി ഉദ്ധരിക്കാം.

***ഓ! പ്രവാചകരെ, അവനാകുന്നു സത്യമുൾക്കൊണ്ടതും മുൻവേദങ്ങളെ സത്യപ്പെടുത്തുന്നതുമായ ഈ വേദം താങ്കൾക്ക് അവതരിപ്പിച്ചു തന്നിട്ടുള്ളത്. ഇതിനുമുമ്പേ മനുഷ്യരുടെ മാർഗ്ഗദർശനത്തിനുവേണ്ടി അവൻ തൗറാത്തും ഇഞ്ചീലും അവതരിപ്പിച്ചിട്ടുണ്ട്. അവൻ സത്യാസത്യാങ്ങളെ മാറ്റുരച്ചു വേർതിരിക്കുന്ന ഫുർഖാൻ അവതരിപ്പിച്ചു. ഇനി ആരെങ്കിലും ദൈവിക സൂക്തങ്ങളെ തള്ളിക്കളയുകയാണെങ്കിൽ അവർക്ക് കഠിനശിക്ഷ ലഭിക്കുക തന്നെ ചെയ്യും. അല്ലാഹു അപാരമായ ശക്തിയുടയവനും തിന്മകൾക്ക് പ്രതികാരം ചെയ്യുന്നവനുമത്രെ.*** (മൗദൂദി സാഹിബിന്റെ ഖുർആൻ ഭാഷ്യം), സൂറ ആലുഇംറാൻ ആയത്ത് 3, 4.)

ആരെങ്കിലും സൂക്തങ്ങളെ നിഷേധിച്ചാൽ (തള്ളിക്കളഞ്ഞാൽ) അവർക്ക് കഠിനശിക്ഷ തന്നെ ലഭിക്കും എന്ന് അല്ലാഹു ഈ ആയത്തിലൂടെ താക്കീതു നൽകിയിരിക്കുന്നു. ലോകത്ത് ഒരു സമുദായത്തിനും അനുഭവിക്കേണ്ടി വന്നിട്ടില്ലാത്ത ദുരവസ്ഥ മുസ്‌ലിംകൾക്ക് അനുഭവിക്കേണ്ടി വന്നിട്ടുള്ളതിന്റെ ഒരു കാരണം സൂക്തനിഷേധമാണെന്ന് വിശ്വസിക്കേണ്ടി വന്നിരിക്കുന്നു. വക്രമായ അർത്ഥം നൽകുന്ന മൗദൂദി സാഹിബ് വിവരിച്ച രീതിയിലുള്ള നിരവധി ദുർവ്യാഖ്യാനങ്ങൾ മുസ്‌ലിംകളിലുള്ളതായി കാണാൻ കഴിയും. അവ വിശദമായി പിന്നീട് വിവരിക്കാം.

സൂറ അൽഹജ്ജ് 57-ാമത്തെ ആയത്തിൽ പറയുന്നത് കാണുക.

സത്യത്തെ നിഷേധിച്ചിട്ടുള്ളവരും നമ്മുടെ സൂക്തങ്ങളെ തള്ളിപ്പറഞ്ഞിട്ടുള്ളവരുമാരൊ, അവർക്കുള്ളത് അപമാനകരമായ ശിക്ഷയാകുന്നു.

(തഫ്ഹീമുൽ ഖുർആൻ, പേ:238) .

ഈ ആയത്തിലും സൂക്തനിഷേധത്തിന് കഠിനശിക്ഷ തന്നെ അല്ലാഹു പ്രഖ്യാപിച്ചിരിക്കുന്നു. ഇനി വിശുദ്ധ ഖുർആനിന്റെ ആധികാരിക അവതരണത്തെ പ്രഖ്യാപിച്ചിറങ്ങിയ സൂറ. ജാഥിയയിൽ 7 മുതൽ 11 വരെയുള്ള 4 ആയത്തിൽ 3 സ്ഥലത്ത് തുടർച്ചയായ സൂക്തനിഷേധത്തെക്കുറിച്ചു മുന്നറിയിപ്പു നൽകുന്നു.

***കൊടും കള്ളം ചമയ്ക്കുന്ന ദുർവൃത്തർക്കോരോരുത്തർക്കും മഹാനാശമുണ്ട്. അവന്റെ മുമ്പിൽ ദൈവിക സൂക്തങ്ങൾ പാരായണം ചെയ്യപ്പെടുന്നു. അവനത് കേൾക്കുകയും ചെയ്യുന്നു. എന്നിട്ടവനത് കേൾക്കുന്നേയില്ലാത്തവണ്ണം തികഞ്ഞ ഗർവ്വോടെ നിഷേധത്തിലുറച്ചുനിൽക്കുകയുമാകുന്നു. അങ്ങനെയുള്ളവനെ നോവേറിയ ശിക്ഷയുടെ സുവാർത്ത അറിയിച്ചുകൊള്ളുക. നമ്മുടെ സൂക്തങ്ങളിൽ വല്ലതും അറിഞ്ഞുകഴിഞ്ഞാൽ ഉടനെ അവനതാ അതിനെ പരിഹാസ്യമാക്കിക്കളയുന്നു. അത്തരക്കാർക്കൊക്കെയുള്ളത് അതിഹീനമായ ശിക്ഷയാകുന്നു. അവരുടെ മുന്നിലുള്ളത് നരകമാകുന്നു. ഈ ലോകത്ത് അവർ നേടിവെച്ചിട്ടുള്ളതൊന്നും അവർക്കവിടെ പ്രയോജനപ്പെടുന്നതല്ല. അല്ലാഹുവിനെ വെടിഞ്ഞ് അവർ രക്ഷകരായി വരിച്ചവർക്കും അവർക്ക് വേണ്ടി ഒന്നും ചെയ്യാനാവില്ല. അവർക്ക് ഭയങ്കരമായ ശിക്ഷയുണ്ട്. ഈ ഖുർആൻ ആഭ്യന്തര സന്മാർഗ്ഗദർശനമാകുന്നു. തങ്ങളുടെ റബ്ബിന്റെ സൂക്തങ്ങളെ അംഗീകരിക്കാൻ കൂട്ടാക്കാത്ത ജനത്തിന് വേദനയേറിയ വിപത്തിനാലുള്ള ശിക്ഷയുണ്ട്."***

സത്യവിശ്വാസികളിൽ കാലക്രമത്തിൽ വന്ന് ചേരുന്ന അവിശ്വാസത്തിന്റെ നിലപാടുകളുടെ വിശദമായ പരിണാമങ്ങൾ ഖുർആൻ പ്രവചനരൂപത്തിൽ വിവരിച്ചിരിക്കുന്നു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് വിശുദ്ധ ഖുർആനിന്റെ അടിസ്ഥാനത്തിൽ മാത്രം പ്രബോധനം നടത്തുമ്പോൾ ഈ ആയത്തിൽ വിവരിച്ച എല്ലാ നിലപ്പാടുകളും മുസ്‌ലിംകളിൽ കാണാൻ കഴിയുന്നു. മുകളിലുദ്ധരിച്ച അവസാനത്തെ ആയത്തിന്റെ അർത്ഥം പ്രത്യേകം ശ്രദ്ധിക്കുക. **"തങ്ങളുടെ റബ്ബിന്റെ സൂക്തങ്ങളെ അംഗീകരിക്കാൻ** കൂട്ടാക്കാത്ത ജനത്തിന് വേദനയേറിയ വിപത്തിനാലുള്ള ശിക്ഷയുണ്ട്" എന്ന ഈ ആയത്തിന്റെ മുന്നറിയിപ്പ് മുസ്‌ലിം ലോകം അവഗണിച്ചതുകൊണ്ടുള്ള വേദനയേറിയ വിപത്തിനാലുള്ള ശിക്ഷയാണ് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഖുർആനിക സൂക്തങ്ങൾ മുമ്പിൽവെച്ചുകൊണ്ടുള്ള പ്രബോധനങ്ങളെ ഒരിക്കലും തള്ളിക്കളയുവാൻ ഒരു സാഹചര്യത്തിലും മുസ്‌ലിംകൾക്ക് പാടില്ല എന്ന് ഈ സൂക്തം വിശദമാക്കുന്നു.

സൂക്തനിഷേധ മുന്നറിയിപ്പ് മുസ്‌ലിംകൾക്ക് ആണെന്ന് മൗദൂദി സാഹിബ് തന്നെ വ്യക്തമാക്കുന്നു. സൂറ:മുഅ്മിൻ 79, 80 ആയത്തുകളുടെ അർത്ഥവും വ്യാഖ്യാനവും വായിക്കുക."

"ദൈവിക സൂക്തങ്ങളിൽ തർക്കിച്ചുകൊണ്ടിരിക്കുന്ന അക്കൂട്ടരെ നിങ്ങൾ കണ്ടില്ലയോ? എവിടെ നിന്നാണവർ വഴിപിഴപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്" ഈ ആയത്തിന്റെ വ്യാഖ്യാനത്തെക്കുറിച്ച് പറയുന്നു. "താല്പര്യമിതാണ്. ഇക്കൂട്ടരുടെ തെറ്റായ ധാരണകളുടെയും വീക്ഷണങ്ങളുടെയും യഥാർത്ഥ ഉറവിടം ഏതാണെന്നും എവിടെനിന്നുള്ള തള്ളുകൊണ്ടാണ് അവരീ മാർഗ്ഗഭ്രംശത്തിന്റെ ഗർത്തത്തിൽ വന്ന് വീഴുന്നതെന്നും ഉപര്യുക്ത പ്രഭാഷണത്തിന് ശേഷവും നിങ്ങൾക്ക് മനസ്സിലായില്ലെ? ഇവിടെ നിങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് നബി(സ)യെയല്ല. ഈ സൂക്തം പാരായണം ചെയ്യുന്ന എല്ലാവരേയുമാണ് എന്ന് അറിഞ്ഞിരിക്കേണ്ടതുണ്ട്." (പേ : 393).

ഈ ആയത്തിന്റെ മുന്നറിയിപ്പ് ഖുർആൻ പാരായണം ചെയ്യുന്ന ഓരോരുത്തർക്കുമാണെന്ന് മൗദൂദി സാഹിബ് വ്യക്തമാക്കിയിരിക്കുന്നത് നാം വായിച്ചു. ദൈവികസൂക്തങ്ങളിൽ തർക്കിച്ചുകൊണ്ടിരിക്കുന്ന മുസ്‌ലിം ലോകം സൂക്തനിഷേധ നിലപാടുകൾ സ്വീകരിക്കുന്നതിൽ നിന്നും ഒഴിഞ്ഞു നിൽക്കുകയും ഖുർആനിലൂടെ വ്യക്തമാക്കപ്പെട്ട കാര്യങ്ങൾ അതേപടി സ്വീകരക്കുകയും അതേപ്രകാരം തന്നെ വിശ്വസിക്കുകയും ചെയ്യുവാൻ തയ്യാറാകേണ്ടതാണ്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തുമായി അഭിപ്രായ വ്യത്യാസമുള്ള ഓരോ വിഷയത്തിലും ഇരുകൂട്ടരും ഉന്നയിക്കുന്ന ഖുർആനിക സൂക്തങ്ങളിൽ ആരുടെ ഭാഗത്താണ് ശരിയായ ഖുർആനിക പാഠമുള്ളത് എന്നും ആരിലാണ് സൂക്തനിഷേധം വരുന്നതെന്നും തിരിച്ചറിയാനും തെറ്റായത് ഉപേക്ഷിക്കുവാനും ഓരോ മുസ്‌ലിമും തയ്യാറാകേണ്ടതാണ്. ഖുർആനിലൂടെ വ്യക്തമാക്കിയ വിശ്വാസകാര്യങ്ങൾ അതേപടി സ്വീകരിക്കുവാൻ അല്ലാഹു തൗഫീക്ക് നൽകട്ടെ. ●

## വിവാഹം

റസൂൽ തിരുമേനി(സ) ഇങ്ങനെ അരുളിയതായി ഹദ്റത്ത് അബൂ ഹുറൈറ (റ) നിവേദനം ചെയ്യുന്നു: 'നാലു കാര്യങ്ങളെ പരിഗണിച്ചു കൊണ്ട് ഒരാൾ ഒരു സ്ത്രീയെ വിവാഹം കഴിക്കുന്നു. അവളുടെ ധനം, അവളുടെ കുലീനത, അവളുടെ സൗന്ദര്യം, അവളുടെ ദീൻ. അതിനാൽ ദീനുള്ള സ്ത്രീയെ കൊണ്ടു നീ ഭാഗ്യവാനാവുക.

**(ബുഖാരി)**

ലേഖനം

# യഅ്ജൂജ് മഅ്ജൂജിന്റെ വിളയാട്ടവും മുസ്‌ലിം ലോകത്തിന്റെ ദയനീയ ചിത്രവും

ഇ. അബ്ദുറഹിമാൻ കൊടിയത്തൂർ

**ആധുനികകാലത്ത് മുസ്‌ലിം ലോകത്തിനെതിരെ ആക്രമിച്ചുകൊണ്ടിരിക്കുന്ന പാശ്ചാത്യ ക്രൈസ്തവ ശക്തികളാണ് യഅ്ജൂജ് മഅ്ജൂജ്. അല്ലാഹു നിയോഗിച്ച വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദി (അ)ന്റെ മതമാർഗ്ഗത്തിലൂടെയാണ് ഈ ശക്തികളെ അതിജയിക്കാൻ കഴിയുക. മുസ്‌ലിംകൾ ഈ സത്യം മനസ്സിലാക്കാത്തിടത്തോളം ദുരിതം തന്നെയാണ് ഫലം.**

ദജ്ജാലിന്റെയും യഅ്ജൂജ് മഅ്ജൂജിന്റെയും പുറപ്പാടു സംബന്ധിച്ചും അവർ മുഖേന ലോകത്ത്, വിശിഷ്യ ഇസ്‌ലാമിനും, മുസ്‌ലിംകൾക്കും ഉണ്ടാകുവാൻ പോകുന്ന ഭയാനക വിപത്തുകളെ സംബന്ധിച്ചും വിശുദ്ധ ഖുർആനിലും തിരുനബി വചനങ്ങളിലും നിരവധി പ്രതിപാദനങ്ങൾ കാണുവാൻ കഴിയുന്നതാണ്. പ്രസ്തുത പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ ഇസ്‌ലാമിൽ മുൻകഴിഞ്ഞ പണ്ഡിതന്മാരും മഹത്തുക്കളുമെല്ലാം പ്രസ്തുത ദുഃശക്തികളുടെ ആഗമനത്തെ സംബന്ധിച്ചും അവരുണ്ടാക്കുന്ന കെടുതികളെ സംബന്ധിച്ചും വിശദമായ നിലയിൽ തന്നെ പ്രതിപാദിക്കുകയും, മുസ്‌ലിം ലോകം ദജ്ജാലിന്റെയും യഅ്ജൂജ് മഅ്ജൂജിന്റെയും ആഗമനത്തിൽ ദൃഢമായി വിശ്വസിച്ചുവരികയും ചെയ്യുകയാണ്. അതോടൊപ്പം തന്നെ പ്രസ്തുത ശക്തികളെ ജ്ഞാനപരവും ആത്മീയവുമായ മാർഗ്ഗങ്ങളിലൂടെ എതിർത്തു തോല്പിക്കുന്നതിനും, ഇസ്‌ലാമിന്റെ ആഗോള വിജയം സാധിതമാക്കുന്നതിന്നുംവേണ്ടി മഹ്ദീ - മസീഹിന്റെ ആഗമനമുണ്ടാവുമെന്നും, വിശുദ്ധ ഖുർആനും, നബിതിരുമേനിയും പ്രവചിക്കുകയുണ്ടായി. ഈ എല്ലാ പ്രവചനങ്ങളും ഈ കാലഘട്ടത്തിൽ വ്യക്തമായ നിലയിൽ പൂർത്തിയാവുകയുമുണ്ടായി. പ്രവചനമനുസരിച്ച് ആഗതരായ വാഗ്ദത്ത മസീഹ് ഹ: അഹ് മദ് (അ), ഇസ്‌ലാമിനും മനുഷ്യസമൂഹത്തിനും വലുതായ കെടുതികൾ സമ്മാനിച്ച പാശ്ചാത്യ - ക്രൈസ്തവ ശക്തികൾ തന്നെയാണ് ദജ്ജാലും, യഅ്ജൂജ് മഅ്ജൂജുമെന്ന കാര്യം വ്യക്തമായ തെളിവുകൾ മുഖേന സാക്ഷീകരിക്കുകയുണ്ടായി. അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത് കഴിഞ്ഞ 120 വർഷക്കാലമായി പ്രസ്തുത സത്യം ലോകത്തെ ബോധ്യപ്പെടുത്തി വരികയാണ്. ആദ്യമെല്ലാം അന്തംവിട്ടുനിന്ന മുസ് ലിം പണ്ഡിതന്മാർ പതുക്കെ ഈ യാഥാർത്ഥ്യം അംഗീകരിച്ചുവരികയുമാണ്.

മഹാകവി മുഹമ്മദ് ഇഖ്ബാൽ തന്റെ വിഖ്യാതമായ 'ബാങ്കെദറാ'യിൽ പറയുന്നതു കാണുക: "ഖുൽഗയെ യഅ്ജൂദ് ഔർ മഅ്ജൂജ്ക്കെ ലശ്ക്കർ തമാം - ചശ്മെ മുസ്‌ലിം ദേഖ്‌ലെ തഫ്സീർ ഹർഫെ യൻസിലൂൻ" (യഅ്ജൂജ് മഅ്ജൂജിന്റെ സൈന്യങ്ങളെല്ലാം തുറന്നുവിടപ്പെട്ടുകഴിഞ്ഞിരിക്കുന്നു; മുസ്‌ലിംകളുടെ കണ്ണുകൾ 'യൻസിലൂൻ' എന്ന വചനത്തിന്റെ വ്യാഖ്യാനം നോക്കിക്കൊള്ളട്ടെ."

സുപ്രസിദ്ധ ഉൽപതിഷ്ണു പണ്ഡിതനായിരുന്ന മൗലാനാ അബ്ദുൽ മാജിദ് ദർയാബാദി തന്റെ 'സിദ്ഖെജദീദ്' ഉർദുമാസികയിലൂടെ (12-2 59) വിശദമായ നിലയിൽ ദജ്ജാൽ-യഅ്ജൂജ് മഅ്ജൂജ് സംബന്ധമായ പ്രവചനങ്ങൾ വിവരിക്കുകയും അവ വ്യക്തമായ നിലയിൽ പാശ്ചാത്യ ശക്തികളിൽ പൂർത്തിയായ കാര്യം സ്ഥാപിക്കുകയുമുണ്ടായി - റാബിത്വയുടെ ഇംഗ്ലീഷ് ഖുർആൻ പരിഭാഷകനും, അറബ് - മുസ്‌ലിം ലോകത്ത് ഏറെ ആദരിക്കപ്പെട്ടിരുന്ന പണ്ഡിതനുമായ മുഹമ്മദ് അസദ് തന്റെ 'മക്കയിലേക്കുള്ള പാത' എന്ന പുസ്തകത്തിൽ ദജ്ജാൽ എന്ന

പ്രത്യേക അധ്യായം ചേർത്തുകൊണ്ട് പ്രസ്തുത കാര്യം വ്യക്തമായ നിലയിൽ സ്ഥാപിക്കുന്നുണ്ട്. കൂടാതെ ഖത്തറിലെ ശരീഅത്ത് കോടതി ജഡ്ജിയും അവിടുത്തെ സമുന്നത പണ്ഡിതനുമായ ശൈഖ് അബ്ദുല്ലാബിൻ സൈദ് അൽ മഹ്മൂദ് രചിച്ച് കേരളത്തിൽ ജമാഅത്തെ ഇസ്ലാമിക്കാർ വിതരണം ചെയ്യുന്ന 'മഹ്ദി എന്ന മിഥ്യ' എന്ന പുസ്തകത്തിൽ യഅ്ജൂജ് മഅ്ജൂജിനെ സംബന്ധിച്ച യാഥാസ്ഥിതികരുടെ വികലവിശ്വാസങ്ങൾ എടുത്തുദ്ധരിച്ചശേഷം അവയെ ഖണ്ഡിക്കുകയും ശരിയായ വസ്തുത വിവരിക്കുകയും ചെയ്യുന്നുണ്ട്. പാശ്ചാത്യശക്തികൾ തന്നെയാണ് യഅ്ജൂജ് - മഅ്ജൂജ് എന്ന കാര്യം തെളിയിക്കുവാൻ ഒരുപാട് തെളിവുകൾ ഉദ്ധരിക്കുന്നുണ്ട് അദ്ദേഹം. തനിക്ക് ഈ വിഷയത്തിൽ മാർഗ്ഗദർശനം നൽകിയ സഊദി പണ്ഡിതൻ ശൈഖ് അബ്ദുറഹിമാൻ സാശദി ഈ വിഷയത്തിന്റെ പേരിൽ അബ്ദുൽ അസീസ് രാജാവിന്റെ ഭരണകാലത്ത് ശരീഅത്ത് കോടതിയിൽ വിചാരണ ചെയ്യപ്പെടുകയും അവസാനം സഊദീ പണ്ഡിതന്മാർക്ക് ഈ കാര്യം ബോധ്യപ്പെടുകയും ചെയ്തു എന്ന കാര്യവും കൂടി 'മഹ്ദി എന്ന മിഥ്യ' എന്ന ഗ്രന്ഥത്തിൽ ഗ്രന്ഥകാരൻ പറയുന്നുണ്ട്.

സുന്നികളുടെ മുഖപത്രമായ 'സുന്നീവോയ്സിൽ' അതിന്റെ എഡിറ്റർ നെല്ലിക്കുത്ത് ഇസ്മാഈൽ മുസ്ല്യാരും യഅ്ജൂജ് മഅ്ജൂജ് വിഷയത്തിൽ അഹ്മദീ മുസ്ലിം വീക്ഷണം ശരിവെക്കുംവിധത്തിൽ ലേഖനമെഴുതുകയുണ്ടായി.

ദജ്ജാലിനെയും യഅ്ജൂജ് മഅ്ജൂജിനെയും സംബന്ധിച്ച് വിശദമായി വിവരിക്കുന്ന ഒരു ലേഖനമല്ല ഇവിടെ ഉദ്ദേശിക്കുന്നത്. ഫലസ്തീനിലെ ഇസ്രാഈൽ അതിക്രമങ്ങളും, അഫ്ഗാനിലെ അമേരിക്കൻ ഇടപെടലുകളിൽ തുടങ്ങി ഇറാഖിനും, സദ്ദാം ഹുസൈനുമെതിരിൽ അമേരിക്ക നടത്തിയിട്ടുള്ള ചരിത്രത്തിൽ തുല്യതയില്ലാത്ത വഞ്ചനയും അതിക്രമങ്ങളും (അറബ് ലോകത്ത്, അമേരിക്കയുടെ ആജ്ഞാനുവർത്തിയായി ഇറാൻ ആക്രമണമടക്കം ഏറെ ദുഷ്കൃത്യങ്ങൾ ചെയ്തുകൂട്ടിയ വ്യക്തിയായിരുന്നുവല്ലോ ഒരു കാലത്ത് സദ്ദാം ഹുസൈൻ) അവസാനം പെരുന്നാൾ ദിനത്തിലെ ആ നിഷ്ഠൂര സംഭവവുമെല്ലാം മുസ്ലിം ലോകത്ത് ഒരു മാതിരി സംഭ്രമജനകമായ അവസ്ഥ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. സ്ഥിതിഗതികൾ അവിടെയും അവസാനിക്കുന്നില്ല എന്ന അത്യന്തം ഗൗരവതരമായ യാഥാർത്ഥ്യത്തിലേക്ക് വായനക്കാരെ നയിക്കുന്ന, പ്രസിദ്ധ കോളമിസ്റ്റും മുസ്ലിം ബുദ്ധിജീവിയുമായ ഒ. അബ്ദുല്ലയുടെ ലേഖനം ഈ അടുത്തദിവസമാണ് പുറത്തു വന്നത്.

'ഇന്ത്യ, ലോകത്തിലെ ഒരേയൊരു സ്വതന്ത്ര ഇസ്ലാമികസമൂഹം' എന്ന തലക്കെട്ടിൽ മാതൃഭൂമി ദിനപത്രത്തിലെ തന്റെ കോളത്തിൽ അദ്ദേഹം എഴുതിയത് ഇപ്രകാരമാണ്. "കോഴിക്കോട് ജില്ലയിലെ കിഴക്കൻ മലയോരപ്രദേശമായ ഓമശ്ശേരിയിലെ ഇസ്ലാമിക് കോംപ്ലക്സിന്റെ തലവനായ ഒ.പി. അബ്ദുസ്സലാം മദനി ഈ അടുത്ത നാൾ മക്കയിൽ നിന്നു വന്നപ്പോൾ തുർക്കിയിൽ വിശുദ്ധ ഖുർആനിൽ അമേരിക്കയുടെ ആജ്ഞപ്രകാരം വൻതോതിൽ മാറ്റത്തിരുത്തലുകളും കൈകടത്തലുകളും നടന്നതായി പറഞ്ഞു. തുർക്കിയിൽ നിന്നുള്ള വിവരത്തിന്റെ അടിസ്ഥാനത്തിൽ ആധികാരികമായി തന്നെയാണത്രെ മക്കയിലെ ഉലമാവൃന്ദം ഇക്കാര്യം മദീനായൂണിവേഴ്സിറ്റിയിലെ മുൻവിദ്യാർത്ഥിയും ഗാമ്പിയ എന്ന ആഫ്രിക്കൻ രാജ്യത്തിലെ ഇസ്ലാമികമുബല്ലിഗുമായിരുന്ന അബ്ദുസ്സലാം മദനിയുമായി പങ്കുവെച്ചത്. ജൂതരെയും ക്രൈസ്തവരെയും കഠിനമായി വിമർശിക്കുന്ന ഖുർആനിലെ ചില പരാമർശങ്ങൾ ഒഴിവാക്കാനുള്ള നിർദ്ദേശങ്ങൾ ചില അറബ് രാജ്യങ്ങൾക്ക് നേരത്തെ ലഭിച്ചിട്ടുണ്ട്. വിശ്വാസികളുടെ ഭാഗത്തുനിന്ന് കനത്ത ചെറുത്തുനിൽപ്പും വൻപ്രതിഷേധവും ഉയരുമെന്നതിനാൽ ബഹളം ഒഴിവാക്കിക്കൊണ്ട് ഈ വക പരാമർശങ്ങളെ പാഠ്യപദ്ധതിയിൽ നിന്ന് പതുക്കെ മാറ്റിനിർത്തിക്കൊണ്ടാണ് ഇത് നടപ്പിലാക്കുന്നത്. അമേരിക്കക്ക് അധികാരവും സ്വാധീനവുമുള്ള ചില അറബ്-മുസ്ലിം നാടുകളിൽ വ്യക്തികളും കമ്പനികളും ആർക്കൊക്കെ നിർബന്ധദാനം അഥവാ സക്കാത്ത് കൊടുക്കാം, കൊടുത്തുകൂടാ എന്നതിന്റെ പട്ടിക തയ്യാറാക്കുന്നത് അമേരിക്കൻ വിദേശകാര്യവകുപ്പാണ്."

അദ്ദേഹത്തിന്റെ ലേഖനത്തിൽ വിശദമായി പ്രതിപാദിക്കുന്ന മുസ്ലിം രാജ്യങ്ങളിലെ നഗ്നമായ അമേരിക്കൻ ഇടപെടലുകളുടെ ഉദാഹരണങ്ങളിൽ നിന്ന് ഒരു ചെറിയ ഭാഗം മാത്രമാണ് വായനക്കാരുടെ അറിവിന്നായി മുകളിൽ ഉദ്ധരിച്ചിട്ടുള്ളത്. ജമാഅത്തെ ഇസ്ലാമി സംഘടിപ്പിച്ച സ്നേഹസംവാദം (7-01-07 കക്കാട്) പരിപാടിയിൽ ആമുഖപ്രഭാഷണം നിർവ്വഹിച്ചുകൊണ്ട് മാധ്യമം എഡിറ്ററും, ജമാഅത്ത് സൈദ്ധാന്തികനുമായി ഒ. അബ്ദുറഹിമാനും, മേൽ സൂചിപ്പിച്ച സംഭവങ്ങളിലേക്ക് വെളിച്ചം വീശുകയുണ്ടായി.

ദജ്ജാലിയൻ ശക്തികളുടെ വിളയാട്ടത്തിൽ മുസ്ലിം രാഷ്ട്രങ്ങൾ ഞെരിഞ്ഞമരുകയും, രാഷ്ട്രനായകന്മാരെല്ലാം അവരുടെ ദാസ്യത്വത്തിൽ കഴിഞ്ഞുകൂടുകയും ചെയ്യുമ്പോഴും, തങ്ങളുടെ മതവിശ്വാസത്തിലും, അനുഷ്ഠാനങ്ങളിലും അവരുടെ ഇടപെടലുകൾ ഉണ്ടായിട്ടില്ലല്ലോ; എന്ന ആശ്വാസത്തിൽ കഴിഞ്ഞുകൂടുകയായിരുന്ന മുസ്ലിം സാമാന്യജനം ഈ ഭൂമിയിൽ നിന്ന് മറ്റെവിടെക്കാണ് തങ്ങൾ ഓടിപ്പോവേണ്ടതെന്ന വെപ്രാളത്തിലാണ് അകപ്പെട്ടിരിക്കുന്നത്. സമുദായത്തെ നയിച്ചുകൊണ്ടിരിക്കുന്ന പണ്ഡിതസമൂഹം ഈ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കുകയോ, ഉത്തമ ഉമ്മത്തിന്ന് വന്നിട്ടുള്ള ഈ ദുർഗതിക്ക് കാരണമെന്താണെന്നും അതിൽ നിന്നുള്ള മോചനത്തിനുള്ള മാർഗ്ഗമെന്താണെന്നും ചിന്തിക്കുകയോ അക്കാര്യങ്ങൾ ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുകയോ ചെയ്യുന്നില്ല.

ഈ അടുത്ത കാലത്താണ് അബൂഗുറൈബ് ജയിലിൽ അമേരിക്കൻ പട്ടാളക്കാർ വിശുദ്ധ ഖുർആനെ നിന്ദ്യമായ നിലയിൽ അപമാനിച്ച, നടുക്കുന്ന വാർത്തകൾ പുറത്തുവന്നത് - ഇറാഖിലെ സുന്നീ-ശിയാ വംശീയകലാപങ്ങൾ എണ്ണയൊഴിച്ച് ആളിക്കത്തിക്കുന്നതിന് പിന്നിൽ അമേരിക്കയും കൂട്ടാളികളായ ജൂതഭീകരന്മാരുമാണെന്ന കാര്യവും വെളിപ്പെടുകയുണ്ടായി. ഇതെല്ലാം നടന്നുകൊണ്ടിരിക്കുമ്പോഴും എന്തുകൊണ്ട് ആഗോള മുസ്‌ലിം സംഘടന എന്നവകാശപ്പെടുന്ന 'റാബിത്വത്തുൽ ആലമിൽ ഇസ്‌ലാമി' പ്രതികരിക്കുന്നില്ല എന്നു മാത്രമല്ല, മുസ്‌ലിം ലോകത്തിന്റെയും പരിശുദ്ധ ഇസ്‌ലാമിന്റെയും മുഴുവൻ അന്തസ്സും പാശ്ചാത്യശക്തികൾക്ക് മുമ്പിൽ അടിയറവെക്കുന്ന സഊദി ഉൾപ്പെടെയുള്ള രാജ്യങ്ങൾക്ക് ഓശാന പാടുകയാണ് പ്രസ്തുത സംഘടനയും, കേരളത്തിലേതടക്കമുള്ള മുസ്‌ലിം സംഘടനകളും ചെയ്തുകൊണ്ടിരിക്കുന്നത്.

ദജ്ജാലി - യഅ്ജൂജ് മഅ്ജൂജ് ശക്തികളെ നേരിട്ട് ഇസ്‌ലാമിനെ മുഴുലോകത്തും വിജയിപ്പിക്കുവാൻ നിയുക്തരായ വാഗ്ദത്ത മസീഹ് (അ)മിനേയും അവിടത്തെ ജമാഅത്തിനേയും ബ്രിട്ടീഷ് - സാമ്രാജ്യത്വ ഏജന്റുമാരെന്ന് നിർലജ്ജം അധിക്ഷേപിച്ചുകൊണ്ടിരിക്കുന്ന മുസ്‌ലിം ഉലമാക്കളും, രാഷ്ട്രങ്ങളുമാണ് തങ്ങളുടെ മതത്തെ തന്നെ സാമ്രാജ്യത്വശക്തികൾക്ക് അടിയറവെച്ച്, അവരുടെ കാൽക്കൽ വീണ് കിടക്കുന്നത്. എന്നാൽ, അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പാശ്ചാത്യ-ക്രൈസ്തവ കേന്ദ്രങ്ങളിൽ ചെന്ന് ഇസ്‌ലാമിന്റെ വിജയപതാക പറപ്പിച്ചുകൊണ്ടിരിക്കുകയാണ്. ക്രിസ്ത്യാനികളുടെ ദൈവം മരിച്ച് കശ്മീരിൽ മറയടക്കപ്പെട്ടിരിക്കുന്നുവെന്ന സത്യം അഹ്മദികൾ ഘോഷിക്കുന്നുവെന്ന് മാത്രമല്ല; ജൂത-ക്രൈസ്തവ മതങ്ങളുടെ വിശ്വാസവൈകല്യങ്ങളെ തുറന്നുകാട്ടുന്ന അനേകം പ്രസിദ്ധീകരണങ്ങൾ പാശ്ചാത്യ-ക്രൈസ്തവ രാജ്യങ്ങളിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇറാഖിന്റെ കുവൈത്ത് അധിനിവേശമുണ്ടായ 90 ഓഗസ്റ്റ് 2ന് തൊട്ടടുത്ത ദിവസം (ഓഗസ്റ്റ് 3 വെള്ളിയാഴ്ച) ജുമുഅ ഖുത്ബയിലൂടെ മുസ്‌ലിം സമൂഹത്തിന്റെ ഈ ആഭ്യന്തര പ്രശ്നത്തിൽ അമേരിക്കയുൾപ്പെടെയുള്ള വൈദേശിക ക്രൈസ്തവശക്തികളെ ഇടപെടുവിക്കരുതെന്ന് വിശുദ്ധ ഖുർആന്റെ (അൽഹുജുറാത്ത് 10, 11) അടിസ്ഥാനത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ നാലാം ഖലീഫ ഹ: മിർസാ ത്വാഹിർ അഹ്മദ് (റഹ്) താക്കീതു ചെയ്യുകയുണ്ടായി. തുടർന്ന് 17 ജുമുഅ: ഖുത്ബകൾ നിർവ്വഹിച്ചുകൊണ്ട് മുസ്‌ലിം ലോകത്തെ ഉപദേശിച്ചുകൊണ്ടിരുന്നു എന്ന് മാത്രമല്ല, അമേരിക്കയും ബ്രിട്ടനുമുൾപ്പെടുന്ന പാശ്ചാത്യശക്തികളും അവരുടെ പുത്തൻ കുറ്റുകാരായ ജൂതരാഷ്ട്രവും ലോകത്ത് ചെയ്തിട്ടുള്ള ഗൂഢാലോചനകളും, പൈശാചികകൃത്യങ്ങളും ലോകത്തിന് മുമ്പാകെ തുറന്നുകാട്ടുകയുമുണ്ടായി. അസാധാരണമായ മനോധൈര്യമാണ് ഖലീഫ തിരുമനസ്സ് കാണിക്കുകയുണ്ടായത്. അഹ്മദിയ്യാ ജമാഅത്തിനെ സാമ്രാജ്യത്വത്തിന്റെ സന്തതികൾ എന്ന് ആക്ഷേപിക്കുന്ന മുസ്‌ലിം രാഷ്ട്രങ്ങളും, റാബിത്വപോലുള്ള സംഘടനകളും ഒരുവശത്ത് അമേരിക്കൻ ആജ്ഞ ശിരസാവഹിച്ച് തങ്ങളുടെ ദിവ്യഗ്രന്ഥത്തിൽ പോലും തിരിമറി നടത്തുകയും ഇസ്‌ലാമിലെ നിർബന്ധ കർമ്മങ്ങൾ പോലും സാമ്രാജ്യത്വത്തിന് അടിയറവെക്കുകയും ചെയ്യുമ്പോൾ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്, ഇസ്‌ലാമിന്റെ തനതായ രൂപം, 'മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ ഇന്റർനാഷണൽ' മുഖേനയും ഇന്റർനെറ്റ് മുഖേനയും, ലോകം മുഴുക്കെ എത്തിക്കുന്നുവെന്ന് മാത്രമല്ല, ദജ്ജാലിയൻ ശക്തികളുടെ ഗൂഢാലോചനകൾക്കെതിരിൽ മുസ്‌ലിം ലോകത്തെ നിരന്തരമായി ഉണർത്തിക്കൊണ്ടിരിക്കുകയുമാണ് - ഒരു കാലത്ത് കഅ്ബതുല്ലായിൽ കുരിശ് നാട്ടുമെന്ന് വീരവാദം ചെയ്തിരുന്ന യൂറോപ്യൻ മിഷണറിമാരുടെ നാട്ടിൽ കുരിശിന്റെ മരണമണി മുഴങ്ങുന്നതിന് അഹ്മദിയ്യാ ജമാഅത്തിന്റെ പ്രവർത്തനങ്ങൾ കാരണമായിക്കൊണ്ടിരിക്കുകയാണ് എന്ന സത്യം എതിരാളികളുടെ പ്രസിദ്ധീകരണങ്ങൾ തന്നെ വിളിച്ചോതുകയാണ്.

അഹ്മദീ മുസ്‌ലിംകളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ച് "ലോകമുസ്‌ലി"മിന്റെയും രാഷ്ട്രങ്ങളുടെയും നായകരാകാൻ വെമ്പൽ കൊണ്ട പാകിസ്ഥാൻ ഇന്നെത്തിപ്പെട്ട നിസ്സഹായാവസ്ഥയിലേക്കും വിരൽചൂണ്ടുന്നുണ്ട് മി. അബ്ദുല്ലാസാഹിബ്. അദ്ദേഹം എഴുതുന്നു: "പാകിസ്താൻ വിമാനത്താവളങ്ങളിൽ അമേരിക്ക നിരീക്ഷകരെ നിശ്ചയിച്ചിരിക്കുന്നതായി ഇക്കഴിഞ്ഞ ദിവസം വാർത്തയുണ്ടായിരുന്നു. ഗോത്രവർഗ്ഗക്കാർ താമസിക്കുന്ന പ്രദേശത്തെ മതപാഠശാലയുടെമേൽ ബോംബു വർഷിച്ച് നിരപരാധികളായ 80 പേരെ നിഷ്ഠൂരം കൊന്നൊടുക്കിയതിന്റെ തൊട്ടുടനെയാണ് പാകിസ്താന്റെ അകത്തേക്ക് കടന്നുചെന്നുള്ള ഈ നിരീക്ഷണം.

അഫ്ഗാനിസ്ഥാനിലെ ദീർഘകാലത്തെ ആഭ്യന്തര യുദ്ധത്തിൽ സർവ്വവും നഷ്ടപ്പെട്ട് ദുരിതക്കടൽ താണ്ടി പാകിസ്ഥാനിലെ അഭയാർത്ഥി ക്യാമ്പുകളിൽ മരിച്ചുജീവിക്കുന്ന മനുഷ്യകോലങ്ങൾക്ക് ഇത്തിരി ദുരിതാശ്വാസ സാധനങ്ങൾ എത്തിക്കുന്നതിന് പാകിസ്ഥാനിൽ എത്തിയ അറബ് സന്നദ്ധപ്രവർത്തകരെ, അമേരിക്ക വാഗ്ദാനം ചെയ്ത ധനം മോഹിച്ച്, അൽഖാഇദ ഭീകരരെന്ന പേരിൽ പാക് ഭരണാധികാരികൾ അമേരിക്കയ്ക്ക് പിടിച്ചുകൊടുക്കുകയും, ഗ്വാണ്ടനാമോ തടവറയിൽ നാസി പീഡനകേമ്പുകളെപോലും ലജ്ജിപ്പിക്കുന്ന പീഢനങ്ങൾക്ക് വിധേയമാക്കിക്കൊണ്ടിരിക്കുന്ന മനുഷ്യമക്കളിൽ ഒരു വിഭാഗം ഈ സന്നദ്ധ പ്രവർത്തകരാണെന്ന നടുക്കുന്ന സത്യം, മുസ്‌ലിം ലീഗ് നേതാവും ഇപ്പോൾ കേന്ദ്ര വിദേശകാര്യ സഹമന്ത്രിയുമായ ഇ. അഹ്മദ് സാഹിബ് 'ചന്ദ്രിക' ദിനപത്രത്തിലെ 'അമേരിക്കൻ ഡയറി' എന്ന തന്റെ യാത്രാ വിവരണത്തിലൂടെ ഈയിടെ പുറത്തുകൊണ്ടുവരികയുണ്ടാ

യി. ഈ കാര്യംതന്നെ ഈ അടുത്തകാലത്ത് പ്രബോധനം വാരികയിലും വരികയുണ്ടായി. അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ച് ഇസ്‌ലാമിന്റെ 'ഇസ്സത്ത് തെളിയിച്ച' പാകിസ്താന്റെ ഈ നിഷ്ഠൂര ചെയ്തിയെ സംബന്ധിച്ച് ജമാഅത്തെ ഇസ്‌ലാമിയെ പോലുള്ള സംഘടനകൾക്ക് എന്തുണ്ട് പറയാൻ?

സുന്നിയായ ലിയാഖത്ത് അലിഖാനും, ശിയാവിശ്വാസിയായ ജിന്നാ സാഹിബും അഹ്മദീ മുസ്‌ലിം ആയ സഫറുല്ലാഹ് ഖാൻ സാഹിബും, വിശാലമായ ഇസ്‌ലാമിക സാഹോദര്യത്തെ മുൻനിർത്തി രൂപം നൽകി മുമ്പോട്ടു നയിക്കുകയും, സ്വാതന്ത്ര്യത്തിന്റെയും സമഭാവനയുടെയും അടിസ്ഥാനത്തിൽ രൂപംകൊണ്ട ആധുനിക മുസ്‌ലിം രാഷ്ട്രം, ഫലസ്തീനിലെയും മറ്റു ആഫ്രോ-ഏഷ്യൻ രാജ്യങ്ങളിലെയും സ്വാതന്ത്ര്യപ്രസ്ഥാനങ്ങൾക്ക് പിന്തുണ നൽകുകയും, മുസ്‌ലിം പ്രശ്നങ്ങളിൽ നേതൃപരമായ പങ്ക് വഹിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന കാലഘട്ടത്തിലാണ് അഹ് റാർ - ജമാഅത്തെ ഇസ്‌ലാമി ഭീകര സംഘടനകൾ പാകിസ്താനിൽ കലാപമഴിച്ചുവിടുന്നതും, തുടർന്ന് മതതീവ്രവാദികളുടെ വിഹാരഭൂമിയായി പാകിസ്താൻ മാറുന്നതും. യു.എന്നിലെ പാക് പ്രതിനിധി എന്ന നിലയിൽ സർ മുഹമ്മദ് സഫറുല്ലാഹ്ഖാൻ നടത്തിയ മർദ്ദിതലോകത്തിന് വേണ്ടിയുള്ള ഐതിഹാസികമായ പോരാട്ടങ്ങൾ ഒരു വശത്തും അമുസ്‌ലിം ന്യൂനപക്ഷമെന്ന് പ്രഖ്യാപിച്ച് അഹ്മദികളെ അകറ്റി നിർത്തിയ ഇന്നത്തെ പാക് നേതൃത്വത്തിന്റെ നിഷ്ഠൂരചെയ്തികൾ മറുവശത്തും വെച്ച്കൊണ്ട് തുലനം ചെയ്തുനോക്കാൻ ഇസ്‌ലാമിക രക്തം സിരകളിലോടുന്ന മുസ്‌ലിം സഹോദരങ്ങൾ തയ്യാറാവട്ടെ.

ചുരുക്കത്തിൽ മുസ്‌ലിം ലോകത്തിന് തീരാദുരിതങ്ങൾ സമ്മാനിച്ചുകൊണ്ടിരിക്കുന്ന അമേരിക്കയെയും കൂട്ടാളികളെയും നബി തിരുമേനി (സ)യുടെ പ്രവചനങ്ങളുടെ വെളിച്ചത്തിൽ മനസ്സിലാക്കുവാൻ ശ്രമിക്കുകയും, ദജ്ജാൽ -യഅ്ജൂജ് മഅ്ജൂജ് ശക്തികൾക്കെതിരിൽ മുസ്‌ലിം ഉമ്മത്തിന് വിജയം നൽകുന്നതിന്, തിരുനബി(സ)യുടെ പ്രവചനങ്ങളുടെ സാക്ഷാൽകാരമായി അവതരിച്ച വാഗ്ദത്ത മസീഹിനെ സ്വീകരിക്കുകയല്ലാതെ തങ്ങൾക്ക് വേറെ മാർഗ്ഗമില്ലെന്ന സത്യം മനസ്സിലാക്കുകയും ചെയ്യുന്നതു വരെ മുസ്‌ലിം ഉമ്മത്ത് ഈ ദുഃഖത്തിൽ നിന്നും അപമാനത്തിൽ നിന്നും രക്ഷപ്പെടുകയില്ലെന്ന് ഉണർത്തിക്കൊണ്ട് ഈ വരികൾ അവസാനിപ്പിക്കുകയാണ്. ●

*(17 -ാം പേജിൽ നിന്ന് )*

വച്ചുപുലർത്തിയ മതമേധാവികൾ ജനങ്ങളിലും ഈ ധാരണ വളർത്തി. ശാസ്ത്രസാങ്കേതിക മേഖലയിൽ ഇസ്‌ലാമിക രാജ്യങ്ങളുടെ സംഭാവനകൾ നാമമാത്രമായി. 20-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതി ആയപ്പോഴേക്കും വിശ്വാസാദർശങ്ങളിലുള്ള വ്യത്യാസത്തിന്റെ പേരിൽ നോബൽ സമ്മാനജേതാവായ ലോകത്തിലെ ആദ്യത്തെ മുസ്‌ലിം ശാസ്ത്രജ്ഞനെ ഇസ്‌ലാമികലോകം തിരസ്കരിച്ചതിന് ലോകജനത സാക്ഷ്യം വഹിച്ചു. ഡോ. അബ്ദുസ്സലാം സാഹിബിന് അദ്ദേഹം അഹ്മദിയ്യാ മുസ്‌ലിം വിശ്വാസിയായതിനാൽ ജന്മനാടായ പാകിസ്ഥാനിലും മറ്റ് ഇസ്‌ലാമിക രാജ്യങ്ങളിലും അർഹമായ അംഗീകാരം ലഭിച്ചില്ല. ശാസ്ത്ര മേഖലയിൽ മതവിശ്വാസാദർശങ്ങളുടെ അനാരോഗ്യകരമായ ഇടപെടലുകൾക്ക് ഒടുവിലത്തെ ഉദാഹരണമായി നമുക്കിതിനെ കാണാം.

ശരിയല്ലാത്ത മതവിശ്വാസങ്ങളും തെറ്റായ ശാസ്ത്ര നിഗമനങ്ങളും അതിജീവനത്തിന്റെ പാതയിൽ അല്പായുസ്സുകൾ ആയിരിക്കും. ശാസ്ത്ര സാങ്കേതിക മേഖലകളിലെ ഓരോ നാഴികകല്ലുകളും ദൈവം ഈ പ്രപഞ്ചത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന അനന്ത സാധ്യതകളുടെ സാക്ഷാത്കാരമാണെന്ന് തിരിച്ചറിയും. മറിച്ച് ശാസ്ത്രജ്ഞർ സ്തുതിക്കപ്പെടുകയും ദൈവം തിരസ്കരിക്കപ്പെടുകയും ചെയ്യുന്നപക്ഷം അനിവാര്യമായ പ്രത്യാഘാതങ്ങളിൽ നിന്ന് മനുഷ്യസമുദായത്തെ മോചിപ്പിക്കാൻ ശാസ്ത്രത്തിനാവില്ല. ●



ലേഖനം

# കേരളത്തിന്റെ മാർത്തോമ്മാ പാരമ്പര്യം: ഗവേഷകന്മാർ ഏറ്റെടുക്കേണ്ട ചരിത്രപ്രശ്നം

ഏ.എം. മുഹമ്മദ് സലിം

**കേരളത്തിലെ മാർത്തോമാ ചരിത്രത്തെ അന്ധകാരത്തിന്റെ കോട്ടയിൽ തളച്ചിട്ടത് റോമൻസഭയാണ്. കേരളത്തിലെ മാർത്തോമാ ക്രിസ്ത്യാനികൾ തങ്ങളുടെ ചരിത്രവും ദൈവിക പാരമ്പര്യത്തിന്റെ യാഥാർത്ഥ്യവും തിരിച്ചറിയേണ്ടതുണ്ട്.**

കേരളത്തിലെ ക്രൈസ്തവ സഭകളുടെ പ്രഥമപ്രേക്ഷിതൻ ക്രിസ്തുവിന്റെ ഭക്തശിഷ്യനായ സെന്റ് തോമസ് ആണ്. ക്രിസ്തുവിന്റെ കാലത്തു തന്നെ ആ പുണ്യാത്മാവിനെ കൈക്കൊള്ളാൻ ഭാഗ്യം സിദ്ധിച്ച കേരളത്തിലെ ക്രിസ്ത്യാനികൾ അത്യപൂർവ്വ ബഹുമതി അർഹിക്കുന്ന ഒരു മഹനീയ പാരമ്പര്യത്തിന്റെ ഉടമകളാണ്. സെന്റ് തോമസ് മുഖേന മിശിഹായുമായി ബന്ധമുള്ള ഇവിടുത്തെ ക്രിസ്ത്യാനികളുടെ മതപരവും ചരിത്രപരവുമായ പ്രാധാന്യം വേണ്ട വിധം വിശകലനം ചെയ്യപ്പെട്ടിട്ടില്ല.

ചരിത്രരേഖകളുടെ അഭാവം കൊണ്ടും അത്യുക്തിയുടെ അതിപ്രസരം കൊണ്ടും സെന്റ് തോമസ് കേരളത്തിൽ വന്നിട്ടില്ലെന്ന വാദം തികച്ചും ബാലിശമാണ്. അതിശക്തവും അഖണ്ഡവുമായ മാർത്തോമ്മാ പാരമ്പര്യം നിലനിൽക്കെ ചരിത്രരേഖകളുടെ അഭാവം പറഞ്ഞ് ചരിത്രസത്യത്തെ നിഷേധിക്കുന്നത് അല്പത്വം എന്നതിൽ കവിഞ്ഞ് ആധുനിക ചരിത്ര രചനാ ശാസ്ത്രത്തിലുള്ള വിവരക്കേടുകൂടിയാണ്. വൈക്കോൽക്കൂനയിൽ നിന്ന് സൂചി പരതുന്ന അവധാനതയോടെ ക്ഷമാപൂർവ്വം നടത്തുന്ന ക്രിയാത്മക ഗവേഷണങ്ങൾ മിത്തിന്റെ സ്വഭാവമുള്ള ഈ മഹാപൂരണങ്ങൾക്ക് പരിപൂർത്തി വരുത്തുക തന്നെ ചെയ്യും. അതിന് പകരം സെന്റ് തോമസ് കേരളത്തിൽ വന്നിട്ടില്ല എന്ന് പറഞ്ഞ് നിഷേധാത്മക സമീപനം വെച്ചുപുലർത്തുന്ന ശുഷ്കബുദ്ധികൾ ശ്രദ്ധയാകർഷിക്കാൻ ഒച്ചവെക്കുന്നവരാണ്. അവരെ നമുക്ക് അവഗണിക്കാം. കേരളത്തിലെ സെന്റ് തോമസ് ചരിത്രം വഴിമുട്ടിനിൽക്കുന്ന ഇത്തരം സന്നിഗ്ദാവസ്ഥയിൽ ചരിത്രകാരൻ തൂലിക താഴെ വെക്കുമ്പോൾ ഒരു സമൂഹത്തിന്റെ ഭൂതകാലം ഇരുളിന്റെ അഗാധതയിലേക്ക് തള്ളപ്പെടുന്നു. അതുകൊണ്ട് പാരമ്പര്യ വിശ്വാസങ്ങളെ അഗ്നിശുദ്ധി വരുത്തിക്കൊണ്ട് ചരിത്ര ഗവേഷണങ്ങൾ മുന്നോട്ടുകൊണ്ടു പോകേണ്ടിയിരിക്കുന്നു.

## പറങ്കികളുടെ കടന്നുകയറ്റം

കേരളത്തിലെ ക്രിസ്ത്യാനികളുടെ ചരിത്രപരമായ ഈ ശൂന്യതക്ക് കാരണം 15-ാം നൂറ്റാണ്ടിൽ കേരളത്തിൽ ആയുധപാണികളായെത്തിയ റോമൻസഭയുടെ പ്രചാരകരായ പറങ്കികളായിരുന്നു. പത്രോസിന്റെ ശ്ലൈഹിക പാരമ്പര്യത്തിൽ കെട്ടിയുയർത്തിയ റോമൻ സഭ കേരളത്തിലെ ചിരപുരാതനമായതും തോമാശ്ലീഹയാൽ സ്ഥാപിതവുമായ ഇവിടുത്തെ ക്രൈസ്തവ സമൂഹത്തോട് ചെയ്ത നശീകരണ പ്രവർത്തനങ്ങളായിരുന്നു ഭൂതകാലത്ത് നിന്നും കേരളത്തിലെ നസ്രാണികളുടെ ചരിത്രം മുറിഞ്ഞു പോകാൻ കാരണം. സെന്റ് തോമസിന്റെ സഭയെ അവർ പരമപുച്ഛത്തോടെയാണ് വീക്ഷിച്ചത്. ഖുർആൻ, ക്രിസ്ത്യാനികളെ വിശേഷിപ്പിച്ച **നസാറാക്കൾ** അഥവാ **നസ്രാണികൾ** എന്ന പേരിൽ അറിയപ്പെട്ട ശാന്തശീലരും ഏകദൈവവിശ്വാസികളുമായിരുന്ന ഇവിടുത്തെ പുരാതന ക്രിസ്തീയ സഹോദരന്മാരെ നെസ്റ്റോ

റിയൻ പാഷാണ്ഡത ആരോപിച്ച് കൊടിയ മർദ്ദനങ്ങളിലൂടെയും കുന്നയങ്ങളിലൂടെയും റോമൻവൽക്കരിക്കുകയാണുണ്ടായത്. അവരുടെ മാർത്തോമ്മാ പാരമ്പര്യം തേച്ചുമായ്ച്ചു കളയുവാൻ എല്ലാ പാരമ്പര്യ ആചാരങ്ങളും ആരാധനാക്രമങ്ങളും ദൈവനിന്ദ ആരോപിച്ച് ഇല്ലാതാക്കി. പതിനാറാം നൂറ്റാണ്ടിൽ വിജ്ഞാന വെറിയനായ ഗോവയിലെ പറങ്കി മെത്രാൻ അലക്സിസ് മെനേസിസ് അമൂല്യമായ ചരിത്രശേഖരം ഉൾക്കൊള്ളുന്ന ക്രൈസ്തവ മതഗ്രന്ഥങ്ങളെല്ലാം കേരളത്തിലെ പള്ളികൾ തോറും സഞ്ചരിച്ച് അഗ്നിക്കിരയാക്കിക്കളഞ്ഞ ചരിത്രം കേരളചരിത്രത്തിലെ ഇരുളടഞ്ഞ ഒരദ്ധ്യായമാണ്. യഥാർത്ഥത്തിൽ ക്രൂരമായ ഈ റോമൻ വൽക്കരണമാണ് കേരളത്തിലെ അതിവിശിഷ്ടമായ മാർത്തോമ്മാ പാരമ്പര്യത്തെ ഇരുട്ടിലാഴ്ത്തിക്കളഞ്ഞത്. ചെന്നൈയിലുള്ള മയിലാപൂരിലെ സെന്റ് തോമസിന്റെ മൃതദേഹത്തിന്റെ അവശിഷ്ടങ്ങളും അതോടൊപ്പമുള്ള തിരുശേഷിപ്പുകളും എടുത്തുകൊണ്ടുപോയി അതൊരു ശൂന്യമായ ഖബറിടമാക്കിയതും തോമാശ്ലീഹയെ അഥവാ സെന്റ് തോമസിനെ ചരിത്രത്തിൽ നിന്നും വിസ്മൃതനാക്കിക്കളയാനുള്ള റോമൻസഭയുടെ ശ്രമമായി കരുതേണ്ടിയിരിക്കുന്നു.

## യൂദാ തോമാ

ക്രിസ്തുവിന്റെ 12 ശിഷ്യന്മാരിലൊളായിട്ടാണ് ബൈബിളിൽ സെൻറ് തോമസ് വിവരിക്കപ്പെട്ടിരിക്കുന്നത്. ബൈബിൾ പുതിയ നിയമത്തിൽ നാല് സുവിശേഷങ്ങളിലും തോമസിനെ പ്രതിപാദിക്കുന്നുണ്ട്. അതിൽ മത്തായി (10:3) മാർക്കോസ് (3;18) ലൂക്കോസ് (6:15) എന്നീ സുവിശേഷങ്ങൾ അദ്ദേഹത്തെ ഒന്നു പരാമർശിക്കുക മാത്രമാണ് ചെയ്യുന്നത്. യോഹന്നാനിലാണ് കുറച്ചധികം പരാമർശമുള്ളത്. **ദിദിമോസ്** എന്ന മറ്റൊരു പേരിലും അറിയപ്പെടുന്ന അദ്ദേഹത്തിന്റെ യഥാർത്ഥ നാമം **'യൂദാ'** എന്നാണ്. **തോമസ്** എന്നത് വിളിപ്പേരാണ്, അഥവാ വിശേഷണമാണ്. **'തോമസ്'** എന്ന പദത്തിന് 'ഇരട്ട പിറന്നവൻ', 'കൂടെയുള്ളവൻ', 'സഹോദരൻ' എന്നെല്ലാമാണ് അർത്ഥം. Act of Juda Thomae എന്ന അപ്പോക്രിഫാ പുസ്തകത്തിൽ തോമസ് യേശുവിന്റെ ഇരട്ട പിറന്ന സഹോദരൻ (യുഗ്മജൻ) ആയി വിവരിക്കപ്പെട്ടിട്ടുണ്ട്. ഇതിന്ന് ബൈബിളിൽ വ്യക്തമായ തെളിവുകളില്ല. ബൈബിൾ പ്രകാരം തോമസിനെ വേണമെങ്കിൽ യേശുവിന്റെ സഹോദരനാണെന്ന് പറയാൻ സാധിക്കും. 'ഇവൻ തച്ചന്റെ മകൻ അല്ലയോ? ഇവന്റെ സഹോദരന്മാർ യാക്കബ്, യോസെ, ശീമോൽ, യൂദാ എന്നിവരല്ലയോ?' (മത്തായി 13:55). ഒരു പക്ഷേ യേശുവിന്റെ അതേ മുഖഛായ ഉള്ളത് കൊണ്ടോ അല്ലെങ്കിൽ സദാസമയവും യേശുവിനോടൊപ്പം സഞ്ചരിക്കുന്നത് കൊണ്ടോ ആണ് 'കൂടെയുള്ളവൻ' (ഇരട്ട) എന്ന അർത്ഥമുള്ള തോമസ് എന്ന അഭിധാനം 'യൂദാക്ക്' സിദ്ധിച്ചത്. ഒരിക്കൽ യേശു ശത്രുക്കൾ ധാരാളമുള്ള ബഥനിയിലേക്ക് പോകുമ്പോൾ മരിക്കാൻ സന്നദ്ധനായിക്കൊണ്ട് യേശുവിനെ അനുഗമിക്കുന്നത് തോമസാണ്. (യോഹ: 11:10) തോമസ് യേശുവിന്റെ മാതാവ് മറിയയുടെ സ്തന്യപാനിയായ (മുലകുടി ബന്ധത്തിലുള്ള) സഹോദരനായിരുന്നുവെന്നാണ് അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് അഹ്മദ് (അ)ന്റെ നിഗമനം. (യഹൂദികളും മുസ്‌ലിംകളും മുലകുടിബന്ധത്തിലുള്ള സഹോദരി സഹോദരന്മാരായി കണക്കാക്കാറുണ്ട്) മറിയയിലുണ്ടായ ഔരസ സഹോദരനല്ല എന്നർത്ഥം.

**പത്രോസ് യേശുവിനോട് 'എവിടേക്കാണ് താങ്കളുടെയാത്ര എന്ന് ചോദിച്ചതിന്ന് 'നിനക്ക് എന്നെ അനുഗമിക്കാനാവില്ല' എന്ന് യേശു മറുപടി പറഞ്ഞു. 'എന്തുകൊണ്ട് അനുഗമിച്ചുകൂടാ' എന്നും 'ഞാൻ നിനക്ക് വേണ്ടി ജീവൻ ത്യജിക്കും' എന്നും പറഞ്ഞപ്പോൾ യേശു പറഞ്ഞു. 'സത്യമായും ഞാൻ നിന്നോട് പറയുന്നു; നീ എന്നെ മൂന്ന് പ്രാവശ്യം തള്ളിപ്പറയുന്നതിന്ന് മുമ്പ് കോഴി കൂകുകയില്ല. തുടർന്ന് യേശു പറഞ്ഞു. "നിങ്ങളുടെ ഹൃദയം കലങ്ങേണ്ട, ദൈവത്തിൽ വിശ്വസിക്കുക. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്. അങ്ങനെയല്ലായിരുന്നുവെങ്കിൽ നിങ്ങൾക്ക് ഒരു സ്ഥലം ഒരുക്കാനായി പോകുന്നുണ്ട് എന്ന് ഞാൻ പറയുമോ? ഞാൻ പോയി നിങ്ങൾക്ക് വേണ്ടി ഒരു സ്ഥലം ഒരുക്കിയതിന് ശേഷം ഞാൻ ഇരിക്കുന്നിടത്ത് നിങ്ങളും ഇരിക്കേണ്ടതിന്ന് ഞാൻ വീണ്ടും വന്ന് എന്റെ അടുക്കലേക്ക് നിങ്ങളെ സ്വീകരിക്കും. ഞാൻ പോകുന്നിടത്തേക്കുള്ള വഴി നിങ്ങൾക്ക് അറിയാം." തോമസ് അവനോട് ചോദിച്ചു. 'കർത്താവേ എങ്ങോട്ടാണ് പോകുന്നതെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. പിന്നെ എങ്ങനെ വഴി അറിയും?' യേശു പറഞ്ഞു: "ഞാൻ തന്നെ വഴിയും സത്യവും ജീവനും."** (യോഹ: 13;36 –38, 14:1–6).

ഇവിടെ സുദീർഘമായ ഒരു യാത്രക്ക് പുറപ്പെടുന്ന യേശുവിനെ നമുക്ക് കാണാം. യാത്രയിൽ അനുഗമിക്കാമെന്ന് പറഞ്ഞ പത്രോസിനെ യേശു നിരാകരിച്ചു. തന്നെ തള്ളിപ്പറയുമെന്ന് പറയുകയും , തോമസിന്റെ ചോദ്യത്തിന് ***'ഞാൻ തന്നെ വഴി'*** എന്ന് മറുപടി കൊടുക്കുകയും ചെയ്തു എന്നത് ശ്രദ്ധേയമാണ്. വാസ്തവത്തിൽ കാണാതെപോയ ഇസ്രയേൽ ഗോത്രങ്ങളെ തേടി ഭാരതത്തിലേക്കുള്ള തന്റെ യാത്രയിൽ യേശുവിനെ അനുഗമിച്ചത് തന്റെ വത്സലശിഷ്യനായ തോമസായിരുന്നു.

## സംശയിക്കുന്ന തോമാ

തോമസിനെപ്പറ്റി മറ്റൊരു പരാമർശം യോഹന്നാൻ സുവിശേഷത്തിലുള്ളത് ഇപ്രകാരമാണ്. കുരിശ് സംഭവത്തിന് ശേഷം ശിഷ്യന്മാർ ചകിതരായി ഒരു സ്ഥലത്ത് കതകടച്ചിരുന്നു. അപ്പോൾ, കല്ലറയിലെ ശുശ്രൂഷ കഴിഞ്ഞ, പൂർണ്ണ ആരോഗ്യം വീണ്ടെടുത്ത യേശു ശിഷ്യന്മാരുടെ അടുക്ക

ലേക്ക് വന്നു. തോമസ് ആ സംഭവം വിശ്വസിച്ചില്ല. അവന്റെ കൈകളിൽ ആണികൾ കൊണ്ടുള്ള മുറിവുകൾ കാണുകയും ആ ആണിപ്പഴുതുകളിൽ എന്റെ വിരൽ ഇടുകയും ചെയ്താലല്ലാതെ ഞാൻ വിശ്വസിക്കില്ല എന്നു പറഞ്ഞു. (യോ ഹ: 20:25) യേശു വീണ്ടും അവിടെ വന്നു. ***"നിന്റെ വിരൽ നീട്ടുക. എന്റെ കൈകൾ കാണുക, നിന്റെ കൈ നീട്ടി എന്റെ വിലാപുറത്തിൽ ഇടുക (യോഹ: 20:27)*** ഇവിടെ സംശയിക്കുന്ന (Doubting Thoma) തോമ എന്ന ഒരു സ്വഭാവവിശേഷം തോമസിനു നേടിക്കൊടുത്തെങ്കിലും യഥാർത്ഥത്തിൽ ക്രിസ്തു കുരിശിൽ മരിച്ചിട്ടില്ല എന്ന അനിഷേധ്യമായ യാഥാർത്ഥ്യം സ്ഥാപിക്കാൻ തോമസിന്റെ ഈ സംശയവും പരിശോധനയും നിമിത്തമായി. കുരിശ് സംഭവത്തിന് ശേഷം യേശു ജഢശരീരത്തോടുകൂടെ തന്നെയുള്ളവനായിരുന്നുവെന്നും അതിഭൗതികതയോ അമാനുഷികതയോ പ്രാപിച്ചിട്ടില്ല എന്നും ഈ പരിശോധന ബൈബിൾ വായനക്കാരന് ബോധ്യപ്പെടുത്തിക്കൊടുക്കുന്നു. കുരിശ് സംഭവാനന്തരം കാണാതെ പോയ ഇസ്രയേൽ ഗോത്രങ്ങളെ തേടി യാത്ര ആരംഭിക്കാൻ തിബരിയാസ് (ഗലീലിക്കടൽ തീരം) തീരത്തെ സന്ദർശനത്തിന് ശേഷം ബഥനിയിൽ വെച്ച് ശിഷ്യന്മാരോട് യാത്ര ചൊല്ലിപ്പിരിയുന്ന സന്ദർഭത്തിലും യേശുവിനോടൊപ്പം സന്തതസഹചാരിയായ തോമസ് ഉണ്ട്.

പിൽക്കാലത്ത് ഈജിപ്തിൽ നിന്നു കണ്ടെടുത്ത യൂദാതോമയുടെ പ്രവൃത്തികൾ Act of Juda Thomae എന്ന പുസ്തകത്തിൽ അഫ്ഗാനിസ്ഥാൻ വഴി യേശുവിനോടൊപ്പം തോമസ് ഇന്ത്യയിലേക്ക് വന്നതിന്റെ വ്യക്തമായ സൂചനകളുണ്ട്. ***ആക്ട് ഓഫ് യൂദാ തോമയിൽ*** അബനാസ് എന്ന കച്ചവടക്കാരനോടുകൂടി പുരാതന തുർക്കിയിലെ ആന്ദ്രപ്പാ രാജാവിന്റെ രാജധാനിയിലും തുടർന്ന് ഇറാഖും ഇറാനും കടന്ന് അഫ്ഗാനിസ്ഥാനിലെ ഗൊണ്ടാഫറസ് രാജാവിന്റെ രാജധാനിയിലും സെന്റ് തോമസ് സന്ദർശിച്ചതായും പരാമർശമുണ്ട്. ഗൊണ്ടാഫറസ് രാജധാനിയിൽ യേശുവും വന്നതായി ആക്റ്റ് ഓഫ് യൂദാ തോമയിൽ ശക്തവും വ്യക്തവുമായ സൂചനയുണ്ട്.

**Act of Juda Thomae**യിൽ കേരളത്തെപ്പറ്റി പരാമർശമില്ല എന്നാണ് കേരളത്തിലെ ക്രിസ്ത്യാനികളുടെ പരിഭവം. യേശുവും തോമസും കാണാതെപോയ ഇസ്രയേൽ ഗോത്രങ്ങൾക്കിടയിൽ പ്രേഷിത പ്രവർത്തനം നടത്താൻ ദീർഘസഞ്ചാരം നടത്തിയവരായിരുന്നുവല്ലോ. വിനിമയബന്ധങ്ങൾ കുറവായിരുന്ന പണ്ട് കാലത്ത് യേശുവും തോമസും അതാത് പ്രദേശങ്ങളിൽ ജീവിച്ചിരുന്ന കാലത്തെ പ്രവർത്തനങ്ങൾ മാത്രമെ എഴുതപ്പെട്ടിട്ടുള്ളൂ. സഞ്ചാരികളായ കഥാപുരുഷന്മാരുടെ സമഗ്രജീവിത പ്രവർത്തനങ്ങൾ എഴുതുക സാധ്യമല്ല. അതുകൊണ്ടാണ് കുരിശ് സംഭവാനന്തരമുള്ള ക്രിസ്തുവിന്റെ പ്രവർത്തനങ്ങളെപ്പറ്റി ബൈബിളിലും, തോമസിന്റെ കേരളത്തിലെ പ്രവർത്തനങ്ങളെപ്പറ്റി Act of Juda Thomae യിലും പരാമർശങ്ങൾ കാണാത്തത്. ക്രിസ്തീയ സഹോദരന്മാർ ഈ സത്യം തിരിച്ചറിയേണ്ടതുണ്ട്.

### സെൻറ് തോമസ് കേരളത്തിൽ

ഈയടുത്തകാലത്ത് സിന്ധുനദീതടങ്ങളിൽ നടത്തിയ ഉൽഖനനങ്ങൾയൂദാതോമായുടെ പ്രവർത്തികൾ (Act of Juda Thomae) എന്ന പുസ്തകത്തിൽ പറഞ്ഞത് പ്രകാരം ഗൊണ്ടാഫറസ് രാജാവിന്റെ കാലത്തെ നാണയങ്ങൾ ലഭിച്ചതിൽ നിന്നും അഫ്ഗാനിസ്ഥാനിലെ ആ രാജാവിന്റെ അസ്തിത്വം അനിഷേധ്യമായി തെളിയിച്ചിരിക്കുകയാണല്ലോ. യേശുവും തോമസും അഫ്ഗാനിസ്ഥാൻ, തിബത്ത്, കശ്മീർ, സിന്ധ്, പഞ്ചാബ് എന്നിവിടങ്ങളിൽ പുരാതനകാലത്ത് ചിതറിപ്പാർക്കുന്ന യഹൂദിഗോത്രങ്ങൾക്കിടയിൽ പ്രേഷിതപ്രവർത്തനങ്ങൾ നടത്തി കറാച്ചി തുറമുഖത്ത് നിന്നും തന്റെ വന്ദ്യഗുരു യേശുവുമായി പിരിയുകയും ഗുജറാത്ത്, കൊങ്കൺ, മലബാർ തീരം വഴി കേരളത്തിൽ വന്ന തോമസ് കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങുകയും ചെയ്തു. കേരളത്തിൽ അദ്ദേഹം ഏഴു സ്ഥലങ്ങളിൽ പള്ളി പണിയുകയുമുണ്ടായി എന്ന് വിശ്വസിക്കപ്പെടുന്നു. കേരളത്തിൽ ബുദ്ധമതസ്ഥരായി മാറിയ പൗരാണിക യഹൂദഗോത്രങ്ങൾക്കിടയിൽ മാർത്തോമ്മാ പ്രവർത്തിച്ചിരുന്നതായി അനുമാനിക്കാം. ഭാവിചരിത്രകാരന്മാർ സെൻറ് തോമസിന്റെ അപ്രകാശിതവും സന്ദിഗ്ധതകൾ നിറഞ്ഞതുമായ ജീവിതത്തിലെ ഉജ്ജ്വലമായ അധ്യായങ്ങൾ നമുക്ക് പറഞ്ഞു തരുമെന്ന് കരുതാം. ദൈവത്തിന്റെ പ്രേഷിത പ്രവർത്തനങ്ങൾക്കായി മഹത്തായ ത്യാഗങ്ങൾ സഹിക്കുകയും ജീവിതം സമർപ്പിക്കുകയും ചെയ്ത ആ മഹത്തുക്കളുടെ ചരിത്രം അന്ധവിശ്വാസങ്ങളിൽ നിന്നും വിശ്വാസശാഠ്യങ്ങളിൽ നിന്നും മുക്തമാക്കി ചരിത്രഗവേഷകന്മാർ ഒരുനാൾ യാഥാർത്ഥ്യം ലോകത്തിനു മുമ്പിൽ വെളിപ്പെടുത്താതിരിക്കില്ല.

അത്തരം യാഥാർത്ഥ്യങ്ങളാണ് നമ്മുടെ കർമ്മജീവിതത്തെ പ്രചോദിപ്പിക്കുക. മിത്തിനും ഇതിഹാസങ്ങൾക്കും അത്ഭുതപ്രവർത്തനങ്ങൾ മനുഷ്യന്റെ കർമ്മജീവിതത്തെ പ്രചോദിപ്പിക്കാനുള്ള കഴിവല്ല. ഇതിഹാസവത്ക്കരിക്കപ്പെട്ട ദൈവപുരുഷന്മാർ മതത്തിൽ ബിംബങ്ങളാക്കപ്പെടുകയും മുഖ്യാശെ മൂർത്തികളായി തീരുകയും ചെയ്യുന്നു. സെന്റ് തോമസിനും സംഭവിച്ചത് അതാണ്. ഈ യാഥാർത്ഥ്യം ഗ്രഹിച്ചുകൊണ്ട് ക്രൈസ്തവ ചരിത്രകാരന്മാർ അവരുടെ മഹത്വമാർന്ന പാരമ്പര്യത്തിന്റെ ചരിത്രം പഠിക്കേണ്ടതുണ്ട്. ●

**മരണം**

നിങ്ങൾ എവിടെയായിരുന്നാലും മരണം നിങ്ങളെ പിടികൂടും നിങ്ങൾ സുശക്തമായി പണിതുയർത്തപ്പെട്ട കോട്ടകൾക്കുള്ളിലായിരുന്നാലും ശരി.

***(വി. ഖുർആൻ 4:79).***

ലേഖനം

# കാന്തപുരത്തിന്റെ കറ്റുകെട്ട്

മുഹമ്മദ് ഉമർ എച്ച്.ഏ.

**ഹദ്റത്ത് അഹ്മദ് (അ)നെതിരെ സുന്നിനേതാവ് കാന്തപുരം അബൂബക്കർ മുസല്ല്യാർ ഉന്നയിക്കുന്ന ദുരാരോപണങ്ങളുടെ പൊള്ളത്തരം**

ദൈവിക പ്രസ്ഥാനങ്ങൾക്കും അവയുടെ ജനയിതാക്കൾക്കുമെതിരായി കള്ളം, വഞ്ചന, ദുർധാരണ എന്നീ പൈശാചികായുധങ്ങളോടുകൂടിയ എതിരാളികളുടെ ആക്രമണം ആരംഭം തൊട്ടേ സത്യനിഷേധികൾ സ്വീകരിച്ച അടവാണ്. എല്ലാ പ്രവാചകന്മാരുടെയും എതിരാളികൾ സ്വീകരിച്ചുവന്ന കിരാതമായ ശൈലിയാണിത്. സത്യം അറിഞ്ഞുകൊണ്ടുതന്നെ അതിനെ മറച്ചുപിടിക്കുകയും പാമരജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയും അവരെ പ്രകോപിപ്പിക്കുകയും ചെയ്യുന്ന പൈശാചിക കപടതന്ത്രങ്ങൾ ഇന്നും മെനഞ്ഞെടുക്കപ്പെടുന്നതായി കാണപ്പെടുന്നു.

"ആൾദൈവങ്ങൾ ഇസ്ലാമിക വീക്ഷണത്തിൽ'' എന്ന ശീർഷകത്തിൽ കാന്തപുരം അബൂബക്കർ മുസല്യാരുടെ ഒരു ലേഖനം മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ 2007 ഫിബ്രവരി 18 -24 ലക്കത്തിൽ പ്രസിദ്ധീകൃതമായിരിക്കുന്നു. പ്രസ്തുത ലേഖനത്തിൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ വന്ദ്യസ്ഥാപകരെപ്പറ്റി ഇപ്രകാരം പരാമർശിക്കുന്നു.

"ഖാദിയാനി മതത്തിന്റെ സ്ഥാപകനായ മിർസാ ഗുലാം അഹ്മദു ഖാദിയാനി തനിക്ക് പിടിപെട്ട മതിഭ്രമത്തിൽ ദൈവമാണെന്നും ദൈവാവതാരമാണെന്നും ദൈവപുത്രനാണെന്നുമൊക്കെ വാദിച്ചുനോക്കി.

മിർസയുടെ പല ജല്പനങ്ങളും ന്യായീകരിക്കുവാൻ ധീരമായ ശ്രമങ്ങൾ നടക്കുമ്പോഴും തങ്ങളുടെ തുച്ഛമായ അനുയായികളെ പിടിച്ചുനിർത്താൻ ഈ ദൈവവാദം മറച്ചുവെക്കേണ്ടി വരികയാണ്. ഏകദൈവവിശ്വാസം പരിശുദ്ധമായി നിലനിൽക്കുന്ന ഇസ്ലാമിൽ ഇത്തരം സങ്കല്പങ്ങൾ വിലപ്പോകില്ലെന്ന് ബോധ്യമുള്ളത് കൊണ്ടാണിത്.

(മാതൃഭൂമി 2007 ഫിബ്രവരി 18 -24 പേജ് 56)

ഈ ജല്പനങ്ങൾക്കു ഒന്നാമതായി ഞങ്ങളുടെ മറുപടി ലഅ്നത്തുല്ലാഹി അലൽ കാദിബീൻ (3:62) കള്ളം പറയുന്നയാളുടെ മേൽ ദൈവശാപമുണ്ടാകട്ടെ എന്നാണ്. കാരണം 'കാന്തപുരം ശൈഖുനാ' ഇവിടെ പച്ചക്കള്ളമാണു പറഞ്ഞിരിക്കുന്നത്.

ഹദ്റത്ത് അഹ്മദു (അ) തന്റെ ഒരു ഗ്രന്ഥത്തിലും താൻ ദൈവമാണെന്നോ ദൈവാവതാരമാണെന്നോ ദൈവപുത്രനാണെന്നോ വാദിച്ചിട്ടില്ല. കാന്തപുരത്തിന് ഇതൊരിക്കലും തെളിയിക്കുവാൻ സാധ്യമല്ല.

ആദ്യമായി, ഹദ്റത്ത് അഹ്മദ് (അ) എന്താണ് വാദിച്ചിരുന്നതെന്നു നോക്കാം. അദ്ദേഹം പറയുന്നു.

''സഹീഹ് ബുഖാരിയിലും സഹീഹ് മുസ്ലിമിലും ഇതര സഹീഹായ ഹദീസുകളിലും രേഖപ്പെട്ടു കിടക്കുന്നതനുസരിച്ചു വാഗ്ദത്ത മഹ്ദീ മസീഹാണ് ഞാനെന്ന് ഏതൊരുവന്റെ കയ്യിലാണോ എന്റെ ജീവനിരിക്കുന്നത് അവന്റെ പേരിൽ ആണയിട്ടു പറയുന്നു. അല്ലാഹു മതിയായ സാക്ഷിയാണ് (മൽഫൂസാത്ത് വാള്യം: 1. പേജ് 313)

"എനിക്ക് അല്ലാഹുവിന്റെ പരിശുദ്ധവും പവിത്രവുമായ ദിവ്യവെളിപാടുകൾ മൂലം അവന്റെ ഭാഗത്ത് നിന്നുള്ള വാഗ്ദത്ത മസീഹും മഹ്ദിയും ആന്തരികവും ബാഹ്യവും ആയ ഭിന്നിപ്പുകൾക്ക് തീർപ്പു കല്പിക്കുന്ന ആളുമാണ് ഞാൻ എന്ന് അറിയിക്കപ്പെട്ടിരിക്കുന്നു. (അർബയിൻ നമ്പർ 1. പേജ്4)

ഇപ്രകാരം അദ്ദേഹം വളരെ വ്യക്തമായ രീതിയിൽ പ്രവചനങ്ങളനുസരിച്ച് വാഗ്ദത്തം ചെയ്യപ്പെട്ട മഹ്ദി മസീഹായിട്ടു അല്ലാഹു തന്നെ നിയോഗിച്ചിരിക്കുന്നു എന്നാണു വാദിച്ചിരുന്നത്. ഏതൊരു അല്ലാഹുവാണോ തന്നെ നിയുക്തനാക്കിയിരിക്കുന്നത് ആ അല്ലാഹു താൻ തന്നെയാണെന്ന് അദ്ദേഹം വാദിച്ചിരിക്കുന്നുവെന്നു പറയുന്നത് വെറും ഭ്രാന്തൻ ജല്പനം എന്നല്ലാതെ മറ്റെന്ത് പറയുവാനാണ്.

അല്ലാഹുവിന്റെ സത്തയെയും അവന്റെ തൗഹീദിനെയും ഭൂമിയിൽ

നിലനിർത്തുവാനായിട്ടാണ് താൻ ആഗതനായിരിക്കുന്നതെന്നാണദ്ദേഹത്തിന്റെ വാദം. അദ്ദേഹം പറയുന്നു.

“അവൻ എന്നെ ഇക്കാലത്തേക്ക് വാഗ്ദത്ത മസീഹായി അയച്ചു. അവനല്ലാതെ ഒരു ദൈവവുമില്ല. ആകാശത്തിലുമില്ല. ഭൂമിയിലുമില്ല. അവനിൽ വിശ്വസിക്കാത്തവൻ ഭാഗ്യഹീനനും നിസ്സഹായതയിൽ കുടുങ്ങിയവനുമാണ്.”

“സർവ്വശക്തനായൊരു ദൈവമുണ്ടെന്ന് ഇനിയും അറിഞ്ഞിട്ടില്ലാത്തവൻ എത്രമാത്രം നിർഭാഗ്യവാൻ നമ്മുടെ സ്വർഗ്ഗം നമ്മുടെ ദൈവമത്രെ. നമ്മുടെ ഉന്നതമായ ആനന്ദാനുഭൂതികൾ നമ്മുടെ ദൈവത്തിലാകുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ അവനെ കണ്ടിരിക്കുന്നു. എല്ലാ സൗന്ദര്യങ്ങളും അവനിൽ കണ്ടെത്തിയിരിക്കുന്നു. ജീവൻ നഷ്ടപ്പെട്ടെങ്കിലും സ്വന്തമാക്കേണ്ട സമ്പത്താണവൻ. ജീവനും സർവ്വസ്വവും നഷ്ടപ്പെട്ടാലേ ലഭ്യമാകൂ എന്നുവന്നാലും വിലകൊടുത്തു വാങ്ങേണ്ട രത്നമാകുന്നു അവൻ.

“അല്ലയോ ഹതഭാഗ്യരെ, ഇതാ ഈ നീർധാരയിലേക്കു ഓടിയടുക്കുവീൻ - അതു നിങ്ങളെ വയർനിറയെ കുടിപ്പിക്കും. നിങ്ങളെ രക്ഷിക്കുന്ന ജീവിതശ്രോതസ്സാണത്. ഞാൻ എന്തു ചെയ്യാനാണ്. ഈ സന്തോഷവർത്തമാനം ഹൃദയങ്ങളിൽ കുടിയിരുത്താൻ ഞാനെന്താണ് ചെയ്യേണ്ടത്. ഇതാ! നിങ്ങളുടെ ദൈവം എന്ന് ഏത് ചെണ്ട കൊട്ടിയാണ് ഞാൻ വിളംബരം ചെയ്യേണ്ടത്, ലോകർ കേൾക്കുമാറാകാൻ! ലോകരുടെ കാതു തുറപ്പിക്കാൻ ഏത് ഔഷധം കൊണ്ടാണ് ഞാൻ ചികിത്സിക്കേണ്ടത് (നമ്മുടെ അദ്ധ്യാപനങ്ങൾ പേജ് 21, 22)

ഇപ്രകാരം ഹദ്റത്ത് അഹ്മദ് (അ) ദൈവാനുരക്തനായിക്കൊണ്ട് മുഴുലോകത്തെയും ഏകദൈവത്തിലേക്ക് ക്ഷണിച്ചുകൊണ്ടിരുന്നു. അദ്ദേഹം രചിച്ച എൺപതിലധികം ഗ്രന്ഥങ്ങൾ ഇതിനു സാക്ഷിയാണ്. എന്നിട്ടാണ് കാന്തപുരം മൗലാനാ, അദ്ദേഹം താൻ ദൈവമാണ് എന്നു വാദിച്ചിരുന്നതായി കറ്റുകെട്ടിപ്പറയുന്നത്.

ഹദ്റത്ത് അഹ്മദ് (അ) ഒരു ദർശനത്തിൽ താൻ ദൈവമായി എന്നു കാണുകയുണ്ടായി. അതായത്

റ അയ്ത്തുനീ ഫിൽമനാമി ഐനല്ലാഹി.

ഞാൻ എന്നെ ദർശനത്തിൽ ദൈവമായിക്കണ്ടു.

(ആയിനയെ കമാലാത്തെ ഇസ്ലാം. പേജ് 564)

താൻ ദൈവമായി എന്നു സ്വപ്നത്തിൽ കണ്ടു എന്ന് അദ്ദേഹം പറഞ്ഞതല്ലാതെ താൻ ഒരു ദൈവമാണ് എന്നദ്ദേഹം ഒരിക്കലും വാദിച്ചിരുന്നില്ല. സ്വപ്നലോകത്ത് ഇത്തരം ദർശനങ്ങൾ അപരിചിതമല്ല. സ്വപ്നശാസ്ത്രത്തിൽ ഇപ്രകാരം പറയുന്നു.

ഒരാൾ സ്വപ്നത്തിൽ താൻ ദൈവമായതായി കണ്ടാൽ അതിന്റെ അർത്ഥം അയാൾ നേർമാർഗ്ഗം പ്രാപിച്ചു എന്നാണ്. (തഅ്ഥിറുൽ അനാം ഫീതഅ്ബീറിൽ മനാം, പേജ്: 9)

ഹദ്റത്ത് അഹ്മദു (അ) താൻ അല്ലാഹു ആയതായി സ്വപ്നത്തിൽ കണ്ടത് ആ പുണ്യാത്മാവ് നേർമാർഗ്ഗത്തിലാണെന്നു അല്ലാഹു കാണിച്ചു കൊടുത്തതാണെന്ന് സ്വപ്നശാസ്ത്രത്തിന്റെ വിശദീകരണം വ്യക്തമാക്കിത്തരുന്നു.

ഹദ്റത്ത് യൂസുഫ് നബി (അ) കണ്ട ഒരു ദർശനത്തെക്കുറിച്ചു വിശുദ്ധ ഖുർആൻ പറയുന്നു.

“യൂസുഫ് തന്റെ പിതാവിനോടു പറഞ്ഞത് നീ സ്മരിക്കുക. അതായത് എന്റെ പിതാവേ, സൂര്യനും ചന്ദ്രനും പതിനൊന്നു നക്ഷത്രങ്ങളും എനിക്കു സുജൂദു ചെയ്യുന്നതായി ഞാൻ കണ്ടു. (12:5)

സൂര്യചന്ദ്രന്മാരും നക്ഷത്രങ്ങളും മറ്റെല്ലാ ചരാചരങ്ങളും അല്ലാഹുവിനെ മാത്രമെ സുജൂദു (പ്രണാമം) ചെയ്യുന്നുള്ളൂ എന്നു വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു.

അതായത്

“ആകാശഭൂമികളിലുള്ളവയൊക്കെയും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും മലകളും വൃക്ഷങ്ങളും കന്നുകാലികളും ജനങ്ങളിൽ ഭൂരിപക്ഷവും അല്ലാഹുവിന്നു സുജൂദു ചെയ്യുന്നതു നീ കാണുന്നില്ലേ? (22:19).

സൂര്യചന്ദ്രന്മാരും ഇതര എല്ലാ ജീവജാലങ്ങളും അല്ലാഹുവിനെ മാത്രമാണ് പ്രണമിക്കുന്നതെന്നു ഇവിടെ വ്യക്തമാക്കിയിരിക്കെ, സൂര്യചന്ദ്രനക്ഷത്രാദികൾ ഹദ്റത്ത് യൂസുഫ് നബിക്ക് സുജൂദു ചെയ്തതായി കണ്ടതും ഖുർആൻ തന്നെ പ്രതിപാദിക്കുന്നതുമായ ദർശനത്തെ ബാഹ്യാർത്ഥത്തിൽ എടുക്കുവാൻ സാധിക്കുമോ? അപ്പോൾ യൂസുഫു നബിയും താൻ ദൈവമാണെന്ന് വാദിച്ചിരുന്നതായി പറയാമോ? അതല്ല, യൂസുഫ് നബിയുടെ ദർശനത്തിന്നു ആത്മീയവിശദീകരണമല്ലേ കണ്ടെത്താനാവൂ? ഹദ്റത്ത് യൂസുഫ് നബിയുടെ കാലത്താണ് കാന്തപുരം മൗലാനാ സാഹിബ് ജീവിച്ചിരുന്നതെങ്കിൽ, യൂസുഫ് നബി താൻ ദൈവമാണെന്നു വാദിച്ചിരിക്കുന്നുവെന്ന് ആരോപിക്കുമായിരുന്നു.

ഹദ്റത്ത് നബികരിം(സ) കണ്ട ഒരു സ്വപ്നം ഹദീസു ഗ്രന്ഥങ്ങളിൽ ഇപ്രകാരം രേഖപ്പെട്ടു കിടക്കുന്നു. നീണ്ട തലമുടിയുള്ളവനും രണ്ടുകാലുകളിൽ സ്വർണ്ണച്ചെരുപ്പുകൾ ധരിച്ചവനുമായ ഒരു യുവാവിന്റെ രൂപത്തിൽ ഞാൻ അല്ലാഹുവിനെക്കണ്ടു.

(അൽയവാഖീത്തു വൽ ജവാഹിർ, തിബ്റാനീ മൌളൂആത്തെ കബീർ)

പ്രസ്തുത സ്വപ്നത്തെക്കുറിച്ചു സുപ്രസിദ്ധ സൂഫിവര്യനും പണ്ഡിതനുമായ ഹദ്റത്ത് മുല്ലാ അലിയുൽ ഖാരി ഇപ്രകാരം പറയുന്നു.

ഇത് സ്വപ്നമാണെന്ന കാര്യം കണക്കിലെടുത്താൽ അതിനെപ്പറ്റി യാതൊരു സംശയത്തിന്നും വകയില്ല (മൗളൂആത്തെ കബീർ)

ഇനി താൻ കണ്ട സ്വപ്നത്തിന്ന് ഹദ്റത്ത് അഹ്മദ് (അ) എന്താണ് വ്യാഖ്യാനം നൽകുന്നതെന്നു നോക്കാം. അദ്ദേഹം പറയുന്നു.

ഈ സ്വപ്നം കൊണ്ടു നാം വിവക്ഷിക്കുന്നത് അദ്വൈത സിദ്ധാന്തക്കാരുടെ ഗ്രന്ഥങ്ങളിൽ വിവരിക്കപ്പെടുന്നത് പോലുള്ള കാര്യമല്ല. അതേപ്രകാരം ദൈവം മനുഷ്യനിൽ ആവാഹിക്കുമെന്ന സിദ്ധാന്തക്കാരുടെ (ഹുലൂലിയ്യീൻ) വിശ്വാസവും അല്ല. മറിച്ചു ഈ സ്വപ്ന സംഭവം നബി തിരുമേനിയുടെ ഒരു ഹദീസിൽ പറഞ്ഞതിനോടു അനുയോജ്യമായ ഒരവസ്ഥയാണ് കാണിക്കുന്നത്. അല്ലാഹുവിന്റെ വരിഷ്ടദാസന്മാർക്ക് ഐച്ഛിക ആരാധനകൾ (നവാഫിൽ) മുഖേന ദൈവ സാമീപ്യപദവി ലഭിക്കുന്നുവെന്ന് ഹദീസു സഹീഹ് ബുഖാരിയിൽ രേഖപ്പെട്ടുകിടക്കുന്നു. (ആയിനയെ കമാലാത്തെ ഇസ്‌ലാം 566)

ആ ഹദീസ് ഇപ്രകാരമാണ്.

എന്റെ ദാസൻ ഐച്ഛികാരാധനകൾ (നവാഫിൽ) വഴിയായി എന്റെ സാമീപ്യം പ്രാപിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കും. ഞാൻ അവനെ സ്നേഹിക്കുന്നതുവരെ - ഞാൻ അവനെ സ്നേഹിച്ചുകഴിഞ്ഞാൽ അവൻ കേൾക്കുന്ന അവന്റെ ചെവിയും അവൻ കാണുന്ന അവന്റെ കണ്ണും അവൻ പിടിക്കുന്ന അവന്റെ കയ്യും അവൻ നടക്കുന്ന അവന്റെ കാലും ഞാൻ (അല്ലാഹു) ആയിത്തീരുന്നു.

(ബുഖാരി,
കിത്താബുർറിഖാഖ്)

ഈ ഹദീസു വിളിച്ചോതുന്നത് ഐച്ഛികമായ ആരാധനകൾ വഴി ഒരാൾ ദൈവത്തിന്റെ പ്രതിരൂപമായി ത്തീരുന്നുവെന്നാണ്. ഈ പറഞ്ഞ പ്രതിരൂപാത്മകത ദർശനം മുഖേന ഹദ്റത്ത് അഹ് മദി (അ)ന്ന് അല്ലാഹു കാണിച്ചുകൊടുത്തു. ഈ ഹദീസിന് മൗലാനാ എന്ത് വ്യാഖ്യാനമാണാവോ നൽകുന്നത്? ഈ ഹദീസിന്നു എന്തു വിശദീകരണമാണോ അദ്ദേഹം നൽകുന്നത്, അതുതന്നെയായിരിക്കും ഹദ്റത്ത് അഹ്മദി (അ)ന്റെ സ്വപ്ന ത്തിന്നുമുള്ളത്.

പിന്നെ നമ്മുടെ കാന്തപുരം പറയുന്നത് ഹദ്റത്ത് അഹ്മദു(അ) താൻ ദൈവപുത്രനാണെന്നു വാദിച്ചിരുന്നുവെന്നാണ്. ഇതും അദ്ദേഹത്തിന്റെ ഒരു സാങ്കല്പികജല്പനം മാത്രമാണ്. ഹദ്റത്ത് അഹ്മദ് (അ) താൻ ദൈവപുത്രനാണെന്നു ഒരിക്കലും വാദിച്ചിരുന്നില്ല എന്നത് ഒരു യാഥാർത്ഥ്യം മാത്രമാണ്. എന്നുമാത്രമല്ല, യേശു ദൈവപുത്രനാണെന്ന ക്രൈസ്തവ വിശ്വാസത്തെ അദ്ദേഹം ശക്തിയുക്തം ചെറുത്തു തോല്പിച്ചിട്ടുണ്ടെന്നതാണ് സത്യം. താൻ ദൈവപുത്രനാണെന്നു അദ്ദേ ഹം വാദിച്ചതിന് അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ നിന്നും ഒരു സൂചന പോലും ആർക്കും ലഭ്യമല്ല. അദ്ദേഹം തനിക്കുണ്ടായ ഒരു ഇൽഹാം അൻതമിന്നീ ബിമൻസിലത്തി വലദീ നീ എന്നിൽ നിന്നും എന്റെ സന്തതിയുടെ പദവിയിലുള്ള ആളാണ് എന്നതിന്നു വ്യാഖ്യാനം നൽകിക്കൊണ്ടു പറയുന്നു.

ഓർമ്മിക്കുവിൻ, അല്ലാഹു പുത്രന്മാരിൽ നിന്നും പരിശുദ്ധനാണ്. അവനു യാതൊരുവിധത്തിലുള്ള കൂട്ടുകാരനുമില്ല. പുത്രനുമില്ല. ഞാൻ ദൈവമാണെന്നോ ദൈവപുത്രനാണെന്നോ പറയുവാൻ ഒരാൾക്കും അവകാശമില്ല. പക്ഷെ, ഈ വാചകം അൻതമിന്നീ ബി മൻസിലത്തി വലദീ ഇവിടെ ഉപമാലങ്കാരമായി ഉപയോഗിച്ചിട്ടുള്ളതാണ്. (ദാഫിഉൽബലാ - പേജ് 6).

നബി കരിം (സ) തിരുമേനിയും അല്ലാഹുവിന്റെ സൃഷ്ടികളെക്കുറിച്ചു അവന്റെ മക്കളാണെന്ന് പ്രയോഗിച്ചിട്ടുണ്ട്. അരുൾ ചെയ്യുന്നു.

സൃഷ്ടികൾ അല്ലാഹുവിന്റെ മക്കളാണ്. അതിനാൽ തന്റെ മക്കൾക്ക് നന്മ ചെയ്യുന്നവരാരോ അവരാണ് അല്ലാഹുവിന്ന് ഏറ്റവും പ്രിയപ്പെട്ടവർ (മിശ്ക്കാത്ത് - ബാബുശ്ശഫഖത്തി)

ഇതിൽ നിന്നും അല്ലാഹുവിന്റെ മക്കൾ എന്ന പ്രയോഗത്തിന്റെ ആന്തരാർത്ഥം സ്പഷ്ടമാകുന്നുണ്ടല്ലോ.

മറ്റൊരിടത്ത് ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) പറയുന്നു.

അല്ലാഹുവിൽ സ്വയം അർപ്പണം ചെയ്തുകൊണ്ട് അവനിൽ ലയിക്കുന്നവരെക്കുറിച്ചു അത്ഫാലുല്ലാഹ് എന്നു പറയപ്പെടുന്നു. അതായത് അല്ലാഹുവിന്റെ കുട്ടികൾ. എന്നാൽ, ഇതിന്റെ വിവക്ഷിതം അല്ലാഹുവിന്റെ സാക്ഷാൽ സന്തതികൾ എന്നല്ല. അങ്ങനെ പറയുന്നത് കുഫ്റാണ്. അല്ലാഹു സന്തതികളിൽ നിന്നും പരിശുദ്ധനാണ്. എന്നാൽ ഉപമാലങ്കാരഭാഷയിൽ അവർ അല്ലാഹുവിന്റെ മക്കളാണെന്നു പറയപ്പെടുന്നു. കാരണം, മക്കൾ തങ്ങളുടെ പിതാവിനെ ഓർമ്മിക്കുന്നതുപോലെ ഹൃദയവികാരത്തോടെ അല്ലാഹുവിനെ ഓർമ്മിക്കുന്നു. ഈ സ്ഥിതിവിശേഷത്തെക്കുറിച്ചാണ് അല്ലാഹു വിശുദ്ധ ഖുർആനിൽ "നിങ്ങൾ നിങ്ങളുടെ പിതാക്കന്മാരെ സ്മരിക്കുന്നതുപോലെ, അല്ല അതിലുമുപരിയായി അല്ലാഹുവിനെ സ്മരിക്കുവിൻ (2:201) എന്നു പറയുന്നത്. ഇതേ അടിസ്ഥാനത്തിൽ എല്ലാ സമുദായങ്ങളുടെയും മതഗ്രന്ഥങ്ങളിൽ പിതാവെന്ന പേരിൽ ദൈവം സ്മരിക്കപ്പെടുന്നു... ചുരുക്കത്തിൽ സൂഫിമാർ ഔലിയാക്കളെക്കുറിച്ച് അല്ലാഹുവിന്റെ സന്തതികൾ എന്നു പറയുന്നത് ഉപമാലങ്കാരമായിട്ടാണ്. അല്ലാഹു സന്തതികളിൽ നിന്നും പരിശുദ്ധനാണ്. അവൻ ലംയലിദ് വലം യൂലദ്. ജാതനോ ജനകനോ അല്ല. (തത്തിമ്മ ഹഖീഖത്തുൽ വഹ്‌യ് ഭാ. 144).

ചുരുക്കത്തിൽ ഹദ്റത്ത് അഹ്മദ് (അ) താൻ ദൈവപുത്രനാണെന്നു വാദിക്കുകയോ ഏതെങ്കിലും ഒരഹ്മദി അങ്ങനെ വിശ്വസിക്കുകയോ ചെയ്തിട്ടില്ല. കാന്തപുരം എഴുതുന്നു:

"തങ്ങളുടെ തുച്ഛമായ അനുയായികളെ പിടിച്ചു നിർത്താൻ ഈ ദൈവവാദം മറച്ചുവെക്കേണ്ടി വന്നിരിക്കുകയാണ്"

അങ്ങനെ മറച്ചുവെക്കുകയാണെങ്കിൽ എത്രകാലം പിടിച്ചുനിർത്തേണ്ടി വരും. ഏകദേശം ഒരുനൂറ്റാണ്ടിലധികം കാലമായി ജമാഅത്ത് സ്ഥാപിതമായിട്ട് അത് ഇന്ന് 185 രാഷ്ട്രങ്ങളിൽ വ്യാപിച്ചിരിക്കുകയാണ്. ഈ പ്രസ്ഥാനസ്ഥാപകന്റെ വാദം താൻ ദൈവവും ദൈവപുത്രനുമാണെന്നാണെങ്കിൽ അത് എങ്ങനെയാണ് ഒരു ആണ്ടില

*(ശേഷം 32-ാം പേജിൽ)*

ലേഖനം

# ഇസ്രയേലിൽ നിന്നു വന്നവർ

**ഇസ്രയേൽ ഗൃഹത്തിലെ കാണാതെപോയ പത്ത് ഗോത്രങ്ങൾ (Ten lost Tribes) ഫലസ്തീനിൽ നിന്നും യേശുവിന് നൂറ്റാണ്ടുകൾക്ക് മുമ്പേ അസീറിയൻ, ബാബിലോണിയൻ ആക്രമണകാലത്ത് ഇന്ത്യയിൽ കുടിയേറുകയുണ്ടായി. അവർ പിന്നീട് ഫലസ്തീനിലേക്കു തിരിച്ചുപോയില്ല. കാണാതെ പോയ ഈ ഇസ്രയേൽ ഗോത്രങ്ങളെ തേടിയാണ് യഹൂദർക്ക് മസീഹായി വന്ന യേശു ഇന്ത്യയിലെത്തിയതെന്നും അദ്ദേഹത്തിന്റെ കബർ ശ്രീനഗറിൽ ഇപ്പോഴും സ്ഥിതി ചെയ്യുന്നുവെന്നുമാണ് അഹ്മദിയ്യാ വാദം. ഇതിനെ സാധൂകരിക്കുന്ന രീതിയിൽ ഇസ്രയേൽ രാഷ്ട്രം ഇന്ത്യയിൽ പാർത്തുവന്ന മൂന്ന് പുരാതന ജൂത ഗോത്രങ്ങളെ തിരിച്ചറിഞ്ഞിരിക്കുന്നു. ഇത് സംബന്ധിച്ച് മലയാള മനോരമ ദിനപത്രത്തിൽ (2007 ഫിബ്രവരി 16) വന്ന ലേഖനം.**

**കൊ**ച്ചി, മുംബൈ എന്നിവിടങ്ങളിൽ നിന്നുള്ള ജൂതരിൽ ഭൂരിഭാഗവും വർഷങ്ങൾക്കു മുമ്പ് ഇസ്രയേലിലെത്തിക്കഴിഞ്ഞു. അവർ മാത്രമാണ് ഇന്ത്യയിലെ ജൂതർ എന്നായിരുന്നു വിശ്വാസം. എന്നാൽ 1970 മുതൽ മിസോറാമിലെ ഒരു ഗോത്രം ജൂതപാരമ്പര്യം അവകാശപ്പെട്ട് ആ ആചാരമനുഷ്ഠിച്ചു ജീവിച്ചു വന്നു. മണിപ്പൂരിലെ ഒരു ഗോത്രം 1981 മുതൽ ആ വഴി പിന്തുടർന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ ബ്രിട്ടീഷുകാരുടെ പിന്തുണയോടെ ക്രിസ്തുമതത്തിൽ നിർബന്ധിച്ചു ചേർത്തതാണെന്ന് അവകാശപ്പെട്ടാണ് അവർ ജൂതരീതിയെ ന്യായീകരിച്ചത്.


ആ വാദം ആദ്യം ആരും കണക്കിലെടുത്തില്ല. നവ ഇസ്രയേലിലുള്ള ഒരു ഗോത്രത്തിലെയും ആളുകളുടെ രൂപമല്ല കുറിയ ശരീരമുള്ള അവരുടേതെന്നായിരുന്നു മുഖ്യ കാരണം. രണ്ടാമത്തേത് ഗോത്രഭാഷയ്ക്കു ജൂതരുടെ പുരാതന യിദ്ദീഷ് ഭാഷയോടു സമാനതയില്ലെന്നതും. പക്ഷേ അവ



*ഇന്ത്യയിലെ ജൂതന്മാരുടെ വേഷം വിവിധ കാലങ്ങളിൽ*



*മട്ടാഞ്ചേരി (കൊച്ചി)യിലെ ജൂതപ്പള്ളി*



*കൊച്ചിയിലുണ്ടായിരുന്ന ഒരു ജൂതകുടുംബം (1900)*

രുടെ ആചാര രീതികളിൽ പലതിനും പുരാതന ജൂതരീതികളോടും സാമ്യമുണ്ടായിരുന്നു. ഒടുവിൽ കഴിഞ്ഞ വർഷം ഇസ്രയേലിൽ നിന്നു നൂറു റബ്ബിമാരുടെ (പണ്ഡിത പുരോഹിതർ) സംഘമെത്തി അവരുടെ ആചാരരീതികളും ഐതിഹ്യങ്ങളും പഠനവിധേയമാക്കി സമാനതകൾ കണ്ടെത്തി.

പിന്നീട് രണ്ടു കൂട്ടരിലെയും കുറേ പുരുഷന്മാരുടെയും സ്ത്രീകളുടെയും ഡി.എൻ.എ പരിശോധന നടത്തി. അദ്ഭുതമെന്നു പറയട്ടെ ആ പരിശോധനയിൽ ഇസ്രയേലിലെ ചിലരുടെ ഡിഎൻഎയുമായി ബന്ധം കണ്ടെത്തി. അതോടെ അവരെ ജൂതരായി അംഗീകരിക്കുകയും ചെയ്തു. ക്രിസ്തുവിനു മുമ്പ് പത്തൊമ്പതാം നൂറ്റാണ്ടു മുതൽ എട്ടാം നൂറ്റാണ്ടുവരെ നിലവിലുണ്ടായിരുന്ന (ബിസി 930 -720) ഇസ്രയേൽ രാജ്യം അസീറിയക്കാരുടെ ആക്രമണത്തിൽ തകർന്നപ്പോൾ ഓടിപ്പോയവരോ ഓടിക്കപ്പെട്ടവരോ ആയ പത്തു ഗോത്രങ്ങളിൽ രണ്ടെണ്ണത്തിന്റെ പിന്മുറക്കാരാണ് അവർ.

മിസോറമിലേത് ബ്നീ മെനാശെ (Bnie m-enas-he) ഗോത്രത്തിന്റെയും മണിപ്പൂരിലേത് ബെനെ എഫ്രയിം (Bene ephraim) ഗോത്രത്തിന്റെയും പിന്മുറക്കാരാണെന്നു ജൂത പണ്ഡിതന്മാർ പറയുന്നു. മിസോറമിൽ നിന്നും മണിപ്പൂരിൽ നിന്നുമുള്ള ഒരു സംഘം ഇസ്രയേലിൽ എത്തിക്കഴിഞ്ഞു. അടുത്ത സംഘം പോകാൻ തയ്യാറെടുക്കുന്നു. ആകെ 9000 പേരാണ് ഇരുവിഭാഗങ്ങളിലുമുള്ളത്. കൊച്ചിയിൽ ഇപ്പോൾ ഏഴു കുടുംബങ്ങളിലായി 13 ജൂതന്മാർ മാത്രമാണുള്ളത്.

കൊൽക്കത്തയിലും ആന്ധ്രയിലും ജൂതരുണ്ട്. തെലുങ്കു സംസാരിക്കുന്ന ആയിരത്തോളം ജൂതർ തെക്കൻ ആന്ധ്രയിൽ ചിതറിക്കിടക്കുന്നു. അവരുടെ വിശദമായ ഡിഎൻഎ പരിശോധന പുരോഗമിക്കുകയാണ്. മഹാരാഷ്ട്രയിൽ 2100 വർഷം മുമ്പ് എത്തിയ ബെനെ ഇസ്രയേൽ (Bene israel) എന്ന ഗോത്രത്തിന്റെ പിന്മുറക്കാരണോ എന്ന് ഗവേഷണം നടക്കുന്നത്. അതും സ്ഥിരീകരിച്ചാൽ കാണാതായ പത്തു ഗോത്രങ്ങളിൽ മൂന്നെണ്ണത്തിന്റെ പിന്മുറക്കാർ എത്തിയത് ഇന്ത്യയിലാണെന്നു കരുതേണ്ടി വരും.

---

*(30-ാം പേജിൽ നിന്ന് തുടർച്ച)*

ധികം കാലം മറച്ചുവെക്കാൻ സാധിക്കുക. ഈ 'ശൈഖുമാർക്കും' 'മൗലാനാമാർക്കും' ഈയൊരു യാഥാർത്ഥ്യം കൂടി മനസ്സിലാക്കുവാൻ സാധിക്കുന്നില്ലെന്നാണോ? ഈ സാങ്കല്പിക ജല്പനം മറുപടി അർഹിക്കുന്നില്ലെന്നേ തൽക്കാലം പറയുവാനുള്ളൂ.

പിന്നെ അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ചു ഖാദിയാനി മതം എന്നാണോ പണ്ഡിതകേസരി വിശേഷിപ്പിച്ചിരിക്കുന്നത്. ലോകത്ത് ഖാദിയാനി മതം എന്നൊന്നില്ല തന്നെ. അഹ്മദിയ്യത്ത് യഥാർത്ഥ ഇസ്‌ലാം തന്നെയാണ്. അതിന്റെ വിശ്വാസ ദർശങ്ങളും അനുഷ്ഠാന കർമ്മങ്ങളും തനി ഇസ്‌ലാമികം തന്നെയാണ്.

അഹ്മദിയ്യാ ജമാഅത്തുമായിട്ടിടപഴകുന്ന ആർക്കും ഇത് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. എന്നാൽ, കണ്ണടച്ചിരുട്ടാക്കുന്ന ആത്മീയാന്ധന്മാരെക്കുറിച്ച് അല്ലാഹു വിശേഷിപ്പിച്ചത് അവർക്ക് ഹൃദയങ്ങളുണ്ട്. (പക്ഷേ) അവ കൊണ്ടു അവർ ഗ്രഹിക്കുന്നില്ല. അവർക്ക് കണ്ണുകളുണ്ട് (പക്ഷേ) അവ കൊണ്ടു അവർ കാണുന്നില്ല. അവർക്ക് കാതുകളുണ്ട് (പക്ഷേ) അവ കൊണ്ടു അവർ കേൾക്കുന്നില്ല. (7:180) എന്നാണ് അവരുടെ മുമ്പാകെ വേദമോതിയതുകൊണ്ട് ഒരു ഫലവുമില്ല.

അവസാനമായി മാതൃഭൂമിയോടു ഒരേ ഒരു വാക്ക്! കേരള സാഹിത്യത്തിൽ സമുന്നതമായ ഒരു സ്ഥാനം വഹിക്കുന്ന മാതൃഭൂമി ആഴ്ചപ്പതിപ്പ് വ്യാജത്തിന്നു കൂട്ടുനിൽക്കുകയും അത് പ്രചരിപ്പിക്കുകയും ചെയ്യുന്നത് ഒട്ടും ഉചിതമല്ല!!

ലേഖനം

# സഊദി അറേബ്യയും അഹ്മദികളും

## യഅ്ഖൂബ് അലി സാഹിബ് ഇർഫാനി (റ)

**സഊദി അറേബ്യയുടെ ഭരണാധികാരി സുൽത്താൻ ഇബ്നുസുഊദുമായി അഹ്മദുൽ ഖാദിയാനിയുടെ ശിഷ്യനായ യഅ് ഖൂബ് അലി സാഹിബ് ഇർഫാനി നടത്തിയ അഭിമുഖം**

സുൽത്താൻ ഇബ്നുസുദൈദ് - ഹദ്റത്ത് ഇർഫാനി സംഭാഷണം

'ജലാലത്തുൽമുൽക്ക് സുൽത്താൻ ഇബ്നുസുദൈദുമായി മൂന്നു തവണ കൂടിക്കാഴ്ച നടത്താൻ എനിക്കവസരമുണ്ടായി. രണ്ടു തവണ എന്റെ കൂടെ മുബല്ലിഗുൽ ഇസ് ലാം ഹദ്റത്ത് അൽഹാജ് അബ്ദുർറഹീം നയ്യർ സാഹിബും (റ) ഉണ്ടായിരുന്നു. മൂന്നാമത്തെ തവണ ഞാനൊറ്റയ്ക്കാണ് കൂടിക്കാഴ്ച നടത്തിയത്. അത് വളരെ പ്രധാനപ്പെട്ടതുമായിരുന്നു. വിശുദ്ധ മക്കയിൽ സുൽത്താൻ ഇബ്നുസുദൈദ് പ്രവേശിച്ച ആദ്യത്തെ കൊല്ലം തന്നെയാണ് അതുണ്ടായത്. ധാരാളം അഹ്‌ലെ ഹദീസുകാർ അവിടെ വന്നെത്തിയിട്ടുണ്ടായിരുന്നു. മൗലവി മുഹമ്മദ് ഇസ്മായിൽ സൂറത്തിയും അവരിൽ ഒരാളായിരുന്നു. എന്റെ ബോംബെ പ്രവാസകാലത്ത് അടുത്ത് പരിചയപ്പെടാനിടയായ ഇദ്ദേഹം വിശ്വാസപരമായി അഹ്‌ലെ ഹദീസ് കക്ഷിക്കാരനായിരുന്നതിനോടൊപ്പം ഒരു ഉറച്ച കോൺഗ്രസ്സുകാരനുമായിരുന്നു. സൂറത്തി സാഹിബിന് സുൽത്താന്റെ വളരെ അടുത്ത ആളുകളിൽപെട്ട മൗലവി ഇസ്മായിൽ ഗസ്നവിയോട് - സുൽത്താന്റെ ഭരണത്തിന്റെ നിലനിൽപിനുവേണ്ടി വലിയ ത്യാഗങ്ങൾ ചെയ്തിട്ടുള്ള ഒരാളാണിദ്ദേഹം - എന്തോ നീരസം

## അഹ്മദികളും ഹജ്ജും

ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ)ന്റെ പ്രസിദ്ധ സഹാബിയും പ്രശസ്ത ഗ്രന്ഥകാരനും ഒന്നാമത്തെ അഹ്മദി പത്രപ്രവർത്തകനുമായ അൽഹാജ് ഹദ്റത്ത് യഅ്ക്കൂബ് അലി സാഹിബ് ഇർഫാനി (റ) 1927-ൽ ഹജ്ജ് കർമ്മാനുഷ്ഠാനത്തിനായി പരിശുദ്ധ മക്കയിൽ ചെന്നപ്പോൾ, ഖലീഫത്തുൽമസീഹ് സാനി ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)ന്റെ നിർദ്ദേശമനുസരിച്ച് സുൽത്താൻ ഇബ്നുസുദൈദുമായി ഒരു പ്രത്യേക കൂടിക്കാഴ്ച നടത്തുകയുണ്ടായി. ഇർഫാനി സാഹിബ്(റ) പ്രസിദ്ധപ്പെടുത്തിയ 'കിത്താബുൽ ഹജ്ജ്' എന്ന പുസ്തകത്തിൽ ഈ കൂടിക്കാഴ്ചയുടെ വിവരം ചേർത്തിട്ടുള്ളതിൽ നിന്നാണ് ഈ ഭാഗം തർജ്ജമ ചെയ്ത് ഇവിടെ പ്രസിദ്ധപ്പെടുത്തുന്നത്.

സുൽത്താൻ ഇബ്നുസുദൈദ് അഹ്മദികളെ ഹജ്ജ് അനുഷ്ഠിക്കുന്നതിൽ നിന്ന് ഒരിക്കലും വിലക്കിയില്ല. വിലക്കാനനുവദിച്ചുമില്ല. അദ്ദേഹത്തിനുശേഷവും ഈ വിശുദ്ധ കർമ്മം അഹ്മദികൾ നിർബാധം നിർവഹിച്ചുപോന്നു.

അമീർ ഫൈസലിന്റെ കാലത്തു തന്നെ 1967ൽ ഹദ്റത്ത് സാഹിബ് സാദാ മിർസാ റഫീഅ്അഹ്മദ് സാഹിബ്, ഹദ്റത്ത് സഫറുല്ലാഹ് ഖാൻ തുടങ്ങിയ സമുന്നത വ്യക്തികൾ ഹജ്ജനുഷ്ഠിക്കുകയുണ്ടായി. സഫറുല്ലാഹ്ഖാൻ സാഹിബിനെ അമീർ ഫൈസൽ പ്രത്യേക വിരുന്നിന് ക്ഷണിക്കുകയും ചെയ്തിരുന്നു. മക്കത്ത് അഹ്മദികൾ സമ്മേളിച്ചപ്പോൾ "ഹറമിൽ ഖാദിയാനീ കോൺഫ്രൻസ്" എന്ന ശീർഷകത്തിൽ പാക്കിസ്ഥാനിലെ 'ഏഷ്യാ' 'അൽമിമ്പർ' തുടങ്ങിയ പത്രങ്ങൾ ഒച്ചപ്പാടുണ്ടാക്കിയതും സ്മരണീയമാണ്!

നിർഭാഗ്യമെന്നു പറയട്ടെ, ചില റാബിത്താനേതാക്കളുടെ സ്വാധീനം കാരണം പിൽക്കാലത്ത് പരേതനായ ഫൈസൽ രാജാവ് അഹ്മദികൾക്ക് ഹജ്ജ് മുടക്കുന്ന ഒരു നയം സ്വീകരിക്കുമാറായി. ഫലമോ? ഹദ്റത്ത് ഇർഫാനുൽകബീർ(റ) ഇബ്നുസുദൈദ് നൽകിയ മുന്നറിയിപ്പിൽ പറഞ്ഞതുതന്നെ! ഇൻസുദൈദ് രാജാക്കന്മാർ എങ്ങോട്ടേയ്ക്കാണ്?

ഉണ്ടായിരുന്നു. സുൽത്താനോട് ഗസ്നവി സാഹിബിനുള്ള അടുപ്പവും അദ്ദേഹത്തിന് ലഭിച്ചിരുന്ന സ്ഥാനവും മൗലവി ഇസ്മായിൽ സൂറത്തിക്ക് അസഹനീയമായി തോന്നി. ഗസ്നവി സാഹിബിനോട് എനിയ്ക്ക് ചെറുപ്പത്തിലേ ബഹുമാനമായിരുന്നു. അതിനാൽ, അദ്ദേഹം എന്നെയും സ്നേഹിച്ചു. ഗസ്നവിസാഹിബിനെതിരെ ആരോപണങ്ങൾ തൊടുത്തുവിടാൻ ഇതൊരു നല്ല അവസരമാണെന്ന് സൂറത്തി സാഹിബ് കരുതി. ഗസ്നവി സാഹിബ് എന്നെ സുൽത്താന്റെ അടുക്കൽ കൂട്ടിക്കൊണ്ടു ചെല്ലുന്നു എന്ന് അദ്ദേഹം ഒരാക്ഷേപം പുറപ്പെടുവിക്കുകയും ഇത് വലിയൊരു 'ഫിത്ന' യാണെന്നും മറ്റും പറഞ്ഞുപരത്തുകയും ചെയ്തു.

സുൽത്താന് എന്റെ വിശ്വാസങ്ങൾ നന്നായി അറിയാമായിരുന്നു. സുൽത്താൻ ഇക്കാര്യം ശൈഖുൽ ഇസ്ലാം അബ്ദുല്ലാഹിബ്നു യൽഹീദുമായി ചർച്ച ചെയ്കയും ചെയ്തിരുന്നു. ഞാനുമായി കൂടിക്കാഴ്ച നടത്തുന്നതിനെപറ്റി സുൽത്താൻ അദ്ദേഹത്തോടഭിപ്രായമാരായുകയുമുണ്ടായി. ഏറ്റവും ശരിയായ ഒരഭിപ്രായമാണ് ശൈഖുൽ ഇസ് ലാം (അല്ലാഹു അദ്ദേഹത്തിന്റെ നേരെ റഹം ചെയ്യുമാറാകട്ടെ!) നൽകിയത്. ഇക്കൂട്ടർ ഇസ്ലാമിന്റെ തബ്ലീഗ് ചെയ്യുന്നവരാണെന്നും തിരുമനസ്സുകൊണ്ട് നിശ്ചയമായും അവരുമായി കൂടിക്കാഴ്ച നടത്തി അവരുടെ നിലപാടും വിശ്വാസങ്ങളും മനസ്സിലാക്കണമെന്നും അദ്ദേഹം ഉപദേശിച്ചു. ഇങ്ങനെയാണ് എനിയ്ക്ക് സുൽത്താനുമായി കൂടിക്കാഴ്ച നടത്താനും എന്റെ വിശ്വാസങ്ങൾ സുൽത്താനെ അറിയിക്കാനും അവസരം ലഭിച്ചത്.

സുൽത്താനുമായി ഞാൻ കൂടിക്കാഴ്ച നടത്തിയെന്ന് സൂറത്തി സാഹിബ് അറിഞ്ഞപ്പോൾ അദ്ദേഹം ഗസ്നവി സാഹിബിനെക്കുറിച്ച് സുൽത്താന്റെ അടുക്കൽ ആക്ഷേപം ബോധിപ്പിച്ചു. സംഗതികൾ ശരിയ്ക്കും അറിയുന്ന സുൽത്താൻ ഇബ്നുസുദൈദ് ഞാൻ ശരിയായ വഴിക്കാണ് തന്നെ സമീപിച്ചതെന്നും താൻ ശൈഖുൽ ഇസ്ലാമിനോട് ഉപദേശമാരാഞ്ഞശേഷമാണ് കൂടിക്കാഴ്ചയ്ക്ക് അനുമതി നൽകിയതെന്നും അറിയിച്ചു. ഞാൻ നൽകിയ ഗ്രന്ഥങ്ങൾ താൻ സ്വീകരിച്ചതായും ഇക്കാര്യത്തിൽ ഗസ്നവി സാഹിബിന് ഒരു പങ്കും ഇല്ലെന്നും സുൽത്താൻ പറഞ്ഞു.

തുടർന്ന് സൂറത്തി സാഹിബിനോട് അദ്ദേഹം മക്കയിൽ വന്നതെന്തിനാണെന്നു സുൽത്താൻ ചോദിക്കയുണ്ടായി. ഹജ്ജ് ചെയ്യാൻ വന്നതാണെന്ന് അദ്ദേഹം മറുപടി നൽകി. അപ്പോൾ സുൽത്താൻ തിരുമനസ്സുകൊണ്ട് ഇപ്രകാരം പറഞ്ഞു.

"ഞങ്ങൾ ബദ്ദുക്കളാണ്. ഞങ്ങളുടെ ഭവനത്തിൽ ശത്രുക്കൾക്കും അഭയം നൽകാറുണ്ട്. ഇവർ ദൈവത്തിന്റെ ഭവനത്തിലാണ് വന്നിട്ടുള്ളത്. ദൈവത്തിന്റെ ഭവനത്തിൽ നിന്ന് ഇവരെ ആട്ടിപ്പുറത്താക്കാൻ ഞാനോ നിങ്ങളോ ആരാണ്? പിന്നെ 'ഫിത്ന' യുടെ കാര്യമല്ലേ? അദ്ദേഹം നിയമവിരുദ്ധമായി എന്തെങ്കിലും പറയുകയോ പ്രവർത്തിക്കുകയോ ചെയ്കയാണെങ്കിൽ അപ്പോൾ സർക്കാർ വേണ്ടത് ചെയ്യും!"

ചുരുക്കത്തിൽ, സൂറത്തി സാഹിബ് തന്റെ കുതന്ത്രത്തിൽ പറ്റെ പരാജയമടഞ്ഞു. ഈ സംഗതി ഞാനറിഞ്ഞപ്പോൾ ഞാൻ വീണ്ടും സുൽത്താനുമായുള്ള കൂടിക്കാഴ്ചയ്ക്ക് ഒരുക്കങ്ങൾ ചെയ്തു. അങ്ങനെ ഞാനും സുൽത്താനുമായി ഇപ്രകാരം ഒരു സംഭാഷണമുണ്ടായി.

ഇർഫാനി - ജലാലത്തുൽ മുൽക്ക്! വിശുദ്ധ ഹറമുകളുടെ (പുണ്യസ്ഥലങ്ങളുടെ) സേവനത്തിനുള്ള ഭാഗ്യം അങ്ങയ്ക്ക് ലഭിച്ചതെങ്ങിനെയാണെന്നറിയാമോ?

സുൽത്താൻ-'ദാലിക്ക ഫസ്ലുല്ലാഹി യുഅ്ത്തീഹി മൻയശാഉ' (ഇത് ദൈവനുഗ്രഹമത്രെ, അവൻ ഇച്ഛിക്കുന്നവർക്ക് അവൻ അത് നൽകുന്നു. - ഖുർആൻ)

ഇർഫാനി - നിശ്ചയമായും ഇതൊരു അനുഗ്രഹം തന്നെ. എന്നാൽ, ആ അനുഗ്രഹപ്രാപ്തിക്ക് കാരണങ്ങളും ഉണ്ടാകുമല്ലോ.

സുൽത്താൻ - എനിയ്ക്കറിയില്ല. താങ്കൾ തന്നെ പറയുക.

ഇർഫാനി - ശരീഫ് ഔനിന്റെ കാലത്ത് അങ്ങയുടെ പിതാമഹൻ ഹജ്ജിനായി വന്നിട്ടുണ്ടായിരുന്നു. എന്നാൽ, ശരീഫ്ഔൻ വിശ്വാസപരമായ അഭിപ്രായവ്യത്യാസങ്ങളെ മുൻനിർത്തി അവരെ തടഞ്ഞു. അല്ലാഹു ഇത് ഇഷ്ടപ്പെട്ടില്ല. ആകയാൽ, ശരീഫിന്റെ കുടുംബക്കാരിൽ നിന്ന് ഈ മഹാഭാഗ്യം അല്ലാഹു പിടിച്ചുപറ്റി സുഊദ് കുടുംബത്തിനു നൽകി!

സുൽത്താൻ - 'മർഹബാ!' 'മർഹബാ!!'

ഇർഫാനി – വിശുദ്ധ മക്ക, ലോകത്തുള്ള മുഴുവൻ മുസ്ലിംകളുടെ കേന്ദ്രമാണ്. ഇവിടെ വിവിധ വിശ്വാസക്കാരും കക്ഷിക്കാരുമായ മുസ്ലിംകൾ വരും. ചിലർക്ക് അങ്ങയുമായും അഭിപ്രായവ്യത്യാസങ്ങളുണ്ടാകാം. വിശ്വാസപരമായ അഭിപ്രായവ്യത്യാസങ്ങളെ മുൻനിർത്തി അങ്ങ് ആരെയെങ്കിലും അകറ്റുന്നപക്ഷം ഓർമ്മവച്ചുകൊൾവിൻ, സർവ്വശക്തനായ അല്ലാഹു അങ്ങയിൽ നിന്ന് ഈ സേവന ഭാഗ്യം പിടിച്ചുപറ്റും. എന്നിട്ട്, വിശ്വാസപരമായ അഭിപ്രായവ്യത്യാസത്തെ മുൻനിർത്തി ആരെയും അകറ്റിക്കളയാത്ത ആൾക്ക് അത് നൽകുകയും ചെയ്യും.!

എന്റെ ഈ സംസാരം അന്നത്തെ അദ്ദേഹത്തിന്റെ പ്രസിദ്ധ മന്ത്രിയായിരുന്ന തൗഫീഖ് ശരീഫ് സാഹിബാണ് പരിഭാഷപ്പെടുത്തിയിരുന്നത്. ചിലപ്പോൾ ഞാൻ തന്നെ തപ്പിത്തടഞ്ഞു എന്റെ ഭാഷയിൽ സംസാരിക്കയും ചെയ്തിരുന്നു. സുൽത്താൻ എന്റെ ഈ സംസാരം കേട്ടപ്പോൾ 'ഇസ്തിഗ്ഫാർ' ചൊല്ലിക്കൊണ്ട് പെട്ടെന്ന് എഴുന്നേറ്റുനിന്നു പറഞ്ഞു.

*(ശേഷം 37-ാം പേജിൽ)*

ലേഖനം

# ഭീകര പരിവേഷത്തിന്റെ രണ്ടു പശ്ചാത്തലങ്ങൾ

കെ.പി. അഹ്മദ്

**അക്രമവും പീഡനങ്ങളും അടിച്ചേൽപ്പിക്കപ്പെട്ട് സഹനീയതയുടെ അറ്റം കണ്ടപ്പോൾ പ്രാണ രക്ഷാർത്ഥം മാത്രമാണ് റസൂൽ തിരുമേനി(സ)യുടെ അനുചരന്മാർ ആയുധമെടുത്തത്**

തിന്മയുടെ വിശ്വരൂപമായി പ്രത്യക്ഷപ്പെട്ട ആക്രമണോത്സുകതയെ ആത്മപ്രതിരോധം കൊണ്ട് ചെറുത്തു തോൽപ്പിക്കുന്നതിലാണ് ഇസ്‌ലാമിക സായുധവിപ്ലവത്തിന്റെ താത്വികവിജയമെന്ന് ചരിത്രം സാക്ഷ്യം വഹിച്ചതായി കാണാം! മദീനാവാസികളെ ഒന്നടങ്കം കശാപ്പു ചെയ്യാൻ പ്രതിജ്ഞാബദ്ധരായി, കൊടുങ്കാറ്റു പോലെ പാഞ്ഞെത്തിയ ശത്രുനിരയെ അമ്പരപ്പിച്ചത് പ്രതിരോധയുദ്ധതന്ത്രത്തിന്റെ ഭാഗമായി കുഴിച്ചുവെക്കപ്പെട്ട കിടങ്ങുകളായിരുന്നു! പ്രതിരോധിക്കാൻ മാത്രം ആയുധമെടുക്കേണ്ടി വന്ന ഒരു സാത്വിക സമൂഹത്തിന്റെ താത്വികമായ ദൃഢനിശ്ചയം അന്നവിടെ ദൃശ്യമായി! മുസ്‌ലിംകൾ എക്കാലത്തും അനുവർത്തിക്കേണ്ട നയവും അനുകരിക്കേണ്ട മാതൃകയും അതായിരുന്നല്ലോ!

പക്ഷേ, പിന്നീടെന്തുകൊണ്ടാണ് മഹത്തായ ആ തത്വം തലകീഴായി മുതലക്കൂപ്പ് കുത്തിയത്? പ്രതിരോധത്തിന്റെ വക്താക്കളായ മുസ്‌ലിംകൾ ആക്രമണകാരികളായി പരിവർത്തനം ചെയ്യപ്പെട്ടത്? അല്ലെങ്കിൽ, തീവ്രവാദികളായി മുദ്ര കുത്തപ്പെട്ടത്?

ഭൗതികമായ ലക്ഷ്യങ്ങളുടെ നിഗൂഢപശ്ചാത്തലം ഈ വ്യതിയാനത്തിന് പിന്നിലുണ്ടെന്ന് കാണാം! മുസ്‌ലിം ലോകത്തുള്ള രക്തദാഹികളായ ചില മുല്ലമാരുടെ മസ്തിഷ്ക്കം വ്യാപരിച്ചത് തത്വം ബലികൊടുത്തുകൊണ്ടുള്ള മത-രാഷ്ട്രീയ-തീവ്രവാദ മേച്ചിൽപുറങ്ങളിലായിരുന്നു! ഇസ്‌ലാമിസത്തിൽ നിന്ന് മുല്ലായിസത്തിലേക്കുള്ള ഈ ചുവടുമാറ്റത്തിന്റെ ഉദാഹരണം ഒരു മുല്ലാ പുരോഹിതന്റെ വാക്കുകളിലൂടെ നമുക്ക് ഗ്രഹിക്കാം.

"അനുനയത്തിന്റെ എല്ലാ രീതികളും (പതിമൂന്നു വർഷത്തിലധികം നടത്തിയ പ്രബോധനം) പരാജയമായി കലാശിച്ചപ്പോൾ പ്രവാചകൻ വാൾകയ്യിലെടുത്തു. വാൾ, അത് തിന്മയേയും ആക്രമണത്തേയും ഹൃദയത്തിലെ കറകളേയും ആത്മാവിന്റെ കളങ്കത്തേയും വിപാടനം ചെയ്തു." (മൗലാനാ മൗദൂദി - അൽജിഹാദുഫിൽ ഇസ്‌ലാം).

പതിമൂന്നു വർഷക്കാലത്തെ പ്രബോധനം പ്രായോഗികതലത്തിൽ പരാജയപ്പെട്ടപ്പോൾ വാളിന്റെ ബലം പരീക്ഷിക്കാൻ പ്രവാചകൻ നിർബന്ധിതനായത്രെ! ഒരുപക്ഷെ, ഇത് കേട്ട് ഇസ്‌ലാമിന്റെ വിമർശകരും ഓറിയന്റലിസ്റ്റുകളും അത്യാഹ്ലാദത്തോടെ പൊട്ടിച്ചിരിച്ചു കാണും! കാരണം, അവരെ സംബന്ധിച്ചേടത്തോളം ചാരത്തിരുന്ന് സൗഹൃദം പങ്കിടാൻ ഒരു ചാരനെ കിട്ടുകയാണല്ലൊ!

വർത്തമാനകാല ദുരന്തം ഇസ്‌ലാം ഭീകരതയെ ആഗോളതലത്തിൽ പെരുപ്പിച്ചു കാണിക്കാനുള്ള ശ്രമങ്ങളാണ്! എന്നാൽ, ഇതിനൊക്കെ വഴിമരുന്നിട്ടുകൊടുക്കുന്നവരുടെ ചെയ്തികൾ കണ്ടില്ലെന്ന് നടിക്കാൻ പറ്റുമോ? നബി തിരുമേനി (സ) പ്രവചിച്ച എഴുപത്തി രണ്ടു കക്ഷികളും, അവരിൽ നിന്ന് ചിതറിത്തെറിച്ചുപോയ ഒട്ടേറെ തീവ്രവാദ സംഘടനകളും, അതിൽ നിന്ന് വിഘടിച്ചുണ്ടാകുന്ന ഗ്രൂപ്പുകളുടെ ആധിക്യവും ഈ ദുൻയാവിനെ 'ഹലാക്കി'ന്റെ നരകത്തിലിട്ട് ഹോമിക്കാനുള്ള പുറപ്പാടാണെങ്കിൽ കുപ്രസിദ്ധിയുടെ ക്രഡിറ്റല്ലാതെ മറ്റെന്താണ് പ്രതീക്ഷിക്കേണ്ടത്?

പ്രതിരോധത്തിൽ ഊന്നിക്കൊണ്ടുള്ള യുദ്ധങ്ങളാണ് ഇസ്‌ലാം ആഹ്വാനം ചെയ്തതെങ്കിൽ ജിഹാദിന്റെ ഹിസ്റ്റീരിയ ബാധിച്ച ഇന്നത്തെ തീവ്രവാദികളായ ചാവേറുകൾ ആരെയാണ് പ്രതിരോധിക്കുന്നത്? പൊതുസ്ഥലങ്ങളിൽ സഞ്ചരിക്കുന്നവരും, നിത്യോപയോഗസാധനങ്ങൾ വാങ്ങാൻ മാർക്കറ്റിലെത്തുന്നവരും, വാഹനങ്ങളിൽ യാത്ര ചെയ്യുന്ന നിരപരാധികളുമല്ലേ ഇരകൾ? ഇവരാരെങ്കിലും

ആക്രമണസജ്ജരായി വിനാശം വിതച്ചവരാണോ? ഇങ്ങനെ നിരപരാധികളുടെ ജീവൻ കുരുതികൊടുക്കുന്ന ചാവേറുകൾ ബോമ്പിനോടൊപ്പം പൊട്ടിത്തെറിച്ച് മയ്യിത്തായാൽ ടിയാന്മാർക്ക് ഇസ്‌ലാമിക സ്വർഗ്ഗത്തിലെ രക്തസാക്ഷികളുടെ റിസർവേഷനും, കുടുംബത്തിന് ആജീവനാന്ത പെൻഷനും വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു! മനോഹരമായ ഈ പദ്ധതി നടപ്പിലാക്കാൻ വില്ലന്മാരായ കുറേ മുല്ലമാരും രംഗത്തുണ്ട്!

തീവ്രവാദ പരിവേഷത്തിന്റെ ഭൗതിക പശ്ചാത്തലമാണിത്. എന്നാൽ മുസ്‌ലിം ലോകം ഒന്നടങ്കം ഭീകരവേട്ടയുടെ കരിനിഴലിൽ കഴിഞ്ഞുകൂടാൻ വിധിക്കപ്പെട്ട ആത്മീയ പശ്ചാത്തലമെന്താണ്? വിശുദ്ധ ഖുർആൻ ഈ ചോദ്യത്തിന് വ്യക്തമായ മറുപടി നൽകുന്നുണ്ട്.

“നിങ്ങളിൽ നിന്ന് വിശ്വാസം കൈക്കൊള്ളുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് അല്ലാഹു വാഗ്ദാനം ചെയ്യുന്നു. അവർക്ക് മുമ്പുള്ളവർക്ക് ഖിലാഫത്ത് നൽകിയതുപോലെ അവർക്കും ഖിലാഫത്ത് നൽകുന്നതാണ്. അതുമുഖേന അവരുടെ ദീനിനെ അല്ലാഹു ഭൂമിയിൽ സ്ഥിരപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയാവസ്ഥക്ക്ശേഷം അവർക്ക് നിർഭയാവസ്ഥ നൽകുകയും ചെയ്യുന്നതാണ്. അവർ എന്നെ മാത്രം ആരാധിക്കുകയും എന്നിൽ യാതൊന്നിനേയും പങ്കുചേർക്കാതിരിക്കുകയും ചെയ്യും. അതിനെ ആർ നിഷേധിക്കുന്നുവോ അവരാണ് അതിരു കടന്നു പ്രവർത്തിക്കുന്നവർ” (സൂറ:നൂർ 24:56)

ഖുർആൻ സൂചിപ്പിച്ച സുവിശേഷത്തിന്റെ അടിസ്ഥാനത്തിൽ മുസ്‌ലിംകൾക്ക് ആഗോള നേതൃത്വം നൽകുന്ന ഒരു ഖിലാഫത്ത് വ്യവസ്ഥിതി ഇന്ന് നിലവിലുണ്ടോ? ഇല്ലെന്നു മാത്രമല്ല; ഉണ്ടാക്കാൻ ശ്രമിച്ചതെല്ലാം പരാജയത്തിന്റെ പാതാളം കാണുകയും ചെയ്തു! തുർക്കി ഖിലാഫത്തിന്റെ പതനത്തോടെ ഖിലാഫത്ത് പുനഃസ്ഥാപിക്കാൻ മുസ്‌ലിം ലോകം മുറവിളി കൂട്ടിയ സന്ദർഭത്തിൽ മേലുദ്ധരിച്ച ഖുർആൻ വചനം പാരായണം ചെയ്തുകൊണ്ടാണ് മൗലാനാ അബുൽകലാം ആസാദ് ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചത്! പക്ഷെ; ‘വചനം’ വായനയിലും വാക്കുകളിലും ഒതുങ്ങി എന്നല്ലാതെ അത് ‘രൂപ’മായില്ല!

ഇതേ സുവിശേഷത്തിൽ തന്നെ ഖിലാഫത്ത് മുഖേന ഇസ്‌ലാം മതത്തെ ഭൂമിയിൽ സ്ഥിരപ്പെടുത്തി കൊടുക്കുമെന്നാണ് ഖുർആൻ പിന്നീട് പറയുന്നത്. ഇവിടെ ‘സ്ഥിരത’ എന്ന വാക്കിന് അടിവര ഇടേണ്ടതുണ്ട്! വിശ്വാസകാര്യങ്ങളിലോ, അഭിപ്രായസമന്വയത്തിലോ, ആത്മീയ നേതൃത്വത്തിന്റെ അമരത്തോ സ്ഥിരമായ എന്തെങ്കിലും സംവിധാനം മുസ്‌ലിംകൾക്ക് ഇന്നുണ്ടോ? ഇല്ലാത്തതോ പോകട്ടെ, ഒട്ടേറെ ആഭ്യന്തര സംഘർഷങ്ങളുടെ പടലപ്പിണക്കങ്ങളും അതിന്റെ കലാപകലുഷിതമായ ശബ്ദകോലാഹലങ്ങളും മാത്രമേ കാണാനുള്ളു!

ഖുർആൻ വീണ്ടും പറയുന്നത് ഭൂമിയിൽ സ്ഥിരപ്പെടുന്ന ഖിലാഫത്തിന്റെ ആദ്യകാല ഭയാവസ്ഥക്ക് ശേഷം അവർക്ക് നിർഭയാവസ്ഥ നൽകപ്പെടുമെന്നാണ്! ഇവിടെ ശ്രദ്ധേയമായ ഒരു സന്ദേഹത്തിന് വകയുണ്ട്! ഭൂരിപക്ഷ മുസ്‌ലിം ലോകത്തിന് ആഗോളനേതൃത്വം നൽകുന്ന ഒരു ഖിലാഫത്ത് സംവിധാനം ഉണ്ടെന്ന് സങ്കല്പിക്കുക! എങ്കിൽ, അവർക്കെന്തിന് ഭയപ്പാടുണ്ടാകണം? ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഖലീഫയും ഖിലാഫത്ത് സ്ഥാപനവുമാണെങ്കിൽ അവിടെ ഭയത്തിന്റെ പ്രശ്നമേ ഉത്ഭവിക്കുന്നില്ല! അപ്പോൾ ഖുർആന്റെ സൂചനയിൽ നിന്ന് ഗ്രഹിക്കാൻ കഴിയുന്നത് ഖിലാഫത്ത് ഒരു ന്യൂനപക്ഷത്തിലായിരിക്കുമെന്നും, ആദ്യകാല ഭയാശങ്കകളുടെ അവകാശികൾ അവരായിരിക്കുമെന്നാണ്! കാരണം, നുബുവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത് പരീക്ഷണങ്ങളുടെ തീച്ചൂളയിലൂടെ കടന്നുപോകേണ്ടതുണ്ട്! എന്നാൽ, ജനങ്ങളുടെ ഭൂരിപക്ഷം തിരഞ്ഞെടുക്കുന്ന ഖിലാഫത്തിന് ലഭ്യമാകുന്നത് സർവ്വത്ര സ്വാഗതാർഹമായ കയ്യടിയായിരിക്കും!

ഇങ്ങനെ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഒരു ഖിലാഫത്തിന്റെ ഉദയാസ്തമയത്തിന്റെ ഉദാഹരണമാണ് 1921ലെ ഖിലാഫത്ത് പുനഃസ്ഥാപന പ്രകമ്പനത്തിൽ നാം കണ്ടത്! മലപ്പുറത്തുകാർ തിരൂരങ്ങാടിയിലെ ആലി മുസ്‌ല്യാരെ ഖലീഫയായി തിരഞ്ഞെടുത്തു! നാലായിരം മുസ്‌ലിംകൾ ആലിമുസ്‌ല്യാർക്ക് ബൈഅത്തും ചെയ്തു! പക്ഷെ, ഒരു നാളത്തെ രാജാവിന്റെ കഥപോലെ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ആലി മുസ്‌ല്യാർ പത്തുദിവസം ഖലീഫയായി! അപ്പോഴേക്കും ഖലീഫയും അനുയായികളും ബ്രിട്ടീഷുകാർക്കെതിരായി ഒളിപ്പോര് നയിച്ചെന്ന ആരോപണമുന്നയിച്ച് ആലി മുസ്‌ല്യാരെ ബെല്ലാരി ജയിലിൽ കൊണ്ടുപോയി തൂക്കിക്കൊന്നു! ബൈഅത്ത് ചെയ്ത അനുയായികളെ ഗുഡ്സ് വാഗണിൽ കയറ്റി നാടുകടത്തി! ഏറെപേരും വാഗണിൽ കിടന്ന് ശ്വാസം മുട്ടി മരിച്ചു! ഖുർആൻ ഊന്നിപ്പറഞ്ഞ ആത്മീയ പരീക്ഷണങ്ങളുടെ ആദ്യകാല ഭയാവസ്ഥയോ അതിൽ നിന്ന് വിശ്വാസികളും അവരുടെ പ്രസ്ഥാനവും പിൽക്കാലത്ത് നിർഭയാവസ്ഥ പ്രാപിച്ചതോ അവിടെ ദൃശ്യമായില്ല! ഒരു പരനു ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ആ ഖിലാഫത്തിന് ദീർഘായുസ്സും ഉണ്ടായില്ല!

ഖിലാഫത്തിന്റെ വാഗ്ദാനം നൽകിയ ഖുർആൻ സൂക്തത്തിൽ യഥാർത്ഥ ഖിലാഫത്തിനെ ആശ്ലേഷിച്ചവരുടെ ലക്ഷണമായി പറയുന്നത് “അവർ എന്നെ മാത്രം ആരാധിക്കുകയും എന്നിൽ യാതൊന്നിനേയും പങ്കുചേർക്കാതിരിക്കുകയും ചെയ്യുന്നവരായിരിക്കും” എന്നാണ്! ഇതിന്റെ യാഥാർത്ഥ്യം വളരെ ലഘുവായി ചിന്തിക്കാവുന്നതേയുള്ളൂ! മുസ്‌ലിം ലോകം യഹൂദ-ക്രൈസ്തവ വിശ്വാസങ്ങളുടെ പിടിയിൽ നിന്നും മുക്തമാണോ? അതെങ്ങനെ അവർ മുക്തരാകും? ആകാശത്തിൽ നിന്ന് ഇറങ്ങി വരേണ്ട ഏലിയാവിനെ ജൂതന്മാരും മിശിഹായെ ക്രിസ്ത്യാനികളും പ്രതീ

ക്ഷിക്കുന്നതുപോലെ ഈസാ മസീഹിന്റെ കാര്യത്തിൽ ഞാണിമേൽ കളി നടത്തുന്ന ഭൂരിപക്ഷ മുസ്‌ലിംകൾ ശിർക്കിന്റെ മറ്റേതെല്ലാം വിഗ്രഹങ്ങളെ പങ്കുചേർക്കുന്നില്ലെന്ന് ആരു കണ്ടു?

തുടർന്ന് ഖുർആൻ പറഞ്ഞത് ഭൂമിയിൽ നിലനിൽക്കുന്ന യഥാർത്ഥ ഖിലാഫത്തിനെ ആരാണ് നിഷേധിക്കുന്നത്, അവർ അതിരു കടന്നു പ്രവർത്തിക്കുന്നവരായിരിക്കുമെന്നാണ്! ഇവിടെ അഹ്മദിയ്യാ ഖിലാഫത്തിനെ എതിർക്കുന്ന കാര്യത്തിൽ മുസ്‌ലിം ലോകം ഒറ്റക്കെട്ടാണ്! എന്നാൽ, ഈ മഹാഭൂരിപക്ഷത്തെ സാക്ഷ്യപ്പെടുത്തിക്കൊണ്ടാണ് പ്രാദേശികമായ ഭയത്തിൽ നിന്നും ദേശീയവും അന്തർദേശീയവുമായ പരീക്ഷണങ്ങളെ മറികടന്ന് ആഗോളതലത്തിൽ നിർഭയാവസ്ഥ കൈവരിച്ച ഒരു ദൈവിക പ്രസ്ഥാനമാണ് അതെന്ന് തെളിയിക്കപ്പെട്ടത്! മറിച്ച്, അതിനെ നിഷേധിച്ച മുസ്‌ലിംലോകത്തിന്റെ ഇന്നത്തെ 'ഇമേജ്' അവരറിഞ്ഞോ അറിയാതെയോ ഖുർആൻ സൂചിപ്പിച്ച അതിരുകടന്നു പ്രവർത്തിക്കുന്ന ഭീകരന്മാരുടെ കരിനിഴൽ പതിഞ്ഞ് മങ്ങിപ്പോയിരിക്കുന്നു! ഇതിനൊക്കെ ആക്കം കൂട്ടാൻ കാർട്ടൂൺ മുതൽ പോപ്പു വരെ രംഗത്തുണ്ടെങ്കിലും; ഖുർആന്റെ താക്കീതും ഭീകരപരിവേഷത്തിന്റെ ആത്മീയ പശ്ചാത്തലവും ശ്രദ്ധേയമാണ്! ●

---

*(34 -ാം പേജിൽ നിന്ന് തുടർച്ച)*

"ഇൻശാഅല്ലാഹ്! നാം ഒരിക്കലും അപ്രകാരം ചെയ്യില്ല!"

എന്നിട്ടദ്ദേഹം ഇപ്രകാരം പറഞ്ഞു: "താങ്കൾ തന്നെ സാക്ഷിയാണല്ലൊ നാം ഒരു വിരോധവും കാണിച്ചില്ല. താങ്കളെക്കുറിച്ചു ആക്ഷേപം ഉണ്ടായെങ്കിലും നാം അത് ചെവിക്കൊണ്ടിട്ടുമില്ല!"

അപ്പോൾ ഞാൻ പറഞ്ഞു:

"ഇക്കാരണത്താൽ തന്നെയാണ് ഈ സത്യം അങ്ങയെ ഉണർത്തണമെന്ന് എനിയ്ക്ക് തോന്നിയത്! അൽഹംദുലില്ലാഹ്! ഞാനിതാ എന്റെ കടമ നിർവ്വഹിച്ചു കഴിഞ്ഞു."

എന്റെ ജീവിതത്തിലെ ഒരു പ്രധാന സംഭവമാണിതെങ്കിൽ സുൽത്താൻ ഇബ്നുസുഊദൈദിന്റെ സ്വഭാവമേന്മയിലേക്ക് വെളിച്ചം വീശുന്ന ഒന്നുമത്രെ.

തന്റെ നാട്ടുകാരും പുറംനാട്ടുകാരുമായ അറബികൾ സുൽത്താന്റെ ദർബാറിൽ കടന്നുവരികയും അദ്ദേഹത്തോടൊപ്പം നിലത്തിരുന്നു സങ്കോചമെന്യേ സംസാരിക്കുകയും ചെയ്യുന്നത് എനിയ്ക്ക് കാണാൻ സാധിച്ചു. ഒരാൾ തന്റെ ഒട്ടകത്തിന്റെ കുഞ്ഞിനെപ്പറ്റിയാണെങ്കിൽ മറ്റൊരാൾ മറ്റൊരു കാര്യമാകും പറയുന്നത്. സുൽത്താൻ സംതൃപ്തിയോടും സഹനബുദ്ധിയോടും കൂടി അവയെല്ലാം കേട്ടു മറുപടി പറയുന്നു. അദ്ദേഹത്തിന്റെ ദർബാറിൽ ഇസ്‌ലാമിക ഭരണത്തിന്റെ ഒരു ചിത്രമാണ് ദൃശ്യമായിരുന്നത്.

വിദേശതന്ത്ര പ്രതിനിധികളുടെ ഒരു സമ്മേളനത്തിൽ സുൽത്താൻ ഒരു സാധാരണക്കാരനെപ്പോലെ പങ്കെടുത്തിരുന്നതായി മക്കാപ്രവാസകാലത്ത് എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ട്. സംഭാഷണമദ്ധ്യേ അദ്ദേഹം പറഞ്ഞു: "നിങ്ങളുടെ രാജ്യത്തുള്ളപോലെ സുഖസൗകര്യങ്ങളൊന്നും ഇവിടെ ഇല്ല. വലിയ തെരുവുകളും ഇല്ല. അവിടെ വലിയ ജയിലറകളുണ്ട്. വലിയ വലിയ കുറ്റങ്ങളും ചെയ്യപ്പെടുന്നു. എന്നാൽ എന്റെ രാജ്യത്ത് അത്തരം കുറ്റങ്ങളൊന്നുമില്ല. കേസ് വിസ്താരം നീണ്ടുപോകുന്നില്ല. നിയമത്തിന് പഴുതുകളുമില്ല. ആകയാൽ, നിങ്ങളുടെ സംസ്കാരം ഇവിടെ ഇല്ലാത്തതിൽ എനിയ്ക്ക് യാതൊരു വ്യസനവും ഇല്ല. മറിച്ച്, എനിക്കിതിൽ വലുതായ സന്തോഷമാണ് തോന്നുന്നത്. എന്റെ രാജ്യം (ഇത് ദൈവത്തിന്റെ രാജ്യമാണ്) എല്ലാതരത്തിലുള്ള പാതകങ്ങളിൽ നിന്നും പരിശുദ്ധമായിരിക്കുന്നു!"

ഞാൻ ദിവസവും ബൈത്തുല്ലാഹിൽ പോകും. ചിലപ്പോൾ മണിക്കൂറുകളോളം കഴിച്ചുകൂട്ടും. അവിടെ ചെന്നിരുന്നു ദൈവികദൃഷ്ടാന്തങ്ങളെക്കുറിച്ച് ഭക്തിപൂർവ്വം ഞാനോർക്കും. ചിലപ്പോൾ തിരുനബിയുടെ പാദസ്പർശമേറ്റു പരിപൂരിതമായിത്തീർന്ന സ്ഥാനങ്ങളിൽ ചുറ്റിനടക്കും. ചിലപ്പോൾ 'ദാറുന്നദ്‌വ' ചുറ്റിക്കാണും. അപ്പോൾ തിരുനബിയ്ക്കെതിരായി മക്കത്തെ അവിശ്വാസികൾ നടത്തിയ ഗൂഢാലോചനകളുടെ രൂപം എന്റെ മനോതലത്തിൽ നിഴലിക്കും. ചുരുക്കത്തിൽ സത്യവിശ്വാസോദ്ദീപകമായ നാളുകളായിരുന്നു അവ. ജീവിതത്തിലെ ബാക്കികാലം മുഴുവൻ ഇവിടെത്തന്നെ കഴിച്ചുകൂട്ടണമെന്ന ആഗ്രഹം ഹൃദയത്തിൽ അപ്പോൾ ഉയരും. സത്യവും അതു തന്നെ. ഒരിക്കൽ കണ്ടാൽ പിന്നെയും പിന്നെയും കാണാൻ കൊതിവരുന്ന ഒരു പുണ്യസ്ഥാനമാണിത്. ●

**- പരിഭാഷ എൻ.എ.**

## വിടുവായത്വം

റസൂൽ (സ) ഇങ്ങനെ അരുൾ ചെയ്തതായി ഹ: ജാബിർ(റ) എടുത്തുദ്ധരിക്കുന്നു.

'പുനരുത്ഥാന നാളിൽ എന്റെ ഏറ്റവും പ്രിയപ്പെട്ടവരും ഞാനുമായി ഏറ്റവും അടുത്തുള്ളവരും, നിങ്ങളിൽ വെച്ച് ഏറ്റവും നല്ല സ്വഭാവഗുണങ്ങളുള്ള വ്യക്തികളായിരിക്കും. പുനരുത്ഥാന നാളിൽ നിങ്ങളിൽവെച്ച് എനിക്ക് ഏറ്റവും വെറുക്കപ്പെട്ടവരും എന്നിൽ നിന്നും വിദൂരസ്ഥരും, വിടുവായന്മാരും സൂക്ഷ്മതയില്ലാതെ ദീർഘനേരം സംസാരിക്കുന്നവരും അഹംഭാവികളുമായിരിക്കും.'

***(നബിവചനം - തിർമിദി)***

## കുറിപ്പുകൾ

**മുസാഫിർ**

# കാന്തപുരം അബൂബക്കർ മുസ്‌ലിയാർക്ക് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ അഭിനന്ദനങ്ങൾ

**കാ**ന്തപുരം വളരെയേറെ മാറിപ്പോയിരിക്കുന്നു. അദ്ദേഹമിപ്പോൾ പഴയത് പോലെ തീവ്രവാദ നിലപാടുകാരനല്ല. ഇടതുപക്ഷ നേതാക്കന്മാർക്കും ബുദ്ധിജീവികൾക്കുമൊപ്പം ചേർന്ന് പ്രസംഗിച്ചും രാജ്യത്തെ കനപ്പെട്ട മാസികകളിൽ എഴുതിയും ചാനലുകൾക്ക് അഭിമുഖം നൽകിയും സെക്കുലറിസത്തെ സംബന്ധിച്ചും സഹിഷ്ണുതയെ സംബന്ധിച്ചും കേരള ജനതയെ ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പണ്ട് ഇംഗ്ലീഷ് ഭാഷ ഹറാമും മലയാളം കുഫ്‌രിയത്താണെന്നും പറഞ്ഞ സുന്നികൾ ഇന്ന് ഇന്റർനാഷണൽ ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ നടത്തിപ്പുകാരാണ്. ഹദ്ദാദി, ഖാദിരിയ്യാ, രിഫായീ റാത്തീബുകൾ മുഴങ്ങിക്കേട്ട ദർസുകൾക്ക് പകരം ടിങ്ങ്ടോങ്ങ് ബെല്ലും, ടിങ്കിൾ ടിങ്കിൾ ലിറ്റിൽസ്റ്റാർ റെയ്മുകൾ ഒഴുകുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലാണ് സുന്നി ബാലകന്മാർ പഠിക്കുന്നത്. സുന്നികളെഴുതുന്ന മലയാളം വായിച്ച് ഗ്രഹിക്കണമെങ്കിൽ ശബ്ദതാരാവലി അടുത്ത് വെക്കണം. അത്രക്ക് പുരോഗമിച്ചിരിക്കുന്നു സുന്നികൾ. പണ്ട് അഹ്മദിയ്യാ സാഹിത്യങ്ങൾ വായിക്കുക പോയിട്ട് അതിന്റെ നാലയലത്തുകൂടി പോകാൻ മടിച്ച സുന്നികൾ, ഇപ്പോൾ അഹ്മദിയ്യാ സാഹിത്യങ്ങൾ രഹസ്യമായെങ്കിലും വായിക്കുന്നു. അഹ്മദികളുമായി അഭിപ്രായവ്യത്യാസങ്ങൾ ചർച്ച ചെയ്ത് മനസ്സിലാക്കാൻ സന്നദ്ധരാവുകയും ചെയ്യുന്നു. ചിലർ അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു. സുന്നി നേതാക്കന്മാർ അഹ്ദമിയ്യത്തിനെതിരെ പ്രചാരണം നടത്തുമ്പോഴെല്ലാം അവരുടെ അണികളിൽ അഹ്മദിയ്യത്തിനെക്കുറിച്ച് പുതിയ ഔത്സുക്യം വർദ്ധിച്ചു വരുന്നതായിട്ടാണ് അനുഭവം.

സുന്നികളുടെ അനിഷേധ്യനേതാവും അവരുടെ അമരക്കാരനുമായ സാക്ഷാൽ കാന്തപുരം ഏ.പി. അബൂബക്കർ മുസല്ല്യാർക്ക് ഇപ്പോഴുണ്ടായ മാറ്റം ഈസാനബി(അ)യെ സംബന്ധിച്ചുള്ളതാണ്. അദ്ദേഹം മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എഴുതിയ ലേഖനത്തിൽ ഈസാനബി(അ) മരിച്ചുപോയിരിക്കുന്നു എന്ന ഖുർആനിക സത്യം അംഗീകരിച്ചുകൊണ്ട് തന്റെ ലേഖനത്തിൽ പരസ്യമായി വിളംബരം ചെയ്തിരിക്കുന്നു. യാഥാസ്ഥിതിക മുസ്‌ലിം നിലപാടിൽ നിന്നും മാറി ചിന്തിച്ച ഏ.പി. ഉസ്താദിന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ അഭിനന്ദനങ്ങൾ.

***'ആൾ ദൈവങ്ങൾ ഇസ്‌ലാമിക വീക്ഷണത്തിൽ'*** എന്ന തന്റെ ലേഖനത്തിൽ മുസല്ല്യാരവർകൾ എഴുതുന്നു.

'വിഗ്രഹാരാധനയേയും ബഹുദൈവാരാധനയേയും രാജഭരണകൂടങ്ങളുടെ അപ്രമാദിത്തവാദത്തേയും ചോദ്യം ചെയ്ത **ഈസാ (അ)നെ മരണശേഷം** അനുയായികളിൽ വലിയ വിഭാഗം ദൈവപുത്രനാക്കി' (മാതൃഭൂമി 2007 ഫിബ്രവരി 18-24)

ഏറ്റവും കൂടുതൽ അനുയായികളാൽ ആരാധിക്കപ്പെടുന്ന ആൾദൈവമായ ഈസാനബി(അ) ന്റെ ദൈവത്വം ഇല്ലാതാക്കാൻ അദ്ദേഹം മരിച്ചുപോയി എന്ന പറയലാണ് ഏറ്റവും ശക്തവും ഫലപ്രദവുമായ വഴിയെന്ന് ബഹുമാനപ്പെട്ടവർ തിരിച്ചറിഞ്ഞിരിക്കുന്നു.

ഏറ്റവും വലിയ ശിർക്കിനെതിരെയുള്ള ആഗോളപോരാട്ടത്തിൽ മുസ്‌ലിംകൾ ഉയർത്തിപ്പിടിക്കേണ്ട ഏറ്റവും പ്രബലമായ വാദമുഖവുമിതാണ്. ഇതാണ് റസൂൽ തിരുമേനി(സ)യുടെ മാർഗ്ഗം. റസൂൽ തിരുമേനി (സ) ക്രിസ്ത്യാനികളുമായി നടത്തിയ ഒരേയൊരു സംവാദം ഇസ്‌ലാമിക പ്രമാണങ്ങളിൽ രേഖപ്പെടുത്തപ്പെട്ടതാണ്. സൂറ: ആലുഇംറാനിലെ എൺപതോളം സൂക്തങ്ങൾ അവതരിക്കാനുള്ള സബബുനുസൂൽ (അവതരണ കാരണങ്ങൾ) ഈ സംഭാഷണങ്ങളാണ്. നജ്റാനിൽ നിന്നും വന്ന ഒരു സംഘം ക്രിസ്തീയ മതനേതാക്കന്മാരോട് റസൂൽ തിരുമേനി നടത്തിയ സാരഗർഭമായ സംഭാഷണത്തിൽ ഏറ്റവും അധികം ഊന്നിപ്പറഞ്ഞത് ഈസാനബി(അ)ന്റെ നശ്വരതയും അദ്ദേഹത്തിന്റെ മരണത്തെ സംബന്ധിച്ചുമാണ്. ആ സംഭാഷണത്തിലെ ചില ഭാഗങ്ങൾ ഇപ്രകാരമാണ്.

***നബി അവരോട് ചോദിച്ചു: ഒരു പുത്രനും അവന്റെ പിതാവിനോട് സദൃശനാവാതിരിക്കില്ല എന്ന് നിങ്ങൾക്കറിയില്ലേ?***

*(ശേഷം 40-ാം പേജിൽ)*

## കുറിപ്പുകൾ

**മുസാഫിർ**

# വീണ്ടും അമേരിക്കൻ താണ്ഡവം

അമേരിക്ക വീണ്ടും അക്രമണത്തിന്റെ ആർപ്പുവിളിയും മസിൽ പ്രദർശനവുമായി വാർത്തകളിൽ നിറയുകയാണ്. ഇറാഖിനുശേഷം ഇറാൻ ആക്രമണമാണ് വിഷയം. ജൂതന്മാരുടെ പിന്തുണയോടെ ദജ്ജാലീശക്തി മുസ്‌ലിം ലോകത്തെ ആക്രമിക്കാനൊരുങ്ങുകയാണ്. എണ്ണ സമ്പന്നവും ഖനിജസമൃദ്ധവുമായ ഇറാൻ അമേരിക്കൻ വേട്ടക്കിരയാകാൻ ഇനി അല്പ നാളുകളുകൾ മാത്രം. വരുന്ന ഏപ്രിലിലോ അതിനടുത്ത നാളുകളിലോ അമേരിക്കയോ ഇസ്രായേലോ ഇറാനെ ആക്രമിക്കുമെന്ന് ഊഹം പരന്നിരിക്കുന്നു. അമേരിക്കയുടെ വിമാനവാഹിനികളടക്കമുള്ള വൻ സൈനിക കപ്പൽവ്യൂഹങ്ങൾ ഗൾഫിലേക്ക് നീങ്ങിക്കഴിഞ്ഞതായി റിപ്പോർട്ടുകളുണ്ട്. പതിനേഴ് വർഷങ്ങൾക്ക് മുമ്പ് ഒന്നാം ഗൾഫ് യുദ്ധകാലത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ ഓതിയ ഖുത്ബകളിൽ പറഞ്ഞ സിയോണിസ്റ്റു ഗൂഢാലോചനയുടെ രണ്ടാമൂഴത്തിന് പശ്ചിമേഷ്യയിൽ അരങ്ങൊരുങ്ങുകയാണ്. മനുഷ്യൻ മൃഗത്തേക്കാൾ അധഃപതിച്ചവനാണെന്ന് അടയാളപ്പെടുത്തുന്ന ഒരു കിരാതപർവ്വത്തിന്റെ അരങ്ങേറ്റം!!

കഴിഞ്ഞ അമേരിക്കൻ തിരഞ്ഞെടുപ്പിൽ ഇറാഖ് നയത്തിനെതിരെയുള്ള ജനങ്ങളുടെ വെറുപ്പ് വോട്ടായി മാറിയപ്പോൾ ബുഷിന്റെ റിപ്പബ്ലിക്കൻ പാർട്ടി തോറ്റമ്പിയതാണ്. പക്ഷേ പ്രസിഡണ്ടിന്റെ പദവി ഉപയോഗിച്ച് നിയോകൺസർവേറ്റീവ്സ് എന്ന ജൂതആഭിമുഖ്യമുള്ള ഒരു ഗൂഢസംഘം ഭരിക്കുന്ന അമേരിക്ക, ഇനിയുള്ള നാളുകളിൽ അവരുടെ പരിപാടികൾ വേഗത്തിൽ ചെയ്തുതീർക്കുകയാണ്. അമേരിക്കൻ പട്ടാളക്കാരിൽ തന്നെ വലിയൊരു വിഭാഗം അമേരിക്കൻ തീരുമാനത്തിൽ അസംതൃപ്തരാണ്. അമേരിക്ക ഇറാനെ ആക്രമിച്ചാൽ അമേരിക്കൻ സൈന്യത്തിൽ കലാപമുണ്ടാകുമെന്ന് റിപ്പോർട്ടുണ്ട്. അമേരിക്കയെ ഒരു സൂപ്പർ പവറാക്കാൻ നിയോകൺസർവേറ്റീവുകൾ ആവിഷ്കരിച്ച പ്രൊജക്റ്റ് ഓഫ് ന്യൂ അമേരിക്കൻ സെൻറുറി(PNAC) യുടെ പരിപാടികളുടെ പൂർത്തീകരണമാണ് ആസന്നമായ ഇറാൻ ആക്രമണം. നിയോകൺസർവേറ്റീവുകളുടെ പരമാചാര്യനായ അമേരിക്കൻ വൈസ് പ്രസിഡണ്ട് ഡിക് ചെനി, ഇപ്പോഴത്തെ വേൾഡ് ബാങ്ക് ഡയറക്ടർ, വുൾഫോ വിറ്റ്സ് മുൻ അമേരിക്കൻ പ്രതിരോധ സെക്രട്ടറി ഡോണാൾഡ് റംസ് ഫീൽഡ് മുതലായവരാണ് PNACയുടെ ഉപജ്ഞാതാക്കൾ.

ഇറാൻ ആണവ സമ്പുഷ്ടീകരണപദ്ധതിയിലൂടെ ആണവായുധങ്ങൾ നിർമ്മിക്കാൻ ശ്രമിക്കുകയാണെന്നാണ് ബുഷിന്റെ മുഖ്യമായ ആരോപണം. തങ്ങളുടെ നടക്കാത്ത ആഗ്രഹങ്ങൾ വലിയ വായയിൽ പറഞ്ഞ് ജിഹാദീ ആവേശത്തോടെ ബഹളമുണ്ടാക്കുക എന്നത് ഫണ്ടമെന്റലിസ്റ്റ് ചായ്‌വുള്ള മുസ്‌ലിം ഭരണാധികാരികളുടെ ശീലമാണ്. ഇറാൻ പ്രസിഡണ്ട് അഹ്മദ് നിജാദ് അത്തരക്കാരിലൊരാളാണ്. അന്തർദേശീയ നയതന്ത്രത്തിൽ അതുണ്ടാക്കുന്ന പ്രത്യാഘാതങ്ങളൊന്നും ഇത്തരം മുസ്‌ലിം ഭരണാധികാരികൾ ശ്രദ്ധിക്കാറില്ല. 'ഇസ്രായേലിനെ ഭൂപടത്തിൽ നിന്നും മായ്ചുകളയും' എന്ന് ഇറാൻ പ്രസിഡണ്ട് അഹ്മദ് നിജാദ് പറഞ്ഞത് ഇസ്രായേലിന്റെ നിലനില്പിന് ഭീഷണിയാണെന്നാണ് അമേരിക്കൻ വൈസ് പ്രസിഡണ്ട് ഡിക് ചെന്നിയുടെ ഭാഷ്യം. വാസ്തവത്തിൽ അമേരിക്കയേ പോലും നിലക്കു നിർത്താനുള്ള ആയുധശേഷി സ്വായത്തമാക്കിയ രാജ്യമാണ് ഇസ്രയേൽ. ആ രാജ്യത്തിന്റെ നിലനില്പ് ഇറാന്റെ ഭീഷണിക്കുമുമ്പിൽ അപകടത്തിലാകുന്നു എന്നാണ് അമേരിക്കയുടെ പ്രചാരണം. തങ്ങൾ ജൂതരാഷ്ട്രത്തിന് ഭീഷണിയല്ല എന്ന് അഹ്മദ് നിജാദ് ആവർത്തിച്ചു പറഞ്ഞിട്ടും ഇറാന്റെ ഊർജാവശ്യങ്ങൾക്കുള്ള ന്യൂക്ലിയർ പരിപാടി ഇസ്രായേലിന്റെ നിലനിൽപ്പിന് അപകടമാണെന്ന് പ്രചാരണം നടത്തുകയാണ് അമേരിക്ക. 'ഞാനല്ല കുളം കലക്കിയത്' എന്ന് പറഞ്ഞ ആട്ടിൻ കുട്ടിയെ 'എങ്കിൽ പിന്നെ നിന്റെ തന്തയായിരിക്കും' എന്ന് പറഞ്ഞ് പിടിച്ചുതിന്ന ചെന്നായയുടെ കഥ ഓർക്കുക. നിജാദ് ഇസ്‌റായേലിനെതിരെ ഭീഷണി മുഴക്കിയാലും ഇല്ലെങ്കിലും ഇറാന്റെ ന്യൂക്ലിയർ സ്ഥാപനങ്ങൾ തകർക്കാതെ ഇസ്രായേലിന് ഇരിക്കപ്പൊറുതി ലഭിക്കില്ല എന്നതാണ് വാസ്തവം. ഇറാന്റെ ആണവകേന്ദ്രങ്ങൾ ബോംബിട്ട് നശിപ്പിക്കുകയല്ലാതെ മറ്റുമാർഗ്ഗമൊന്നുമില്ല എന്നാണ് ഇസ്രയേലിന്റെ ഉപപ്രധാനമന്ത്രി അവിഗ്ഡോർ ലീബർമാൻ പറഞ്ഞത്. 1980ൽ ഇറാഖിലെ ഒസിറാക്ക് ന്യൂക്ലിയർ റിയാക്ടർ കേന്ദ്രം ബോംബിട്ട് നശിപ്പിച്ചതിന്റെ പാരമ്പര്യവും ഇസ്രയേലിനുണ്ട്. അന്ന് അമേരിക്കയുടെ പക്ഷത്തായിരുന്ന ഇറാഖിന്റെ ന്യൂക്ലിയർ കേന്ദ്രങ്ങൾക്ക് ബോംബ് ചെയ്യാൻ അമേരിക്ക ഇസ്രായേലിന് മൗനാനുവാദം നൽകുകയായിരുന്നു.

ഫിബ്രവരി 21ന് ചേർന്ന ഐക്യ

രാഷ്ട്ര സുരക്ഷാ സമിതിയുടെ ആക്ഷൻ കൗൺസിൽ ഇറാനോട് ആണവ സമ്പുഷ്ടീകരണപദ്ധതി നിർത്തിവെക്കാനാവശ്യപ്പെടുകയും അതിൽ പരാജയപ്പെട്ടാൽ യു.എന്നിന്റെ സാമ്പത്തിക ഉപരോധം ഏർപ്പെടുത്തുമെന്ന് താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്. പക്ഷേ ശക്തി ഉപയോഗിക്കണമെന്ന അമേരിക്കയുടെ നിർബന്ധത്തെ റഷ്യയും ചൈനയും ശക്തിയായി എതിർക്കുകയാണ് ചെയ്തത്. ഇറാന്റെ ആണവ സമ്പുഷ്ടീകരണപദ്ധതിക്ക് ആയുധ നിർമ്മാണവുമായി യാതൊരു ബന്ധവുമില്ലെന്ന് അന്തർ ദേശീയ ആണവ ഏജൻസി (IAEA) മേധാവി മുഹമ്മദ് അൽബറാദിയും വ്യക്തമാക്കുകയുണ്ടായി. ഇറാഖിനെതിരെ പച്ചക്കള്ളം പ്രചരിപ്പിച്ച് ആക്രമിച്ച അമേരിക്ക ഇറാൻ ആക്രമണത്തിന് പദ്ധതികൾ തയ്യാറാക്കിക്കഴിഞ്ഞു. ഈ മുൻതീരുമാനം നടപ്പാക്കാനും 'ഒന്നല്ലെങ്കിൽ മറ്റൊരു ആരോപണം ഉന്നയിച്ച് അതിനെ അവർ ന്യായീകരിക്കാൻ ശ്രമിക്കുക മാത്രമാണ് ചെയ്യുന്നത്.

ഇതിനെതിരെ മറ്റൊരു ശക്തമായ നീക്കം റഷ്യൻ പ്രസിഡണ്ട് വ്‌ളാദ്മീർ പുട്ടിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുണ്ട്. മ്യൂണിച്ചിൽ ഫിബ്രവരി രണ്ടാംവാരത്തിൽ ചേർന്ന സെക്യൂരിറ്റി കോൺഫറൻസിൽ അമേരിക്കയുടെ ഏകധ്രുവലോകത്തിന്നെതിരെ പുട്ടിൻ അസാധാരണമാംവിധം ആഞ്ഞടിക്കുകയുണ്ടായി. അമേരിക്കക്കെതിരെ ശീതയുദ്ധകാലത്ത് റഷ്യ ആവിഷ്കരിച്ച സൈനിക നയം വീണ്ടും തുടങ്ങി കഴിഞ്ഞുവെന്നാണ് പുട്ടിന്റെ കോളിളക്കം സൃഷ്ടിച്ച മ്യൂണിച്ച് പ്രസംഗത്തെ പറ്റി രാഷ്ട്രീയ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്. അത്രയും ശക്തമായ ഭാഷയിലാണ് പുട്ടിൻ അമേരിക്കക്കെതിരെ ശബ്ദിച്ചത്. ഇറാന്റെയും കൊറിയയുടേയും മിസൈൽ വിന്യാസത്തെയും ന്യൂക്ലിയർ പരിപാടികളേയും എതിർക്കുന്ന അമേരിക്ക യൂറോപ്പിലെ പഴയ സോവ്യറ്റ് യൂണിയന്റെ ഉപഗ്രഹ രാജ്യങ്ങളിൽ സൈനികതാവളം നിർമ്മിക്കുകയും മിസൈൽ വിന്യസിക്കുകയും ചെയ്യുന്ന ഇരട്ടത്താപ്പിനെതിരെ റഷ്യൻ പ്രസിഡണ്ട് തന്റെ പ്രസംഗത്തിൽ ശക്തമായ ഭാഷയിൽ അപലപിക്കുകയുണ്ടായി. ചെക്കസ്ലോവാക്യയിലും കിർഗിസ്ഥാനിലും മദ്ധ്യേഷ്യൻ റിപ്പബ്ലിക്കിലും അമേരിക്ക സൈനികതാവളങ്ങൾ നിർമ്മിക്കുന്നതിനെതിരെയും പുട്ടിൻ വിമർശിച്ചു. റഷ്യയുടെ സൈനിക ബജറ്റിനേക്കാൾ 20 ഇരട്ടി അധികമാണ് അമേരിക്കയുടെ സൈനിക ബഡ്ജറ്റ്. ഇതിനെ മറികടക്കാൻ റഷ്യ അടുത്ത ബജറ്റിൽ 189 ബില്ല്യൻ ഡോളറിന്റെ സൈനിക ചെലവ് ഉൾക്കൊള്ളിച്ചുകൊണ്ടാണ് പുതിയ ബജറ്റിന് രൂപം കൊടുത്തത്. സോവ്യറ്റ് യൂണിയന്റെ പഴയ റിപ്പബ്ലിക്കുകളിൽ 14 എണ്ണത്തിൽ പകുതിയും അമേരിക്കയുടെ നാറ്റോ സഖ്യത്തിൽ അംഗമായതും റഷ്യയെ ചൊടിപ്പിച്ചിട്ടുണ്ട്. അവിടങ്ങളിൽ നടന്ന തെരഞ്ഞെടുപ്പുകളിലെല്ലാം അമേരിക്കയുടെ ഇടപെടൽ പ്രകടമായിരുന്നു. ജയിച്ച ഭരണാധികാരികളേയും അമേരിക്ക വശത്താക്കിയിരിക്കുന്നു. അമേരിക്കയുമായി ഇടഞ്ഞുനിൽക്കുന്ന വെനിസുലയുമായും, ഇറാനുമായും റഷ്യക്ക് 700 മില്ല്യൻ ഡോളറിന്റെ ആയുധ ഇടപാടുണ്ടെന്ന കാര്യവും ശ്രദ്ധേയമായത്.

ഏതായാലും റഷ്യയുമായി അതിർത്തി പങ്കിടുന്ന ഇറാനെ അമേരിക്ക ആക്രമിച്ചാൽ റഷ്യ അത് കൈയ്യും കെട്ടി നോക്കിനിൽക്കുമോ? തൊട്ടടുത്ത് തന്നെ വൻശക്തിയായി വളർന്നുകൊണ്ടിരിക്കുന്ന ചൈനയും നിലകൊള്ളുന്നു. ഈ വൻശക്തികളുടെ ഏഷ്യൻ തട്ടകത്തിൽ അമേരിക്ക കയറിക്കളിച്ചാൽ അത് വമ്പിച്ച പ്രത്യാഘാതങ്ങളുണ്ടാക്കുമെന്ന് ലോകം ഭയക്കുന്നു. ●

---

*(40 -ാം പേജിൽ നിന്ന് തുടർച്ച)*

***അവർ പറഞ്ഞു: അറിയാം.***

***നബി: നമ്മുടെ റബ്ബ് ഒരിക്കലും മരണമില്ലാത്ത നിത്യജീവനാണെന്നും ഈസാനബി(അ)ക്ക് നാശം (ഫനാ) സംഭവിച്ചു എന്നും നിങ്ങൾക്കറിയില്ലേ? അവർ: അറിയാം.***

***നബി: ഇങ്ങനെയുള്ള ഒരാളെങ്ങനെയാണ് നിങ്ങൾ വാദിക്കുന്നത് പോലെ ദൈവമാകുക.***

***സംഘം മറുപടി പറഞ്ഞില്ല. (തഫ്സീറുൽ മുനീർ രണ്ടാം വാല്യം പേജ് 145-146)***

ഏറ്റവും വലിയ ശിർക്കിൽ അകപ്പെട്ട ക്രിസ്ത്യാനികളുമായി സംവദിക്കുമ്പോഴുള്ള പ്രവാചകമാതൃകയിലെ ഏറ്റവും പ്രബലമായ വാദം ഈസാനബി(അ)ന്റെ മരണമാണ്. മരിച്ചു എന്നല്ലാ പകരം 'ഫനാ' എന്ന വാക്കാണ് ജ്ഞാനികളിൽ വെച്ച് ഏറ്റവും വലിയ ജ്ഞാനിയായ റസൂൽ തിരുമേനി(സ) പറഞ്ഞത്. കാരണം 'മരിച്ചു' എന്നത് ക്രിസ്ത്യാനികളും അംഗീകരിക്കുന്നു. അതായത് കുരിശിൽ മരിച്ച് ജീവൻ പോയ മൃതശരീരം മൂന്ന് ദിവസത്തിനുശേഷം ഉയിർത്തെഴുന്നേറ്റു നിജ്യജീവനായി എന്നാണ് ക്രിസ്തീയ വിശ്വാസം. മരിച്ചതിനുശേഷം ഉയിർത്തെഴുന്നേറ്റു എന്ന ക്രിസ്തീയ വിശ്വാസത്തിന് പഴുത് കൊടുക്കാത്തവിധം ഈസാനബി(അ) മരിച്ചു മൃതശരീരം ജീർണനത്തിന് വിധേയമായി ഇല്ലായ്മയിലായിപ്പോയി (ഫന) എന്നാണ് റസൂൽ തിരുമേനി പറഞ്ഞത്. മുസ്‌ലിം പണ്ഡിതന്മാർക്ക് ഒന്നടങ്കം റസൂൽ തിരുമേനി(സ)യുടെ ഈ സംഭാഷണ ശകലങ്ങൾ ഹൃദിസ്ഥമാണെങ്കിലും ഈസാനബി(അ) ഇന്നും ജീവിച്ചിരിക്കുന്നുവെന്ന് ക്രിസ്ത്യാനികളെ പോലെ അവരും വിശ്വസിക്കുന്നു. കാന്തപുരം മുസല്യാർ ഈ മൂഢത്വത്തെയാണ് ധീരമായി നിഷേധിച്ചിരിക്കുന്നത്. നൂറ് വർഷങ്ങൾക്ക് മുമ്പേ അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് അഹ്മദ് (അ), ഈസാനബി(അ) മരിച്ചുപോയിരിക്കുന്നു എന്ന് ഇസ്‌ലാമിക പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ പറഞ്ഞപ്പോൾ മുസ്‌ലിം ഉലമാക്കന്മാർ അദ്ദേഹത്തിനെതിരെ കുഫ്ർ ഫത്‌വ പുറപ്പെടുവിക്കുകയുണ്ടായി. അവരിൽ നിന്നു വിഭിന്നമായിട്ടാണ് കാന്തപുരം ഉസ്താദ് ഇപ്പോൾ

# വാർത്തകൾ




*ഡോ. സാലെ മുഹമ്മദ് അലാഡിൻ (അമീർ, അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഹൈദരാബാദ്) കോഴിക്കോട് റീജനൽ സയൻസ് സെന്ററിൽ 'Motion of Moon' (ചന്ദ്രന്റെ ചലനം) എന്ന വിഷയത്തെക്കുറിച്ച് പ്രഭാഷണം നടത്തുന്നു.*



*നിലമ്പൂർ ചന്തക്കുന്നിൽ സംഘടിപ്പിച്ച നബികീർത്തന യോഗത്തിൽ മലപ്പുറം മേഖല അമീർ മുഹമ്മദലി മാസ്റ്റർ സംസാരിക്കുന്നു. മൗലവി എം. നാസിർ അഹ്മദ്, ഇ. അബ്ദുറഹിമാൻ തുടങ്ങിയവർ സമീപം.*

## അറിയിപ്പ്

ഖിലാഫത്ത് ശതവാർഷിക ജൂബിലി ഫണ്ടിലേക്ക് വാഗ്ദാനം ചെയ്തിട്ടുള്ളവർ അവരവരുടെ വാഗ്ദാനം എത്രയും വേഗം അടച്ചു തീർക്കേണ്ടതിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇതിൽ പങ്കെടുക്കുന്ന എല്ലാവരേയും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ഈ ധനത്യാഗം ചെയ്യുന്നവരെ അല്ലാഹു വരുംതലമുറയ്ക്ക് മാതൃകയാക്കിത്തീർക്കട്ടെ.

ഇതുവരെ ഈ ധനത്യാഗപരിപാടിയിൽ പങ്കെടുത്തിട്ടില്ലാത്തവർ അവരുടെ വാഗ്ദാനം തദ്ദേശ സെക്രട്ടറി മാലിനെ അറിയിക്കുക. ജസാക്കുമുല്ലാഹ്.

നാസിൽ ബൈത്തുൽമാൽ
ഖാദിയാൻ

## വഖ്ഫെ നൗ

കണ്ണൂർ മേഖലാ വഖ്ഫെനൗ കാരിയർ പ്ലാനിംഗ് കമ്മിറ്റി അംഗങ്ങളുടെ പേരുവിവരം താഴെ ചേർക്കുന്നു. വഖ്ഫെ നൗ കുട്ടികളുടെ രക്ഷിതാക്കൾ അവരുമായി ബന്ധപ്പെടുക.

സദ്ർ : എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ് (മേഖലാ അമീർ)

സെക്രട്ടറി : പി.എ. ബശീർ സാഹിബ് തലശ്ശേരി.


അംഗങ്ങൾ : മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ്, സദ്റുദ്ദീൻ മാസ്റ്റർ സാഹിബ്, പഴയങ്ങാടി. അഡ്വ. ജമീൽ അഹ്മദ് സാഹിബ്, കണ്ണൂർ. വഹീദാ സലീം സാഹിബ, കണ്ണൂർ.

നാഷണൽ സെക്രട്ടറി
വഖ്ഫെ നൗ, ഭാരത്

●

ലേഖനമെഴുതിയത്. പണ്ട് കുവൈത്ത് ഔഖാഫ് മന്ത്രാലയത്തിലെ ശൈഖിന്റെ മുന്നിൽ വെച്ച് മുജ-ജമ നേതാക്കന്മാരുമായി ഐക്യകരാറിൽ ഒപ്പിട്ട് നാട്ടിൽ തിരിച്ചെത്തിയ ഏ.പി. ഉസ്താദ് അതിലെ മഷി ഉണങ്ങുന്നതിന് മുമ്പേ തള്ളിപറഞ്ഞത് ചരിത്രമാണ്. അതായത് മഹാനവർകൾ മാറ്റിപറയലിന്റെ ഉസ്താദ് കൂടിയാണ്. കാന്തപുരം ആ ഞാണിമേൽ കളി ആവർത്തിക്കില്ല എന്ന് നമുക്ക് പ്രതീക്ഷിക്കാം. ഏതായാലും ഈസാനബി(അ) മരിച്ചുപോയിരിക്കുന്നു എന്ന ഖുർആനിക സത്യം ലോകത്തോടു വിളിച്ചു പറഞ്ഞ കാന്തപുരം ഏ.പി. അബൂബക്കർ മുസ്‌ലിയാർക്ക് അഹ്മദിയ്യാ ജമാഅത്തിന്റെ അഭിനന്ദനങ്ങൾ.

●


CABLE T.V EQUIPMENTS, DISH ANTENNA SALES AND SERVICES
New Signal
Electronics
5/3421 B-10, Ground Floor, Darussalam Shopping Complex
Mavoor Road, Calicut- 673 004
Stand View Building, Behind Municipal Bus Stand,
Kannur, Ph : 0497-2704145
M.T.A. കണക്ഷനുകൾക്ക് ബന്ധപ്പെടുക